അരവിന്ദൻ

മലയാളനാട്

ചീഫ് എഡിറ്റർ
എസ്. കെ. നായർ
എഡിറ്റർ
വി. ബി.സി. നായർ

2 nd April 1978 Phone: 2825, 3362

ലേഖനം

സാഹിത്യവാരഫലം
എം. കൃഷ്ണൻനായർ
ഒരു പരിഹാസനോവലിനെപ്പറ്റി
പി. വി. ജോർജ്ജ് ഇരുമ്പയം
ശില്പികളുടെ ചിരി
പി. സുബ്ബയ്യാപിള്ള
കേശവദേവ് എന്നെ നിത്യകാമുകൻ
സീതാലക്ഷ്മീദേവ്

കവിത

മഞ്ഞുതുള്ളികൾ
പി. കുഞ്ഞിരാമൻനായർ

കഥ

യുഗസന്ധ്യയിൽ
ഗീത ഇടപ്പള്ളി
തെന്മലയിലെ തേൻചാറ്
കെ. ബാലകൃഷ്ണൻ

പുഴസാക്ഷി
വിജയൻ കരോട്ട്

നോവൽ

ധർമ്മപുരാണം
ഒ. വി. വിജയൻ
കാമിനി പ്രിയകാമിനി
ഏകലവ്യൻ
ഈ നായ്ക്കളുടെ ലോകം
കാക്കനാടൻ

സ്ഥിരം പംക്തികൾ

ഗ്രന്ഥനിരൂപണം
വെണ്ണിവാസുപിള്ള
എം. ജി. കെ. നായർ
മുഖഭാഗചിത്രങ്ങൾ
വി. ബി. സി. നായർ
സിനിമ
എം.

സാഹിത്യവാരഫലം

പി. കൃഷ്ണൻനായർ

സാർത്രിന്റെ "വീ ക്ലോ" (Huis-Clos) എന്ന നാടകം ഈ ശതാബ്ദത്തിലെ സമുജ്ജ്വലങ്ങളായ നാടകങ്ങളിൽ ഒന്നായിട്ടാണ് പരിഗണിക്കപ്പെടുന്നത്. ഉഷ്ണശീതമാനത്തിനു സമീകരണംവരുത്തിയിട്ടുള്ള ഒരു മുറിയിൽ മൂന്നുപേരുണ്ട്; ഒരു മധ്യവയസ്കനും രണ്ടു പെണ്ണുങ്ങളും. അവർ മരിച്ചവരാണ്. മൂന്നുപേരും നരകമായ് ആ മുറിയിൽ എത്തിയിരിക്കുന്നു. പക്ഷേ, സാധാരണ സങ്കല്പത്തിനു യോജിച്ച നരകമല്ല അതു്. അവിടെ തിളപ്പിച്ച എണ്ണയിൽ പാപികളെ എടുത്തെറിയുന്നില്ല. ദാഹംകൊണ്ടു വലഞ്ഞവർക്കു വെള്ളം കൊടുക്കാതിരിക്കുന്നില്ല. അന്ധകാരമില്ല, ഭയജനകമായ അന്തരീക്ഷവുമില്ല. വൈദ്യുതദീപങ്ങൾ എപ്പോഴും കത്തിക്കൊണ്ടിരിക്കുകയാണവിടെ. അവ കെടുത്തണമെന്നു വിചാരിച്ചാൽ നടപ്പില്ല. ഒരിടത്തും "സ്വിച്ച്" വച്ചിട്ടില്ല എന്നതുതന്നെയാണ് കാരണം. കൂടുള്ളടെ ഒരു പരിചാരകൻ എങ്ങുനിന്നോ എന്നറിയാൻവയ്യാത്തവിധം അവിടെയെത്തും. മുറിയിൽ കഴിഞ്ഞുകൂടുന്നവർക്കു വേണ്ടതെല്ലാം അയാൾ കൊടുക്കും. രണ്ടുമൂന്നു ദിവസം അവർ പലതും പറഞ്ഞു് സമയം തള്ളിനീക്കി. പിന്നീടു് ഒന്നും പറയാനില്ല, പ്രവർത്തിക്കാനില്ല. ഒരേരീതിയിലുള്ള പ്രവർത്തനങ്ങൾ. അവ ആവർത്തിച്ചുവന്നപ്പോൾ മൂന്നുപേർക്കും വൈരസ്യമായി ആ വൈരസ്യത്തെക്കാളേറെ വൈഷമ്യമുളവാക്കിയതു് അന്യന്റെ സാന്നിദ്ധ്യമാണ്. ഒരാൾക്കു മറ്റു രണ്ടുപേരും യാതനയുളവാക്കുന്നു. ഈ തീവ്രവേദന സഹിക്കാനാവാതെ ഓരോ വ്യക്തിയും ആത്മഹത്യചെയ്യാൻ ആഗ്രഹിക്കുന്നു. എന്നാൽ ആത്മഹത്യ നരകത്തിൽ സാദ്ധ്യമല്ല. എന്നും അവിടെ വസിക്കാം, സ്വതന്ത്രജീവിതം ഇല്ലാതാക്കാൻ പറ്റില്ല. എല്ലാക്കാലത്തും അവർ ആ നരകത്തിൽ കഴിഞ്ഞുകൊള്ളണം. അതേ, മധ്യവയസ്കൻ പറയുന്നു:—For ever, and ever, and ever. എന്താണു് ചെയ്യേണ്ടതെന്നറിയാതെ അവർ തമ്മിൽത്തമ്മിൽ നോക്കുമ്പോൾ അയാൾ വീണ്ടും പറയുകയാണു്:—Well, well, let's get on with it... ഈ സന്ദർഭത്തിൽ നാടകത്തിൽ യവനിക വീഴുന്നു. "Hell is other people" (L'enfer, C'est les autres)—"നരകം മറ്റുള്ളവരാണു്" എന്നു് നാടകത്തിലെ ഒരു കഥാപാത്രത്തെക്കൊണ്ടു് ഉദ്ദീരണംചെയ്യിച്ചു് സാർത്രു് ലോകഗതിയുടെ സ്വഭാവം വ്യക്തമാക്കുകയാണു്. അസ്തിത്വവാദത്തോടു യോജിക്കാത്ത ഈ ലേഖകൻ സാർത്രിന്റെ ഈ ചിന്താഗതിയോടു യോജിക്കുന്നു. ഒന്നാലോചിച്ചുനോക്കൂ "നരകം മറ്റുള്ളവരാണു്" എന്ന പ്രസ്താവം പ്രത്യക്ഷരം ശരിയാണെന്നു ബോധപ്പെടും. തിളയ്ക്കുന്ന എണ്ണയിൽ എടുത്തെറിഞ്ഞാലും വേണ്ടില്ല; നിർഗ്ഗമനമാർഗ്ഗങ്ങളില്ലാത്ത മുറിയിൽ എല്ലാക്കാലത്തേയ്ക്കുമായി മറ്റുള്ളവരോടുകൂടി അടയ്ക്കപ്പെടുന്നതു് അസഹനീയമാണു്. നമ്മുടെ ഇഹലോകജീവിതം നരകമാക്കുന്നതു മറ്റുള്ളവർതന്നെയാണു്. ദൈവായത്തതയാൽമാത്രം വലിയ ഉദ്യോഗസ്ഥനായിമാറിയ ആളിന്റെമുൻപിൽ അയാളെക്കാൾ പതിന്മടങ്ങു ബുദ്ധിയുള്ള പാവപ്പെട്ട ക്ലാർക്കു് ഫയലുമായി ചെല്ലുന്നു. ഉദ്യോഗസ്ഥൻ അയാളെ നോക്കുകപോലും ചെയ്യാതെ മറ്റു ഫയലുകൾ മറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. ക്ലാർക്കിനെ വെറും "വസ്തു"വായി മാറ്റാനുള്ള യന്ത്രതിലാണു് ഉദ്യോഗസ്ഥൻ. ആ പാവത്തിനു് ആ "ഉദ്യോഗസ്ഥരാജാധിരാജൻ" other ആണു് നരകമാണു്. ആ "ദുഷ്പ്രഭുവിനെ" other ആക്കി മാറ്റാൻ ചില ക്ലാർക്കുകൾക്കെങ്കിലും കൗതുകംകാണും. തന്നെ നോക്കാത്ത ഉദ്യോഗസ്ഥന്റെ മേശപ്പുറത്തു ഫയൽ വച്ചിട്ടു് അയാൾ മുറിയിലുനിന്നു് ഇറങ്ങിപ്പോരുന്നു. അപ്പോൾ ആ ഉദ്യോഗസ്ഥൻ അല്പമായിട്ടെങ്കിലും "വസ്തു"വായിമാറും.....അധ്യാപികമാർ വിദ്യാർത്ഥിനികളെ റോഡിൽ വച്ചു കണ്ടാൽ, കണ്ടമട്ടു് നടിക്കാറില്ല. വിദ്യാർത്ഥിനികളെ വസ്തുക്കളായിക്കരുതാനാണു് ആ നാട്യം. അങ്ങനെയുള്ള അധ്യാപികമാർ ആ വിദ്യാർത്ഥിനികളെ സ്പർശിച്ചിടത്തോളം other ആണു്; നരകമാണു്. ഭാര്യയ്ക്കു ഭർത്താവു് അന്യനും (other) നരകവുമാണു്; ഭർത്താവിനു ഭാര്യ അന്യയും നരകവുംതന്നെ. other എന്നതിനെ നശിപ്പിക്കാൻവയ്യ അതുകൊണ്ടു് ഈ ലോകം നരകമത്രേ.

നരകതുല്യമായ ഈ ലോകത്തെയും അതിലെ ചില വ്യക്തികളെയും ശ്രീ. ജോയി തിരുമൂലപുരം "അശോകചക്രവർത്തിയും അച്ചുവും" എന്ന ചെറുകഥയിൽ (കലാകൗമുദി) കലാത്മകമായി ആലേഖനംചെയ്യുന്നു. ജീവിതത്തിന്റെ എല്ലാ കഷ്ടപ്പാടുകളും അനുഭവിക്കുന്ന ഒരു പാവം. ജോലിയില്ല; ഒരുനേരം കഞ്ഞികുടിക്കാനുള്ള വകയില്ല. അയാൾക്കു സ്നേഹിക്കാൻ ഒരു പെണ്ണുമാത്രമുണ്ടു്. അവൾക്കു് ഇങ്ങോട്ടും സ്നേഹമുണ്ടു്. പക്ഷേ, പ്രയാസങ്ങൾ അതിന്റെ തിളക്കംപോലും ഇല്ലാതാക്കുന്നു. അന്തരീക്ഷത്തിലൂടെ അതിവേഗം സഞ്ചരിക്കുന്ന "അശോകചക്രവർത്തി" എന്ന വിമാനം തകരുമ്പോൾ താൻകൂടി അതിലുണ്ടായിരുന്നെങ്കിൽ ഒരുലക്ഷം രൂപ തന്റെ ബന്ധുക്കൾക്കു കിട്ടുമായിരുന്നല്ലോ എന്നാണു് അയാളുടെ ആഗ്രഹം. പക്ഷേ, ഫലമെന്തു്? ആ പണം പങ്കിട്ടെടുക്കുന്ന ബന്ധുക്കൾ തമ്മിൽ കലഹിക്കും. താൻ അവകാശവുമായി അവരുടെ അടുക്കലെത്തിയാൽ "നീ പോടാ നീ മരിച്ചുപോയി" എന്നായിരിക്കും അവർ പറയുക. സാർത്രിന്റെ other ആയ ജനങ്ങൾ.

ജോയി കൈകാര്യം ചെയ്യുന്ന വിഷയത്തിനു പുതുമയില്ലെങ്കിലും പദങ്ങളുടെ സന്നിവേശവിശേഷംകൊണ്ടു് കഥയ്ക്കു നവീനതയുണ്ടാകുന്നു. അതിലെ സത്യം നാടകീയത ആവഹിക്കുന്നു. വായനക്കാരന്റെ ഹൃദയത്തേയും മനഃസാക്ഷിയേയും പിടിച്ചുകുലുക്കുന്ന കഥയാണിതു്, ഒരിടത്തും അത്യുക്തിയില്ല ഭാവനയുടെ സന്തതിയായി ഞാൻ ഇക്കഥയെ കാണുന്നു.

* * *

ഇന്നലെ, കാക്കയുടെ പുരീഷംകൊണ്ടു് വെളുത്തനിറമാന്ന വേലുത്തമ്പിയുടെ പ്രതിമയെ നോക്കിക്കൊണ്ടു് "ഇദ്ദേഹത്തിനു് ഈ നിലവന്നല്ലോ" എന്നു വിചാരിച്ചു ഞാൻ നില്ക്കുമ്പോൾ ഒരു യുവാവു് ഓടിവന്നു പറഞ്ഞു:— "സർ, ഞങ്ങൾ സാഹിത്യവാരഫലം പതിവായി വായിക്കുന്നവരാണു്. അതു രസകരമാണു്. വിശ്വസാഹിത്യത്തെക്കുറിച്ചു് പലതും ഞങ്ങൾ മനസ്സിലാക്കുന്നതു് അതിൽനിന്നാണു്. പക്ഷേ കുറച്ചുനാൾ സെമിനാറിൽ ഒരാൾ സാറിനെ നിന്ദിച്ചു് സംസാരിക്കുന്നതുകേട്ട ഇതു വിമർശനമേയല്ല എന്നാണു് അയാൾ പറഞ്ഞതു്. സാറ് മലയാളനാട്ടിലുടെ വ്യക്തമാക്കിക്കൊടുക്കണം, ഇതു വിമർശനമാണോ അല്ലയോ എന്നു്" ഞാൻ മറുപടിനൽകി:— ഇതു് വിമർശനമോ നിരൂപണമോ അല്ലെന്നു് ഞാൻ പലപ്പോഴും എഴുതിയിട്ടുണ്ടു്. ആളുകൾക്കു മുഷിച്ചിൽ കൂടാതെ വായിച്ചുപോകാൻ വേണ്ടി എഴുതുന്ന ഒരു "കോളം" മാത്രമാണിതു്. നിഷ്പക്ഷചിന്താഗതിയുള്ളവർ പ്രൗഢങ്ങളെന്നു വിശേഷിപ്പിക്കാറുള്ള ലേഖനങ്ങൾ ഞാൻ "മാതൃഭൂമി"യിലും "കലാകൗമുദി"യിലും "വീക്ഷണ"ത്തിലും എഴുതാറുണ്ടു്. കുറെപേരെയുന്നവർ അതു കാണുന്നുണ്ടാവണം. എങ്കിലും ആക്ഷേപിക്കാൻവേണ്ടി "സാഹിത്യവാരഫലം" മാത്രം തിരഞ്ഞെടുക്കുകയാണു്. എന്നിട്ടു് അതു നിരൂപണമല്ല, വിമർശനമല്ല എന്നു പറയും പത്രണ്ടടി നീളവും ആറടിപ്പൊക്കവുമുള്ള മനുഷ്യനെഴുതുന്നതു് അണുചൂണ്ടിക്കാണിച്ചുകൊണ്ടു് ഭക്ഷണംഗൽ പോലെ ഇരിക്കുന്നില്ലെന്നു പറയുക; കൊച്ചാറു ചൂണ്ടിക്കാണിച്ചിട്ടു് "ഹായ് ഗംഗാനദിയെ

പ്പോലിരിക്കുന്നി"ല്ലെന്നു" ഉദ"ഘോഷിക്കുക. ഏതെങ്കിലും കുടിലിലേക്കു വിരൽചൂണ്ടിയിട്ട് "താജ"മഹലിന്റെ സൗന്ദര്യമില്ലെ"ന്നു പ്രഖ്യാപിക്കുക. ഇതൊക്കെ ഒരു മാനസികരോഗമാണ്". ചികിത്സയില്ല ഇതിനു". അതിരിക്കട്ടെ ആരാണു" ഇതു പറഞ്ഞതു"?" ചെറുപ്പക്കാരൻ പേരുപറഞ്ഞു. ഞാൻ തുടർന്നു:– "ങ്ങ"ഹാ, പിന്നെ അത്ഭുതപ്പെടാനില്ല. എനിക്കു" അധികാരമുണ്ടായിരുന്ന ഒരു ഡിപ്പാർട്ട്മെന്റിലെ ജൂനിയർ ഉദ്യോഗസ്ഥനായിരുന്ന ഇയാൾ. പലപ്പോഴും വൈകിയേ ജോലിക്കെത്തു. ഞാൻ അയാളോടു നീരസം ഭാവിക്കുകയോ സമാധാനം ചോദിക്കുകയോ ചെയ്തിട്ടില്ല. അന്നും മലയാളനാട്ടിൽ ഞാൻ ഈ പംക്തി കൈകാര്യം ചെയ്തിരുന്നു. വൈകിവരുന്ന ദിവസം അയാൾ എന്റെ മുൻപിലെത്തി സാഹിത്യവാരഫലത്തിന്റെ പ്രയോജനത്തെപ്പറ്റിയും അതിലെ വാക്യങ്ങൾക്കുള്ള ഭംഗിയെപ്പറ്റിയും വാതോരാതെ സംസാരിക്കും. അതാൾ അന്നു കള്ളംപറഞ്ഞു. ഇന്നു സത്യംപറയുന്നു അത്രയുള്ളു. ഈ ലോകത്തു" ഉപകാരം ചെയ്യുന്നവരെ നിന്ദിക്കാനാളുണ്ടാവും. തെറ്റായരീതിയിൽ ഉപകാരംചെയ"്താൽ തീർച്ചയായും നിന്ദിക്കും. ജോലിക്കു കൃത്യസമയത്തു" എത്താത്തവനെ ശിക്ഷിക്കാതെ അയാൾക്കു മാപ്പുകൊടുക്കുന്നതു" തെറ്റായ ഉപകാരം ചെയ്യലാണു". അതിനാൽ ഞാൻ നിന്ദനത്തിനു വിധേയനാവുന്നു. ഈ മാന്യനെപ്പോലുള്ള മറ്റുള്ളവർക്കുവേണ്ടി അവസാനമായി അറിയിക്കട്ടെ. സാഹിത്യവാരഫലം "ലിറററിക്രിട്ടിസിസമല്ല", അതു" "ലിറററി ജർണ്ണലിസ്റ്റുമാണു". വിത്തിൽനിന്നു പൊട്ടിമുളച്ചുവരുന്ന കൊച്ചുചെടിയെ നിഷ"്പ്രയാസം പിഴുതെടുക്കാം. അതു വർഷങ്ങൾ കഴിഞ്ഞു" മഹാവൃക്ഷമാകുമ്പോൾ പിഴുതെടുക്കാൻ സാദ്ധ്യമല്ല. മനുഷ്യന്റെ വിദ്വേഷം മഹാവൃക്ഷമാണു".

* * *

പുരുഷനെയും സ്ത്രീയെയും താരതമ്യപ്പെടുത്തുമ്പോൾ ദാനവിമുഖത — പിശുക്കു" — സ്ത്രീക്കു കൂടുതലാണു". കൂട്ടുകുടി പുരുഷന്മാർ സിനിമാതിയററിലോ തീവണ്ടിയാപ്പീസിലോ ചെല്ലുമ്പോൾ ഒരാൾ എല്ലാവർക്കുംവേണ്ടി ററിക്കററ് എടുക്കുന്നു. മറ്റുള്ളവർ ററിക്കററിന്റെ തുക തിരിച്ചുകൊടുത്താലും ആദ്യംപണംകൊടുത്തയാൾ അതു വാങ്ങാറില്ല. നേരെ മറിച്ചാണു" സ്ത്രീയുടെ രീതി. സിനിമാബസ്സുകളിൽ കയറുന്ന സ"്ത്രീകൾപോലും കൂട്ടുകാരികളുടെ കൈയിൽനിന്നു" ഇരുപതും ഇരുപത്തഞ്ചും പൈസ പിന്നീടു പിരിച്ചെടുക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു". ഈ കൃപണതത്വം സാമാന്യസ്വഭാവമാണെങ്കിലും അപവാദങ്ങൾ—exceptions–ഇല്ലാതില്ല. അറുത്തകൈക്കു" ഉപ്പുവയ്ക്കാത്ത ഭയങ്കരനും ഉള്ള പണമെല്ലാം വാരിക്കൊടുക്കുന്ന മഹാമനസ"്കയും ഇവിടെയുണ്ടു". എങ്കിലും പിശുക്കു" എന്നതു" സ"്ത്രീയുടെ സാമാന്യസ്വഭാവമായി കരുതുന്നതിൽ തെററില്ല. സ്വഭാവത്തിനു" ഏതെങ്കിലും ന്യൂനതയുണ്ടായാൽ അതിനു പരിഹാരം വേണമല്ലോ. പ്രകൃതിയുടെ നിയമമാണതു". അതിനാൽ പണം കണ്ടമാനം ചെലവാക്കുന്ന പുരുഷൻ സംസാരിക്കുമ്പോഴും എഴുതുമ്പോഴും കുറച്ചു വാക്കുകളേ ഉപയോഗിക്കൂ. ദാനവിമുഖകളായ സ"്ത്രീകൾ ധാരാളം വാക്കുകൾ പ്രയോഗിക്കുന്നു. ചുരുക്കിപ്പറയാനും ചുരുക്കിയെഴുതാനും സ"്ത്രീക്കു വലിയ പ്രയാസമാണു". ധാരാളം പറയുന്നതുകൊണ്ടു" സംഭാഷണത്തിലും എഴുത്തിലും സമനവയം കാണുകയുമില്ല. മാതൃഭൂമിയിൽ മാനസി എഴുതിയ "ദേവീമാഹാത്മ്യം" എന്ന ചെറുകഥ നോക്കുക. പുരുഷനെ അങ്ങിങ്ങായി കഥാകാരി സ്തുതിക്കുന്നുണ്ടെങ്കിലും സ്ത്രീസ്വതന്ത്ര്യത്തിനു വേണ്ടിയുള്ള ആഹ്വാനമാണു" മാനസി അക്കഥയിൽ നടത്തിയിരിക്കുന്നതു". വാഗ്വൈഭവത്തിൽ ആഹ"്ലാദിക്കുന്ന ശ്രീമതി കലയെ വിസ"്മരിക്കുന്നു. അതുകൊണ്ടു ശുഷ"്കമായ പ്രബന്ധംപോലിരിക്കുന്ന അവരുടെ ദേവീമാഹാത്മ്യം. ആശയത്തിന്റെ ബന്ധമില്ലാത്ത, വാക്യങ്ങളുടെ ബന്ധം പ്രദർശിപ്പിക്കാത്ത ശുഷ"്കമായ പ്രബന്ധം.

ഒരു കന്യ" കഴുത്തിന്റെ പിൻഭാഗത്തു വച്ചു" അതിന്റെ രണ്ടററത്തും കെട്ടിത്തൂക്കിയ ബക്കററുകളിൽ വെള്ളം നിറച്ചുകൊണ്ടു" ഒരു സ"്ത്രീ, ചന്ദ്രൻ പ്രകാശിക്കുന്ന രാത്രിയിൽ ആശ്രമത്തിലേക്കു വരി

ലേഖനങ്ങൾ

പ്രൊ: എസ". ഗുപ്തൻനായർ, ഡോ: കെ. ഭാസ"്കരൻനായർ, കെ. പി. അപ്പൻ, നരേന്ദ്രപ്രസാദ്", തായാട്ടു" ശങ്കരൻ, തിക്കൊടിയൻ, പി. ടി. ഭാസ"്കരപ്പണിക്കർ, വി. ബി. സി, നായർ, കുഞ്ഞുണ്ണി...

കഥകൾ

വൈക്കം മുഹമ്മദുബഷീർ, എം. മുകുന്ദൻ, കാക്കനാടൻ, മോഹനവർമ്മ, പെരുമ്പടവം, കെ. ബാലകൃഷ്ണൻ, ടി. ആർ. സക്കറിയ, എം. പി. നാരായണപിള്ള...

കവിതകൾ

വൈലോപ്പിള്ളി. ബാലാമണിയമ്മ, പി. കുഞ്ഞിരാമൻനായർ, കടമ്മനിട്ട, നാലാങ്കൽ, അയ്യപ്പപ്പണിക്കർ, അക്കിത്തം, ഒ. എൻ. വി., പാലാ.....

❖

ഏകലവ്യന്റെ
"ലഘുനോവൽ"

❖

വിനോദം

വേളൂർ കൃഷ്ണൻകുട്ടി, പി. സുബ്ബയ്യാപിള്ള' സുകുമാർ...

ആകർഷകമായ മുഖചിത്രം

ഒറപ്രതി 2 കു.

മലയാളനാടു"
വിഷുവിശേഷാൽപ്രതി
1978

കയായിരുന്നു. ആ രണ്ടു തൊട്ടികളിലുമുള്ള ജലത്തിൽ ചന്ദ്രൻ പ്രതിഫലിച്ചുപെട്ടെന്നു കമ്പോടിഞ്ഞു് ബക്കറുകൾ താഴെവീണു. ജലം രണ്ടിൽനിന്നും ഒഴുകിപ്പോയി. അതോടെ പ്രതിഫലനവും ഇല്ലാതെയായി. സ്ത്രീ ആകാശത്തേക്കു നോക്കി കൈകൊട്ടിച്ചിരിച്ചു; അവൾ നൃത്തംവച്ചു. ആശ്രമത്തിലുള്ളവർ കാരണമന്വേഷിച്ചപ്പോൾ അവൾ പറഞ്ഞു:– "ബക്കറുകൾ മറിഞ്ഞതോടെ വ്യാജമായ പ്രതിഫലനം ഇല്ലാതായി. അപ്പോഴാണു് സത്യമായുള്ള ചന്ദ്രനെ ഞാൻ അന്തരീക്ഷത്തിൽ കണ്ടതു്. സത്യം കണ്ട ആഹ്ലാദമാണു് എന്നിലുള്ളതു്." മാനസിയമായ അനുഭവത്തെ നേരിട്ടനോക്കണം. ഗ്രന്ഥപാരായണത്തിൽനിന്നും ലഭിക്കുന്ന ആശയങ്ങൾ കഥയുടെ ചട്ടക്കൂട്ടിലൊതുക്കിയാൽ കലയുടെ മാന്ത്രികപ്രഭാവം കാണുകയില്ല.

* * * *

നമുക്കറിയാവുന്നതിനെ മാത്രം ഭാഷാപുനരാവിഷ്കരിച്ചാൽ അതു സാഹിത്യമാവുകയില്ല നമ്മൾ കണ്ടിട്ടില്ലാത്ത മണ്ഡലങ്ങളിലേക്കു് അതു നമ്മെ കൊണ്ടുചെല്ലണം. നമുക്കു് അതുവരെ ഉണ്ടായിട്ടില്ലാത്ത അനുഭവങ്ങളിലേക്കു് അതു നമ്മെ ആനയിക്കണം. ഇതിനൊക്കെ അസമർത്ഥമാണു് ചേപ്പാട്ടു് കൃഷ്ണൻ "മലയാളനാട്ടി"ലെഴുതിയ "താലി" എന്ന ചെറുകഥ. ഒരു ചെറുപ്പക്കാരിയുടെ അമ്മയെ വിവാഹംകഴിച്ച ഒരുത്തൻ ആ ചെറുപ്പക്കാരിയെത്തന്നെ പ്രാപിക്കുന്നതായി വർണ്ണിച്ചിട്ടുള്ള ഈ കഥയിൽ നവീനമായി ഒന്നുമില്ല. തകഴി ശിവശങ്കരപ്പിള്ള പറയാനുള്ളതു സി വി രാമൻപിള്ളയുടെ ഭാഷയിൽ പറയുന്നതുമല്ല. തങ്ങൾക്കു വ്യക്തമാക്കാനുള്ളതു വ്യക്തമാക്കാൻവേണ്ടി അവർ രണ്ടുപേരും സ്വകീയങ്ങളായ ശൈലികൾ കണ്ടുപിടിച്ചു. നമ്മുടെ ഇന്നത്തെ വാരികകളിൽ കഥകളെഴുതുന്നവർക്കു സ്വന്തമായ ശൈലിയോ സ്വന്തമായ ആശയമോ സ്വന്തമായ അനുഭവമോ ഇല്ല സാഹിത്യത്തിലെ ഓരോ വാക്കും അനുഭവംകൊണ്ടു സ്പന്ദിക്കുമ്പോഴാണു് കലയാവുന്നതു്. ചിത്രത്തിലെ ഓരോ നിറവും ഉത്കടവികാരംകൊണ്ടു തുടിക്കുന്നു. നിറം മാത്രമല്ല നിസ്സാരമെന്നു തോന്നുന്ന ഓരോ വിടവും ഓരോ ബിന്ദുവും അങ്ങനെതന്നെ. "That yellow rent on the sky over golgotha.....is a thing made from angiush, an anguish which has turned into a yellow rent in the sky and which is immediately submerged and thickened by the qualities appropriate to things" എന്നു് സാർത്രു് പറഞ്ഞതു് ഓർമ്മിച്ചാലും. [Jean Paul Sartre, Situations II. p. 61. മെർലോ പോങ്തിയുടെ The prose of the world എന്ന ഗ്രന്ഥത്തിൽനിന്നു് എടുത്തെഴുതുന്നതു്]

* * * *

ഞാനും അഡ്വീഷനൽ ചീഫ് സിക്രട്ടറി ശ്രീ. എസ്സ്; അനന്തകൃഷ്ണനും ഒരുമിച്ചു പഠിച്ചവരാണു്. ഒരു ബഞ്ചിൽ അടുത്തടുത്തു് ഇരുന്നു പഠിച്ചവർ. അദ്ദേഹത്തിന്റെ ഇന്നത്തെ നിലയെവിടെ? എന്റെ നിലയെവിടെ? എങ്കിലും അനന്തകൃഷ്ണൻ പഴയ കൂട്ടുകാരന്റെ മട്ടിൽത്തന്നെയാണു് എന്നോടു് ഇന്നും പെരുമാറുന്നതു്. നന്മയുള്ള മനുഷ്യർ അങ്ങനെയാണു്. അവർ പണ്ടത്തെ കാര്യങ്ങൾ മറക്കില്ല ഇപ്പോൾ ഇതെഴുതാൻ കാരണം "മനോരാജ്യ"ത്തിൽ അദ്ദേഹത്തിന്റെ അവിസ്മരണീയമായ ഒരു സംഭവം പ്രതിപാദിച്ചിരിക്കുന്നു എന്നതാണു്. സംഭവമെന്താണെന്നു് എട്ടത്തെഴുതി ആഖ്യാനത്തിന്റെ ശക്തിയും സംഭവത്തിന്റെ ഹൃദയസ്പർശകത്വവും ഞാൻ നശിപ്പിക്കുന്നില്ല. ആ നല്ല ലേഖനം വായിച്ചുനോക്കാൻ വായനക്കാരോടു് അഭ്യർത്ഥിക്കുക മാത്രമേ ചെയ്യുന്നുള്ളു.

കേരളത്തിൽ മാത്രമല്ല, ലോകത്തെവിടെയും ശംബളമാണു് "സ്റ്റേറസ്" സിംബൽ." അതുകൊണ്ടു് ശംബളക്കൂട്ടുതലുള്ളവനെയാണു് സമുദായം ബഹുമാനിക്കുന്നതു്. എന്നാൽ അതോടൊപ്പം ശംബളക്കൂട്ടുതലുള്ള ഉദ്യോഗസ്ഥനു് സാംസ്കാരിക കാര്യങ്ങളിൽ തൽപരത്വമില്ല എന്നൊരു ധാരണയുമുണ്ടു്, ഇതു തെറ്റിദ്ധാരണയാണു്. ഉന്നതരായ പല ഉദ്യോഗസ്ഥന്മാരും അദ്ധ്യാപകരായ ഞങ്ങളെക്കാൾ വായിക്കുന്നവരാണു്; അറിവുള്ള

ഒന്നു്

കടലിൽ മറുകര കണ്ടോരുണ്ടോ?
വാനിൻ മറുകര കണ്ടോരുണ്ടോ?
വെയിലേറു മഴയേറു കാറേറാറു–
വാനത്തിൻ
മറുകര പറാൻ തുഴഞ്ഞുപോയി,
ഇക്കരെമഞ്ഞാണു് അക്കരെയിരുളാണു്.
വഴിതെറ്റിത്തപ്പിത്തിരിച്ചുപോന്നു.
കടലിൽ മറുകര കണ്ടോരുണ്ടോ?
വാനിൻ മറുകര കണ്ടോരുണ്ടോ?

രണ്ടു്

വെൺമുകിൽ പറവങ്ങൾ മേയുന്നിതാ
കന്നിൻചെരുവിലെ പുൽപ്പരപ്പിൽ
ദൂരെപ്പടരുന്ന പാമ്പിൻകാവിൽ
സന്ധ്യാകുമാരി വിളക്കുവെച്ചു.
പാടുന്നിതോർമ്മയെയവിറക്കി
നീലയമുനതൻ കല്ലോലങ്ങൾ.
നീങ്ങുന്നിതാറിന്റെ ഇളംനിലാവിൽ
പായവിരുത്തും കടുതോന്നി

പഞ്ചേന്ദ്രിയങ്ങൾ

പി. കുഞ്ഞിരാമൻനായർ

മൂന്നു്

വീടും തൊടിയും കൈവിട്ടു
നെല്ലും പണവും കൈവിട്ടു
വീട്ടിക്കട്ടിൽ പൂമെത്ത
ഓണക്കോടികൾ കൈവിട്ടു
വിരലിൽ മോതിരമണിയിയ്ക്കും
കൈയും മെയ്യും കൈവിട്ടു.
എങ്ങുപോകുന്നിതളിടവഴിയിൽ
കരിമീൻ കണ്ണികാർകുഴലീ.

വരാണു്. ശ്രീ. അനന്തകൃഷ്ണൻ ഗ്രന്ഥപാരായണത്തിൽ ഉത്സുകനാണു്. "സെൻസിറിവിറി"യും കൃതജ്ഞതയും സ്നേഹവും നിറഞ്ഞ ഹൃദയം അദ്ദേഹത്തിനുണ്ടെന്നു് മനോരാജ്യത്തിലെ ലേഖനം തെളിവുതരുന്നു.

* * * *

നീലാന്തരീക്ഷത്തിലേക്കു് ഉയർന്നുപോകുന്ന സഹ്യപർവതത്തിന്റെ കൊട്ടുമുടികൾക്കു നീലനിറം. വേമ്പനാട്ടു കായലിൽ വീഴുന്ന നദികൾക്കെല്ലാം ആ കായലിന്റെ നിറംതന്നെ. കരമനയാറിൽ ചെന്നുചേരുന്ന കിള്ളിയാറിനു് കരമനയാറിന്റെ വൃത്തികെട്ട ചാരനിറം.

"എൻകൗണ്ടർ" മാസികയിൽ വരുന്ന ചെറുകഥയ്ക്കും ലേഖനങ്ങൾക്കും ഒരിക്കലും ഔജ്ജ്വല്യമില്ലാതിരിക്കില്ല. അതുപോലെ മനോരമ ആഴ്ചപ്പതിപ്പിൽ നല്ല കഥകൾ വരുമെന്നു് പ്രതീക്ഷിക്കേണ്ടതില്ല. കിള്ളിയാറിനു് അറേബ്യൻ സമുദ്രത്തിന്റെ നീലനിറം വരില്ലല്ലോ. പക്ഷേ അദ്ഭുതം സംഭവിച്ചിരിക്കുന്നു. മനോരമയിൽ "അവസാനം ഒരു രാത്രി" എന്നൊരു നല്ല കഥ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അമ്മുനമ്മാമരെ ഉപേക്ഷിച്ചു് ജോലിക്കു അന്യദേശത്തുപോയ യുവാവു് ആ ജോലി ഉപേക്ഷിച്ചു് തിരിച്ചു് അവരുടെ അടുക്കലെത്തുന്നു. അയാളുടെ ഏകാന്തതയും ദുഃഖവുമാണു് ഇതിലെ പ്രതിപാദ്യം, കഥാകാരന്റെ സാമർത്ഥ്യംകൊണ്ടു് ആ ഏകാന്തതയും വിഷാദവും വായനക്കാരന്റെ അനുഭവങ്ങളായി മാറുന്നു, ഈ നല്ല കഥയെഴുതിയതു് ശത്രുവാണു്. അദ്ദേഹം ശത്രുവല്ല മിത്രമാണു്.

* * * *

മനുഷ്യസ്വഭാവത്തിന്റെ ആധ്യാത്മികാംശത്തിനു പ്രാധാന്യം വരുമ്പോഴാണു് മനുഷ്യനു് അന്തസ്സുണ്ടാകുന്നതു് ആ അന്തസ്സിനെയാണു് പേറു മനുഷ്യർ ബഹുമാനിക്കുന്നതു്. ഗ്രസ്തിക്കാരൻ ഗാമയും വി

വേകാനന്ദസ്വാമിയും രണ്ടു കാലങ്ങളിൽ ജീവിച്ചവരാണു്. എങ്കിലും അവർ ഇപ്പോഴുണ്ടെന്നു വിചാരിക്കുക. അവർ നമ്മുടെ ഏതെങ്കിലും റോഡിന്റെ രണ്ടു വശങ്ങളിലായി നടക്കുന്നുവെന്നും കരുതുക. ബഹുജനം വിവേകാനന്ദന്റെ കാല്പൽ വീഴും. അദ്ദേഹത്തിന്റെ പാദങ്ങൾ തൊട്ടു് കണ്ണിൽവയ്ക്കും, ഗാമയെ നോക്കുകപോലും ചെയ്യുകയില്ലെന്നു് എനിക്കു തോന്നുന്നു. പക്ഷേ, ഇന്നത്തെ പത്രങ്ങൾ മനുഷ്യന്റെ കായികശക്തിക്കു് അമിതപ്രാധാന്യം നൽകുകയാണു്. സ്പോർട്സിൽ വിജയം വരിക്കുന്നവരെ അവർ സ്തുതിക്കുന്നു. അവരുടെ പടം അച്ചടിക്കുന്നു. അവരുടെ വിജയം വെണ്ടയ്ക്കാ അക്ഷരത്തിൽ റിപ്പോർട്ടുചെയ്യുന്നു. എന്നാൽ മനോഹരമായ ഒരു ഭാവഗാനമെഴുതിയവന്റെ പേരു പത്രത്തിൽ വരില്ല. അവന്റെ ആ കവിത പരസ്യപ്പെടുത്താൻ ഒരു പൃത്രാധിപരും സന്മനസ്സു് കാണിക്കില്ല. സ്പോർട്സിനു നല്കുന്ന ഈ പരമപ്രാധാന്യം നമ്മുടെ സംസ്കാരത്തിനുണ്ടാകുന്ന അപചയത്തിന്റെ ലക്ഷണമാണു്. അക്രമത്തെ ഒരു മതമെന്നപോലെ വളർത്തിക്കൊണ്ടുവരുന്നോർമൻ മെയ്ലർ എന്ന അമേരിക്കൻ നോവലിസ്റ്റു്, പ്രതിയോഗിയുടെ മുഖത്തടിച്ചു് അയാളുടെ പല്ലുകൾ കൊഴിക്കുകയും കവിളെല്ലുകൾ പൊട്ടിക്കുകയും ചെയ്യുന്ന മുഹമ്മദാലിയെക്കുറിച്ചു് Fight എന്നൊരു പുസ്തകമെഴുതിയിരിക്കുന്നു. ആകൃതിയിലും സ്വഭാവത്തിലും രാക്ഷസീയത പ്രകടിപ്പിക്കുന്ന ഈ നകതഞ്ചരാധിപനെ എങ്ങനെ വാഴ്ത്താനാണു്? ശാരീരികശക്തിക്കു് പ്രധാനത നല്കിയപ്പോൾ ഗ്രീസ് അധഃപതിച്ചു. മറ്റു പല രാഷ്ട്രങ്ങളും അതുപോലെ ജീർണ്ണിച്ചിട്ടുണ്ടു്. കായികമത്സരങ്ങൾക്കു അതിരു കടന്ന പ്രാധാന്യം നല്കുന്ന നമ്മൾ ജീർണ്ണതയിലേക്കു വീഴുകയാണു്.

* * *

ത്രിശങ്കുവിനുവേണ്ടി സ്വർഗ്ഗം സൃഷ്ടിച്ച വിശ്വാമിത്രന്റെ കഥ പദ്യമായി ആവിഷ്കരിക്കുകയാണു് ശ്രീ. വെണ്ണിക്കുളം. കഥയെല്ലാം വിരസമായി എഴുതിയതിനുശേഷം കവി പറയുന്നു:—

"സൃഷ്ടിച്ചാനൊരു നവ്യസ്വർഗമാ–
ദ്ധഃപ്രവൃത
നിഷ്ഠം പോൽത്രിശങ്കുവിനുള്ളാസ–
മുരുളുവാൻ,
ആകാശസാമ്രാജ്യത്തിൽക്കറങ്ങി–
ത്തിരികയാ
ണാരുമേ ഭരണിയരില്ലാത്ത രാജ–
ശ്രേഷ്ഠൻ.
ശ്രീഉള്ളൂനാം രവിവംശജാതനീ–
നരനത്രേ
രോക്കറിലാദ്യം വാനം ചുറ്റിയ–
യാത്രക്കാരൻ

വെണ്ണിക്കുളം എഴുതുമ്പോൾ വെറുതെ എഴുതില്ലല്ലോ. അപ്രഗല്ഭരെ ഉയർത്തുന്ന പ്രഗല്ഭരെയും മറ്റും അദ്ദേഹം ഈ വരികളിൽക്കൂടി കളിയാക്കുന്നുണ്ടാവും. അല്പം രാഷ്ട്രവ്യവഹാരവും കവി ഇതിൽ കലർത്തിയിട്ടുണ്ടെന്നു വിചാരിക്കുക. എങ്കിലും അവസാനത്തെ നാലുവരികളിലെ സോല്ലുണ്ടം മാത്രമേ ഹൃദ്യമായിട്ടുള്ളൂ. വെണ്ണിക്കുളത്തിന്റെ ഭാഷയിൽപ്പറഞ്ഞാൽ "കവി കൺമയക്കുന്ന രമ്യനിലാത്രം കണ്ട കവിയും മദംപൂണ്ട ക്ഷത്താട്ടം ശിഖാവള"മാണു്. ആ മയൂരത്തിന്റെ പീലിവിടർത്തിയുള്ള നൃത്തം ഇവിടെ കാണാനില്ല.

* * *

മാർച്ചു് 11, 12 ഈ തീയതികളിൽ ഞാൻ ശ്രീ. കെ. വിജയനെ കണ്ടു. ആദ്യത്തെ ദിവസം "കലാകൗമുദി"യുടെ എഡിറ്റർ ശ്രീ. എസ്. ജയചന്ദ്രൻനായരും രണ്ടാമത്തെ ദിവസം ശ്രീ നരേന്ദ്രപ്രസാദും ഉണ്ടായിരുന്നു. കലാസൗഭഗമുള്ള "ഖസാക്കിന്റെ ഇതിഹാസം" രചിച്ച ആകൃതിസൗഭഗമുള്ള വിജയൻ ചിരിച്ചുകൊണ്ടു ചോദിച്ചു:— "എന്തേ മി. ജി. എൻ. പണിക്കർ അങ്ങനെ എഴുതിയതു്?" ക്ഷോഭമോ വിരോധമോ ഇല്ലാത്ത ചോദ്യം. ശിശുവിനെപ്പോലെ നിഷ്കളങ്കനാണു് കെ. വി. വിജയൻ. അദ്ദേഹത്തിനു് ആരോടും ശത്രുതയില്ല. ഞാൻ ലാറൻസ് ഡൂറലിന്റെ ഒരു വാക്യം മറുപടിയായി നൽകി:— "The path of genius never runs smooth"

—o—

ഒരു പരിഹാസ നോവലിനെപ്പറ്റി

പി. വി. ജോർജ്ജ്, ഇരുമ്പയം

കഴിഞ്ഞ നൂറാണ്ടിൽ മലയാളത്തിലുണ്ടായ രണ്ടു പരിഹാസനോവല്കളാണു് 'പറങ്ങോടി പരിണയ'(1892)വും 'നാലുപേരിലൊരുത്തനും' (1893) ആദ്യത്തേതു് നോവലുകളെ പരിഹാസവിഷയമാക്കുമ്പോൾ രണ്ടാമത്തേതു് നാടകങ്ങളെയാണു് ശരവ്യമാക്കുന്നതു്. ഒരു സാഹിത്യരസികനായിരുന്ന കിഴക്കേപ്പാട്ടു രാമൻകുട്ടിമേനോന്റെ കൃതിയാണു് പറങ്ങോടി പരിണയം നാലുപേരിലൊരുത്തനാകട്ടെ നിരൂപകനും നോവലിസ്റ്റുമായിരുന്ന സി. അന്തപ്പായിയുടേതും. അന്തപ്പായി കൂട്ടത്തൽ പ്രസിദ്ധനും 20–ാംനൂറാണ്ടിലേക്കു കടന്നു് കൂട്ടത്തൽകാലം ജീവിച്ചിരുന്നയാളുമൊക്കെയായിട്ടും അദ്ദേഹത്തിന്റെ കൃതി കിട്ടാനില്ലാത്ത അവസ്ഥയിലാണു്. 'പറങ്ങോടിപരിണയം' പരിജീർണ്ണാവസ്ഥയിലെങ്കിലും ചില പഴയ ലൈബ്രറികളിലുണ്ടു്. അതേക്കുറിച്ചുള്ള ചില നിരീക്ഷണങ്ങൾക്കാണു് ഇവിടെ ഉദ്യമിക്കുന്നതു്.

1887–ൽ "കുന്ദലതയും" 1889–ൽ "ഇന്ദുലേഖയും" പ്രസിദ്ധീകരിച്ചതോടെ മലബാറിലെ സാഹിത്യാന്തരീക്ഷം പ്രസൂത കൃതികളെയും തുടർന്നുണ്ടായ ഇന്ദുലേഖാനുകരണങ്ങളെയും ഇംഗ്ലീഷ് നോവല്യുഗത്തെയുംകുറിച്ചുള്ള ചർച്ചകൾകൊണ്ടു മുഖരിതമായി. 1890–ൽത്തന്നെ ഇന്ദുമതി സ്വയംവരം, മീനാക്ഷി എന്നീ നോവല്കളും 1891–ൽ മാർത്താണ്ഡവർമ്മയും '92–ൽ പരിഷ്കാരപ്രാപ്തി, സരസ്വതീവിജയം എന്നിവയും പ്രസിദ്ധീകൃതമായി. (ഇവയിൽ മാർത്താണ്ഡവർമ്മയും പരിഷ്കാരപ്രാപ്തിയും തിരുവിതാംകൂറിൽ പ്രകാശംകണ്ട കൃതികളാകയാൽ മലബാറിൽ അത്രകണ്ടു ശ്രദ്ധിക്കപ്പെട്ടില്ല.) നോവല്യുഗത്തെ തീക്ഷ്ണം തീരക്ഷ്ണം കേരളത്തിൽ മറ്റൊരുമില്ലാത്തമാതിരി മലബാറിലും അതിന്റെ കേന്ദ്രമായ കോഴിക്കോട്ടും അനുഭവപ്പെട്ടു. നോവലായി കണക്കാക്കപ്പെട്ട കുന്ദലത മുതലിങ്ങോട്ടു് അക്കാലത്തു പ്രസിദ്ധീകരിച്ച കൃതികളിൽ പകുതിയിലേറെയും കോഴിക്കോട്ടാണു വെളിച്ചംകണ്ടതു്. നാളതുവരെ സംസ്കൃതകൃതികളും മണിപ്രവാളകാവ്യങ്ങളും മറ്റും ചർച്ചാവിഷയമായിരുന്ന സഹൃദയവേദികളെയെല്ലാം നോവൽ പിടിച്ചുകുലുക്കിയതു് പലർക്കും സഹിക്കാവുന്നകാര്യമായിരുന്നില്ല. ചന്തുമേനോന്റെ കൃതി കേവലം സാഹിത്യസൃഷ്ടിയെന്ന നിലയ്ക്കല്ല, ഇംഗ്ലീഷിന്റെ അനിഷേധ്യവക്താവെന്ന നിലയ്ക്കുകൂടിയാണു് രംഗപ്രവേശംചെയ്തതു്. സംസ്കൃതത്തോടും പഴമട്ടിലുള്ള പഠിപ്പിനോടും ആഭിമുഖ്യമുള്ളവരെ ഈ നവോത്ഥാനത്തിന്റെ പ്രവാചകൻ നന്നേ ഞൂണുപിടിപ്പിച്ചു. ഇന്ദുലേഖയുണ്ടായ അനുകരണങ്ങളാണെങ്കിൽ രാജാവിനേക്കാൾ രാജഭക്തിയുള്ളവരും ആയിരുന്നു! സരസപക്ഷിവിജയത്തിലും ഒരു ഭാഷാദ്ധ്യാപകൻ രചിച്ച മീനാക്ഷിയിൽപ്പോല്യും ആധുനികവിദ്യാഭ്യാസംനേടിയവർ വിജയഭേരിമുഴക്കിയതു് യാഥാസ്ഥിതികർ എങ്ങനെ പൊറുക്കും? സത്യത്തിൽ ഇന്ദുലേഖയും മാധവനുംതന്നെയാണു് അരങ്ങു തകർത്തതു്. പക്ഷേ, അവരെ നേരിടാൻ ആക്കു കഴിയും? നേരേ മറിച്ചു് ഇന്ദുലേഖയുടെ നിർജ്ജീവാനുകരണമായ "മീനാക്ഷി"വന്നതോടെ കാര്യം എളുപ്പമായി.

പ്പമായി. "സരസ്വതീവിജയ"വും കലാസൃഷ്ടിയെന്നനിലയ്ക്കു വിജയിച്ചില്ല. ഈ സാഹചര്യത്തിൽ സ്വതേ രസികനായ കിഴക്കേപ്പാട്ട രാമൻകുട്ടിമേനോൻ നാളതുവരെയുള്ള എല്ലാ മലബാർനോവലിസ്റ്റുകളെയും ഒന്നു ചതിയ്ക്കാൻതന്നെ തീരുമാനിച്ചു. മാർത്താണ്ഡവർമ്മയും പരിഷ്കാരപ്പ്രാന്തിയും ഘാതകവധവും മറ്റും അദ്ദേഹം കണ്ടിരുന്നില്ലായിരിക്കാം. 3. ഇന്ദുലേഖാസ്വാധീനത്താൽ ഇന്ദുമതീസ്വയംവരവും മീനാക്ഷിയും സരസ്വതീവിജയവും മറ്റ് അറിയപ്പെടാത്ത വല്ല കൃതികളുംകൂടി കണ്ടതോടെ രാമൻകുട്ടിമേനോന് സഹിക്കവയ്യാതായി. പോരെങ്കിൽ ഏതാണ്ടൊരുവർഷംമുമ്പ് വിദ്യാവിനോദിനിയിൽ ആഖ്യായിക അല്ലെങ്കിൽ നോവൽ എന്ന പേരിൽ വേങ്ങയിൽ കുഞ്ഞിരാമൻനായർ കളിയും കാര്യവുമായെഴുതിയ ലേഖനത്തിന്റെ സ്വാധീനവുമുണ്ട്. അതിൽ അദ്ദേഹം നോവലെഴുതാനുള്ള എളുപ്പവഴി നിർദ്ദേശിക്കുന്നു. 4. "കൊളത്തിൽ പോയതും നീർക്കോലിയെ കണ്ടതും" ഒന്നാമദ്ധ്യായം. "ഒരുണ്ണിതം" രണ്ടാമദ്ധ്യായം. "നമ്പൂതിരിയുടെ വിഡ്ഢിത്തവും ചങ്ങനെ ചെണ്ടകൊട്ടിച്ചതും" മൂന്ന്. നാലാമത്തേത് "ഒരാണ്ടിയുട്ട്". അഞ്ചാമത്തേത് മകൾ തിരണ്ടതും മരുമകൻ വക്കീലായതും." "കൊടുങ്ങല്ലൂരഭരണി" ആറാമദ്ധ്യായം "തോക്ക" ഉണക്കിയതും രസക്കയറു മുറിഞ്ഞതും" ഏഴ്. എട്ടാമദ്ധ്യായത്തിൽ "പറങ്ങോടിയുടെ പരിഭ്രമവും പങ്ങന്റെ പരിങ്ങലും". "പങ്ങൻ പറങ്ങോടനായതു" ഒമ്പതാമദ്ധ്യായവും കഴിഞ്ഞു. ഇങ്ങനെ ആവശ്യംപോലെ വദ്ധിപ്പിക്കാം. അല്ലെ

1. പടിഞ്ഞാറേക്കോവിലകത്തു് അമ്മാമൻതമ്പുരാന്റെ കൃതി. കിട്ടാനില്ല.

2. വിദ്വാൻ സി. ചാത്തുനായർ രചിച്ചതു്.

3. ഇവയൊഴിച്ചു് അറിയപ്പെട്ടിട്ടുള്ള ഏതല്ലാല നോവലുകളെയെല്ലാം പറങ്ങോടി പരിണയത്തിൽ പരാമർശിക്കുന്നുണ്ടു്.

4. 1066 ധനു ലക്കം വിദ്യാവിനോദിനി.

മനസ്സുവെച്ചാൽ ഈ അദ്ധ്യായങ്ങൾ തമ്മിൽ ഒരുവിധം ഘടിപ്പിപ്പാനും സാധിക്കുന്നതാണു്. അവസാനം പറങ്ങോടിക്കു ചങ്ങനും പങ്ങനും സംബന്ധം അനേഷിച്ചു, പങ്ങൻ കാര്യം പറഞ്ഞു എന്നു വരണം. അതിൽ അവക്കു ചാപ്പനെന്നും ചീരുവെന്നും രണ്ടു മക്കൾ ഉണ്ടായിയെന്നും അവരെല്ലാവരും "ആയുരാരോഗ്യ സമ്പൽക്ഷേമാദികളോടുകൂടി ചിരകാലം ജീവിച്ചിരുന്നു"എന്നുംകൂടി ഉണ്ടായാൽ വളരെ വെടിപ്പായി. കഥയും കഴിഞ്ഞു. ആകപ്പാടെ ഒരു നോവലും ആയി. പുസ്തകത്തിനു് "പറങ്ങോടി പരിണയം" എന്ന പേരും ഇട്ടേക്കണം. കാര്യത്തിനു് എത്ര എളുപ്പം. ഈ വിദ്യ ഇതുവരെ ആരും കണ്ടുപിടിച്ചില്ലല്ലോ കഷ്ടം!"

ഈ വിദ്യ രാമൻകുട്ടിമേനോൻ ഒന്നു പരീക്ഷിക്കാമെന്നുംവച്ചു. കേസരിയുടെ ലേഖനത്തിന്റെ ആദ്യഭാഗം പരിഹാസനിർഭരമാണെങ്കിലും ഉത്തരാർദ്ധത്തിൽ, നോവൽ എന്തു്—എങ്ങനെ എന്നും മറ്റും ഗൗരവപൂർവ്വം എഴുതുന്നുണ്ടു്. രാമൻകുട്ടിമേനോൻ അതിൽ ആദ്യഭാഗത്തെ പരിഹാസംമാത്രം സ്വീകരിക്കുകയും പ്രധാന കഥാപാത്രങ്ങളുടെയും ആദ്യത്തെ എട്ടദ്ധ്യായങ്ങളുടെയും പേരുകൾ അതേപടി ഉപയോഗിക്കുകയുംചെയ്തു. കേസരി നിർദ്ദേശിച്ചമാതിരി ഗൗരവപൂർവ്വം ഒരു നോവലെഴുതാൻ തയാറാകാഞ്ഞതു് രാമൻകുട്ടിമേനോനു് നോവലുകളോടും അവ കൊണ്ടുവന്ന പാശ്ചാത്യാശയങ്ങളോടും തോന്നിയ അമർഷംകൊണ്ടാവണം. ചന്തുമേനോൻ സുപ്രസിദ്ധമായ 18–ാം അദ്ധ്യായത്തിലൂടെ (ഇന്ദുലേഖ) ഇംഗ്ലീഷ് വിദ്യാഭ്യാസം, ആധുനികാശയങ്ങൾ നിരീശ്വരത്വം തുടങ്ങി മിക്ക വിഷയങ്ങളും തുറന്ന ചർച്ചയ്ക്കു വിധേയമാക്കുകയും ഇംഗ്ലീഷു വിദ്യാഭ്യാസത്തോടും മറ്റും ആഭിമുഖ്യം പ്രകടിപ്പിക്കുകയും ചെയ്തപ്പോൾ രാമൻകുട്ടിമേനോൻ തന്റെ കൃതിയിലെ പതാമദ്ധ്യായത്തിനു് "ഒരു സംഭാഷണം അല്ലെങ്കിൽ പതിനെട്ടാമദ്ധ്യായം" എന്ന പേരിട്ടു് ഇന്ദുലേഖയിലെ ഗൗരവമുള്ള ചർച്ചയ്ക്കു് വിലകുറഞ്ഞ ഒരു ഫാസ്യാനുകരണം, ഏതാണ്ടതിന്റെ പകുതി ദൈർഘ്യത്തിൽ തന്നെ, ചമയ്ക്കുകയും അതിലൂടെ ഇംഗ്ലീഷിനെതിരെ സമരകാഹളം മുഴക്കുകയുമാണു്. അപ്പോൾ എന്താണു മനസ്സിലാക്കേണ്ടതു്? ആധുനികചിന്തക്കും നവോത്ഥാനത്തിനുമെതിരെ ദുർമ്മുഖം കാട്ടിയ യാഥാസ്ഥിതികരുടെ ഒരു പ്രതിനിധിയായിരുന്ന 'പറങ്ങോടി പരിണയ'കർത്താവു്. ഇംഗ്ലീഷിലൂടെയും ആധുനികവിദ്യാഭ്യാസത്തിലൂടെയും 19–ാം നൂറ്റാണ്ടുത്തരാർദ്ധത്തോടെ കേരളത്തിൽ അണതകർത്തൊഴുകിത്തുടങ്ങിയ നവോത്ഥാനത്തിന്റെ പ്രവാഹത്തെ തടഞ്ഞുനിർത്താനുള്ള ഒരു പ്രക്ഷീണപരിശ്രമമായിരുന്ന സത്യത്തിൽ പറങ്ങോടി പരിണയം. മീനാക്ഷി, സരസ്വതീ വിജയം തുടങ്ങിയ ഇന്ദുലേഖാനുകരണങ്ങളെ മാത്രമാണ രാമൻകുട്ടിമേനോൻ പരിഹസിച്ചതെങ്കിൽ അതു് അനുകരണസമ്പ്രദായത്തെയോ ദുർബ്ബലാനുകരണങ്ങളെയോ മാത്രം പരിഹസിക്കാനെഴുതിയതാണെന്നു വിചാരിക്കാമായിരുന്നു. 5 പക്ഷേ, അതല്ല സ്ഥിതി. ഇന്ദുലേഖയെത്തന്നെയാണു് ഒട്ടേറെ പരിഹസിക്കുന്നതു്. ചന്തുമേനോൻ മുഴക്കിയ ആധുനികതയുടെ ശബ്ദവും ഇന്ദുലേഖയും മാധവനും പ്രതിനിധാനം ചെയ്യുന്ന ഇംഗ്ലീഷ്വിദ്യാഭ്യാസത്തിന്റെയും സ്വതന്ത്രചിന്തയുടെയും അന്തരീക്ഷവുമാണു് ചെറുപ്പക്കാരനായ പറങ്ങോടി പരിണയകർത്താവിനെ ചൊടിപ്പിക്കുന്നതു് എന്ന വസ്തുത, നമച്ച മനസ്സു്, ഏതു പ്രായത്തിലും ഉണ്ടാകാമെന്നതിനു തെളിവത്രേ. 6 എക്കാലത്തുമെന്നപോലെ അന്നും പുതിയ ചിന്താഗതികളെയും പുതിയ പഠിപ്പിനെയും എതിർത്തിരുന്നവർ ധാരാളമുണ്ടായിരുന്നെന്നും ആ സമൂഹത്തെയാണു് പറങ്ങോടി പരിണയം പ്രതിഫലിപ്പിക്കുന്നതെന്നും വിചാരിക്കാം. ഏതു നോവലിനുമെന്നപോലെ പറങ്ങോടിപരിണയത്തിനും ഒരു സാമൂഹ്യപശ്ചാത്തലമുണ്ടു്. അതു് ഈ യാഥാസ്ഥിതികസമൂഹത്തിന്റേതാണെന്നു മുൻപേ സൂചിപ്പിച്ചുകഴിഞ്ഞു.

ഇതുപയോഗിച്ചുകൊണ്ടു് പറങ്ങോടിപരിണയത്തിലെ പരിഹാസം ദുർബ്ബലമാണെന്നു വിചാരിക്കേണ്ടതില്ല. ഇന്ദുലേഖയെപ്പോലെതന്നെ പ്രസിദ്ധീകരിച്ചു മൂന്നുമാസത്തിനകം ഒന്നാംപതിപ്പു വിറ്റുതീരാൻ മാത്രം ആസ്വാദകരിൽ അതു താല്പര്യമുണർത്തി. 'മീനാക്ഷി'യെ പരിഹസിക്കുന്നഭാഗങ്ങൾശക്തവും ആകർഷകവുമായിട്ടുണ്ടു്. ഉള്ളടക്കം കേസരിയുടെ ലേഖനഭാഗത്തിൽനിന്നു് ഏതാണ്ടൊന്നു വ്യക്തമായല്ലോ. പരിഹാസനോവലാകയാൽ ഇതിവൃത്തത്തെക്കുറിച്ചു് അധികമൊന്നും ആലോചിക്കണമെന്നില്ല. മേൽക്കളങ്ങരെ പങ്ങമാരാരുടെ മകളും മരുമകനുമായ പറങ്ങോടി പറങ്ങോടന്മാർ "ബാല്യത്തിൽ തന്നെ അന്തഃകരണ വിവാഹം കഴിച്ചിട്ടുണ്ടു്. എന്നു് എട്ടാമദ്ധ്യായത്തിൽ പറയുന്നു. ഇതു് ഇന്ദുലേഖാമാധവന്മാരുടെ 'അന്തഃകരണവിവാഹ'ത്തെ പരിഹസിക്കാനാണെന്നു സ്പഷ്ടം. മീനാക്ഷിയില്ലുമുണ്ടു് നായികാനായകന്മാരുടെ അന്തഃകരണവിവാഹം. പറങ്ങോടമാരാർ ഇന്ദുലേഖാമീനാക്ഷികളിലെ നായകന്മാരെപ്പോലെതന്നെ പഠിച്ചുവക്കീലാകുന്നു. പറങ്ങോടി മറ്റേ നായികമാരെപ്പോലെ ഇംഗ്ലീഷും തുന്നലും പഠിച്ചു വീട്ടിലിരുന്നു, പുസ്തകം വായനയിലും നായകനെ തൊപ്പി തുന്നികൊട്ടുക്കുന്നതിലും രസം കണ്ടെത്തുന്നു. അങ്ങിനെയിരിക്കെ പറങ്ങോടിക്കുട്ടിക്ക കണ്ടപ്പമ്മാമന്റെ മകൻ പങ്ങശ്ശമേനോനെക്കൊണ്ടു വിവാഹമാലോചിക്കുന്നു. ഇന്ദുലേഖയേയും മീനാക്ഷിയേയുംകാൾ എത്രയോ തന്റേടിയായ പറങ്ങോടി ഇതറിഞ്ഞ ക്ഷണം മദ്രാസിലുള്ള പറങ്ങോടനെ, വിവരവും ഉടൻ വന്നതന്നെ വേട്ടകൊണ്ടുപോകണമെന്നും എഴുതി അറിയിക്കുന്നു. കത്തു കിട്ടിയ ഈ നായകനും മറ്റേ നായകന്മാരെപ്പോലെ തന്നെ പല ഗോഷ്ടികളും കാട്ടി നാട്ടിലേക്കു

5 മീനാക്ഷി പോലുള്ള നിർജ്ജീവാനുകരണങ്ങളെ തടയാനാണു് പറങ്ങോടി പരിണയം രചിച്ചതെന്നു് മഹാകവി ഉള്ളൂർ, കേരള സാഹിത്യചരിത്രം വാല്യം 5; പു. 304 (രണ്ടാംപതിപ്പു്), പറയുന്നു. അവിടെ പങ്ങമാരാരെ ചങ്ങമാരാരാക്കിയതിലും 10–ാം അദ്ധ്യായത്തിൽ സ്ത്രീകൾ ഇംഗ്ലീഷു പഠിക്കേണ്ടതിന്റെ ആവശ്യം വ്യക്തമാക്കുന്നു എന്നു പറഞ്ഞതിലും സൂക്ഷ്മക്കുറവുണ്ടു്.

6 'കേരളസാഹിത്യചരിത്ര'മനുസരിച്ചു മേനോൻ 34–ാം വയസ്സിൽ ഇതു രചിക്കയും 36–ാം വയസ്സിൽ അന്തരിക്കയും ചെയ്തു.

തിരിക്കുന്നു. മീനാക്ഷി കാരണവരെപ്പോലെ ഈ നായകൻ വഴിക്കു് ചില പോലീസുകാരെയും കൂട്ടിയാണു രാത്രി വീട്ടിലെത്തിയതു് എന്നതിനാൽ മീനാക്ഷിയിലെപ്പോലെ മോഷ്ടിക്കാനോ പോലീസും മറ്റും വരുന്നതോ, കാത്തു് വീട്ടിൽ നിന്നിരുന്ന കള്ളന്മാരെ നിഷ്പ്രയാസം പിടികൂടാനും അവർക്കൊക്കെ "ബിസ്കോത്തും ചായയും" നല്കാനും സാധിക്കുന്നു. ഇതിനിടക്കു് "ഒരു സംഭാഷണം അല്ലെങ്കിൽ പതിനെട്ടാമദ്ധ്യായം" എന്ന പത്താമദ്ധ്യായം കടന്നുപോവുകയും അതിൽവെച്ചു് പങ്ങശ്ശേമനോൻ തന്റെ അമ്മയോടു് (കണ്ടപ്പമ്മാമന്റെ സഹോദരി ഇട്ടിച്ചിരിയമ്മ) ഇംഗ്ലീഷുപഠിപ്പും കൂറവല്ലാത്ത ധിക്കാരവുമുള്ള പറങ്ങോടിയെ തനിക്കു വേണ്ടെന്നും പുതിയ പഠിപ്പു ശ്രദ്ധമേ അസംബന്ധമാണെന്നും പറയുന്നു. അയാൾ ഇംഗ്ലീഷറിയാത്ത നല്ലൊരുവളെ വേൾക്കുകയും ചെയ്യുന്നു. മദ്രാസിൽ നിന്നെത്തിയ പറങ്ങോടൻ തല്ലുകൂടി ഭീഷണിയൊന്നും കാണായ്കയാൽ ഉടനേ വിവാഹം വേണ്ടെന്നും അതു 'കോർട്ടിങ്' കാലമാണെന്നും പറഞ്ഞു മടങ്ങുന്നു. "എന്റെ പ്രിയമേറിയ വായനക്കാരേ! നിങ്ങളോടു് ഒന്നുമാത്രം പറഞ്ഞു് ഈ പുസ്തകം ഞാൻ ഇപ്പോൾ അവസാനിപ്പിക്കുന്നു. നമ്മുടെ സ്ത്രീകളെ ഇംഗ്ലീഷുപഠിപ്പിച്ചാൽ പറങ്ങോടിക്കുട്ടിയെപ്പോലെ അധികപ്രസംഗികൾ ആകുമെന്നോ ഇപ്പോൾ ഉള്ള ചെറുപ്പക്കാരായ ഇംഗ്ലീഷുകാർ പറങ്ങോടന്മാരെപ്പോലെ അവ്യവസ്ഥിതചിത്തന്മാരെന്നോ ഞാൻ സിദ്ധാന്തിക്കുന്നില്ല. നമ്മുടെ സ്ത്രീകൾക്കു ഇംഗ്ലീഷു പഠിച്ചതുകൊണ്ടുമാത്രം യോഗ്യത സിദ്ധിക്കുന്നതല്ല..." ഇങ്ങനെ ഒരു മദ്ധ്യമാർഗ്ഗമാണ ഗ്രന്ഥകാരൻ സ്വീകരിക്കുന്നതെങ്കിലും ഇന്ദുലേഖയിൽ ഇംഗ്ലീഷ്ഭിജ്ഞർ പൊതുവേ മോശക്കാരാണെന്നതുപോലെ പറങ്ങോടീപരിണയത്തിൽ ഇംഗ്ലീഷറിയാവുന്നവർ ചപലരും അഹങ്കാരികളും മറ്റുമായാണു കാണപ്പെടുന്നതു്. പറങ്ങോടീ—പറങ്ങാടന്മാർക്കു് ഇംഗ്ലീഷു പഠിപ്പില്ലായിരുന്നെങ്കിൽ ഏതാണ്ടു സമപ്രായക്കാരനും ബന്ധുവുമൊക്കെയായ പങ്ങശ്ശേമേനോനെപ്പോലെ അവരും വകതിരിവും മര്യാദയും ബുദ്ധിശക്തിയുമുള്ളവരാകുമായിരുന്നു. സംസ്കൃതത്തിനു പകരം ഇംഗ്ലീഷാണു പഠിച്ചിരുന്നതെങ്കിൽ പങ്ങശ്ശേമേനോൻ മറ്റൊരു പറങ്ങോടനാകുമായിരുന്നു എന്നും ഉറപ്പിക്കാം! ഇതു ചന്ദുമേനോന്റെ നിലപാടിനു നേരേ വിപരീതമാണു്. ഇന്ദുലേഖാമാധവന്മാരുടെ മേന്മ ഇംഗ്ലീഷുപഠിപ്പിനെയാണു മുഖ്യമായും ആശ്രയിക്കുന്നതെന്ന കാര്യത്തിൽ ചന്ദുമേനോനു സംശയമില്ല. ഇംഗ്ലീഷറിയാത്ത ഇന്ദുലേഖ സുരിനമ്പൂതിരിപ്പാടിനു ഒരു പന്നിക്കുഞ്ഞിനെപ്പോലെ അറയിൽ യഥേഷ്ടം പിടിച്ചിട്ട ബാന്ധവിക്കാമായിരുന്ന ഒരു ഭോഗവസ്തുമാത്രം! സ്വതന്ത്രമനസ്സോ ആധുനികാശയങ്ങളോ ഒന്നുമില്ല, പക്ഷേ, അപകടം! അവളുടെ തലയിൽ ഇംഗ്ലീഷും തൽഫലമായി പല ആശയങ്ങളും കടന്നുകൂടിയിരിക്കുന്നു. "യുവജനഹൃദയം സ്വതന്ത്രമാണെ"ന്നു തെളിയിക്കാൻ പോന്ന ഹരിയാണവൾ. മാധവന്റെ സ്ഥിതിയും ഇതുതന്നെ. നോവലിന്റെ ആരംഭത്തിൽ തറവാട്ടു കാരണവരെ എതിർത്തു സംസാരിക്കാൻ വേണ്ട കരുത്തു് അയാൾ കാണിക്കുന്നു—അതൊരു ഭ്രകമ്പം സൃഷ്ടിക്കുന്നു! നോക്കൂ ഇംഗ്ലീഷ് വരുത്തിവെച്ച വിനകൾ! ഇവയ്ക്കെതിരെയാണു് രാമൻകുട്ടിമേനോൻ ഒരു കൈ നോക്കുന്നതു്. ചന്ദുമേനോന്റെ കഥാപാത്രങ്ങളിൽ ശ്രേഷ്ഠർ ഇംഗ്ലീഷറിയുന്നവരാണെങ്കിൽ തന്റെ കഥാപാത്രങ്ങളിൽ ശ്രേഷ്ഠത കാണിക്കുന്നവർ ഇംഗ്ലീഷറിയാത്തവരാണു്. ചന്ദുമേനോൻ ഇംഗ്ലീഷിനും ആധുനികാശയങ്ങൾക്കുംവേണ്ടി അറുപതിൽപ്പരം പേജുകളുള്ള ഒരു 'സംഭാഷണ'മെന്ന പതിനെട്ടാമദ്ധ്യായം രചിച്ചെങ്കിൽ അതേപേരും മുപ്പതിൽപ്പരം പേജുമുള്ള പത്താമദ്ധ്യായം പറങ്ങോടീപരിണയകാരൻ രചിച്ചതു് ഇംഗ്ലീഷു പഠിപ്പിനെയും അതു പഠിപ്പിച്ചവരെയും ആക്ഷേപിക്കാനാണു്.

ഇന്ദുലേഖയെ സുരിനമ്പൂതിരി വേട്ട കൊണ്ടുപോയെന്നു കേട്ട താപാക്രാന്തനായ മാധവൻ ദുഃഖശമനത്തിനു ദേശാടനം നടത്തുകയും കൽക്കട്ടയിൽവെച്ചു് കാഴ്ച ബംഗ്ലാവിൽനിന്നു ചാടിയ അപകടകാരിയായ നരിയെ വെടിവെച്ചുവീഴ്ത്തുകയും ചെയ്യുന്നുണ്ടെങ്കിൽ മദ്രാസിൽനിന്നു തന്റെ പ്രിയയെ കാണാൻ പാഞ്ഞുവന്ന പറങ്ങോടമാരാർ പോരുംവഴി ഇടക്കവണ്ടിമാറിക്കയറാൻ സംഗീതശ്രമംകൊണ്ടു മറക്കുകയാൽ ബാംഗ്ലൂരെത്തികാഴ്ചബംഗ്ലാവിൽ സിംഹങ്ങൾ കടിപിടികൂടിക്കൂട്ടു ഭേദിച്ചു പുറത്തു ചാടിയപ്പോൾ അവയെ വെടിവെച്ചിടുന്നുണ്ടു്. ഇങ്ങനെ ഇന്ദുലേഖയെ നാനാവഴിക്കു് പരിഹാസമാർഗ്ഗേണ നേരിടുകയാണു് രാമൻകുട്ടിമേനോൻ ചെയ്യുന്നതു്. ഇന്ദുലേഖാ സ്വാധീനവും ചന്ദുമേനവന്റെ സ്ഥാനമാനങ്ങളും കണ്ടു പരിഭ്രമിച്ചു അദ്ദേഹത്തിനു് നേരിട്ടൊരാക്രമണം ബുദ്ധിമുട്ടായി തോന്നിയിരിക്കണം. അപ്പോൾ, മീനാക്ഷി തുടങ്ങിയ ഇന്ദുലേഖാനുകരണങ്ങളെ പരിഹസിക്കയാണെന്ന ഭാവത്തിൽ മൂലകൃതിയെ തന്നെ ആഞ്ഞടിച്ചതാവാം അദ്ദേഹം. "എരുമയെച്ചാരി പോത്തിനെ വെട്ടുക" എന്നൊരു ചൊല്ലുണ്ടല്ലോ. ഇന്ദുലേഖയെ ആക്രമിക്കാൻ തദനുകരണങ്ങളുടെ സഹായം തേടിയെന്നുമാത്രം. മഹാകവി ഉള്ളൂർ പോലും അതു മനസ്സിലാക്കിയില്ലെന്നതിൽ നിന്നും അദ്ദേഹത്തിന്റെ തന്ത്രം വിജയിച്ചു എന്നും വിചാരിക്കാം. ഇന്ദുലേഖയെപ്പോലെ തന്നെ ആദ്യകാലത്തു പ്രചാരം നേടിയ പ്രസ്തുത കൃതി പഴമയുടെ വക്കാലത്തു പിടിക്കുന്നവർക്കു് എക്കാലവും സംഭവിക്കുന്നതുപോലെ ക്രമേണ വിസ്മൃതിയിലാണ്ടു മീനാക്ഷി സരസപതിവിജയം എന്നിവയെ പരിഹസിക്കുന്ന പല ഭാഗങ്ങളും പറങ്ങോടീപരിണയത്തിലുണ്ടു്. കുന്ദലതയെപ്പോലും ഒരു സന്ദർഭത്തിൽ ആക്ഷേപിക്കുന്നുണ്ടു്. അവ, വിശേഷിച്ചും മീനാക്ഷീപരിഹാസം വിശദീകരിക്കാൻ ഒരു പ്രത്യേകലേഖനം തന്നെവേണം. ഇവിടെ വ്യക്തമാക്കാനുദ്ദേശിച്ച ആശയം, പല സാഹിത്യകാരന്മാരും രേഖപ്പെടുത്തിയിട്ടുള്ളതുപോലെ മീനാക്ഷി തുടങ്ങിയ അപ്രധാനകൃതികളെയല്ല, ഇന്ദുലേഖയെയും അതുളവാക്കിയ പുരോഗമനപരമായ ആശയങ്ങളേയും സമീപനത്തേയും തന്നെയാവണം പറങ്ങോടീപരിണയകർത്താവു് പരിഹാസകേന്ദ്രമാക്കിയതെന്നത്രേ.

—o—

NBS NEWS

പല്ലക്കിന്റെ ശാപം

ഉണ്ണിക്കൃഷ്ണൻ പുതൂർ

അനന്യലബ്ധമായ സിദ്ധിക്കു് നിദർശനമായ 21 മികച്ച കഥകൾ. വില 6.50

പേടിസ്വപ്നങ്ങൾ

സേതു

അനുവാചകനെ അമേയാനുഭൂതിയിലാഴ്ത്തുന്ന പത്തു കഥകൾ വില 6-00

വേഷങ്ങൾ

രാജാമണി

ഉജ്ജ്വലമായ ജീവിതദർശനം. അതിനെ ഭാവഗംഭീരമായി രാജാമണി ഇതിലെ കഥകളിൽ ആവിഷ്കരിക്കുന്നു. വില 5-50

ദിവാസ്വപ്നം

വി. കെ. ബാലചന്ദ്രൻ

സംഘട്ടനങ്ങളും സംഘർഷങ്ങളും നിറഞ്ഞ നാടകം. വില 2-50

ജയിച്ചു, പക്ഷേ,

വി. ഭാസ്കരൻനായർ

നർമ്മത്തിന്റെ പുത്തിരി കത്തിക്കുന്ന പ്രശ്നനിഷ്ഠമായ മറ്റൊരു നാടകം. വില 3-00

നാഷണൽ ബുക്ക് സ്റ്റാൾ

കോട്ടയം – 686001

ഋതുസന്ധ്യയിൽ

ഓർമ്മകൾ. നഷ്ടപ്പെടാത്ത ഓർമ്മകൾ, അവയുടെനേരെ നിസ്സംഗയാകേണ്ടതു് മറ്റാരുമല്ലെന്നറിഞ്ഞിട്ടും

പുറംതോടുകളെല്ലാം നഷ്ടപ്പെട്ട, തന്നിലെ ആദിരൂപം ഇവിടെയെത്തുമ്പോൾ ചിറകടിച്ചാർക്കരുതെന്നു് കരുതിയിരുന്നതാണു്. എന്നിട്ടും സത്യത്തിന്റെ മുഖാഭിമുഖമെത്തിയപ്പോൾ വിളറാതെനില്ക്കാതിരിക്കാനാവില്ലെന്നു വന്നിരിക്കുന്നു.

പൂമുഖവാതിൽ ശബ്ദത്തോടെ കരഞ്ഞു് തുറന്നപ്പോൾ, ഭയന്നു് മിഴികളിറുകെ പൂട്ടി. കുറഞ്ഞപ്പെടുത്തുന്ന മുഖങ്ങൾ അപ്പുറത്തു് കാത്തുനില്പുണ്ടാവുമെന്നു്, ശബ്ദത്തിന്റെയൊരു പ്രളയം പോയ കാലത്തിന്റെ തടവറ ഭേദിച്ചു് ഒഴുകിയെത്തിയേക്കുമെന്നു് സംശയിച്ചു. ഏറെനേരം കാത്തുനിന്നതിൽപ്പിന്നെയാണു് കണ്ണു തുറന്നു നോക്കാൻ, ബിന്ദുക്കളിലൊന്നായി ശ്രുതിപടർത്താൻ ധൈര്യപ്പെട്ടതു്.

പിടച്ചിലുകൾ ഒട്ടൊന്നമർന്നു് സ്വസ്ഥമാകാൻതുടങ്ങിയ ചേതനയോടെ അകത്തു കടന്നു. ഞെട്ടിക്കുന്ന മൗനമായിരുന്നു. ഭയം നിശ്വാസങ്ങളും പാദചലനങ്ങളും ഒഴുകെ എങ്ങുമില്ല നേർത്തൊരു ശബ്ദം.

എന്നിട്ടും അറിയാതെ കാതോർത്തു

ദേവീ...ഈ ശബ്ദം അനന്തതയിൽ നിന്നൊഴുകിവരുംപോലുള്ള ഈ ശബ്ദം .....താൻ എങ്ങനെയിതു് മറക്കാൻ ശ്രമിച്ചു!

ദേവീ, ഒടുവിൽ നീ വന്നു. എത്ര വർഷങ്ങളായി ഞാനിവിടെ കാത്തിരിക്കുന്നു. ഇവിടെ, നീ ഓടിയകന്നപ്പോൾ വീണുവളർന്ന ഈ നിശ്ശബ്ദതയിൽ.

ഞാൻ വരുമെന്നു് എങ്ങിനെ അറിഞ്ഞു?

എവിടെപ്പോയാലും നിനക്കു് തിരിച്ചുവരാതിരിക്കാനാവുമോ, ദേവീ?

—ഈശ്വരാ! എന്റെ മനസ്സാണോ, ഈ പറഞ്ഞതു്?

ദേവീ...

ഉം!

നീ ഒരുദിവസം വരും എന്നതുമാത്രമായിരുന്നു എന്റെ അറിവു്,

ഇത്രനാളും എനിക്കുവേണ്ടി കാത്തിരിക്കാൻ അങ്ങയ്ക്കെങ്ങിനെ കഴിഞ്ഞു?

മറ്റെന്തിനാണു് എനിക്കാവുന്നതു്?

ഇവിടെ, ഈ പൂമുഖത്തിരുന്നായിരുന്നു സ്വപ്നങ്ങൾ മെനയുന്നതു്, കളിചിരികൾ പങ്കിട്ടതു് നിലാവിന്റെ ചൈതന്യമുൾക്കൊണ്ട രാവുകൾ. അദ്ദേഹം പറയുമായിരുന്നു—

നീയൊരു പൊട്ടിച്ചിരിയാണു്. കോടതിയിൽ വാക്ധോരണി ഉതിർന്നുനില്ക്കുന്ന മുഹൂർത്തങ്ങളിൽ ഓരോ വാക്കിനു് പിന്നിൽ ഈ പൊട്ടിച്ചിരിയുണ്ടാകും.

സ്നേഹത്തിനു്, മമതയ്ക്കു് എന്തൊരു ഭാഷമായിരുന്നു!

"നമുടെ മോളെ ആരാക്കണം?"

മോളോ!"

"അതെ. എന്തേ?"

"മോളാണെന്നു് എങ്ങനെ തീർച്ചപ്പെട്ടു?"

"മോൾ മതിയെന്നതുകൊണ്ടുതന്നെ. പോരെന്നുണ്ടോ?"

—ഇല്ല, തനിക്കായി മറ്റൊരു സ്വപ്നമുണ്ടാവില്ല.

"മതി,"

അവൾ മാത്രം?"

"അതും സമ്മതിച്ചു."

ചിരിച്ചുപോയി. ഇതാണു് പ്രകൃതം. ഓരോ കസ്തൂരികൾ പറഞ്ഞുകൊണ്ടിരിക്കുക. എല്ലാറ്റിനുമടിയിൽ ഒരേ സ്വപ്നത്തിന്റെ ഏകതാനത. ഒരേ താളം! ഉരുക്കഴിക്കാനാകാത്ത പ്രണവമന്ത്രം. ഒരസ്സർശത, ഒരാവാച്യത. നിർവൃതിയാണിതു് പ്രപഞ്ചത്തിന്റെ താളമാകെ ഉറഞ്ഞുകൂടിയ നിർവൃതി. മഞ്ഞണിഞ്ഞ പ്രഭാതത്തിന്റെ പവിത്രത. താളാത്മകമായ മൗനത്തിലൂടെ ഇരുവരും മുഖത്തോടുമുഖംനോക്കി. അനാദികാലത്തെ പഴക്കമാന്ന ഒരു വികാരത്തിന്റെ സാന്ദ്രത ചുറ്റും ഒഴുകിനടന്നു. ചലനംതുടിക്കുന്ന മുകത്തയിലൂടെ ഒരു ലയനം, അകലാനാവാതെ. ഒന്നുമാത്രം. മറ്റൊന്നില്ല.

ചുരുണ്ട മുടി പാറിക്കിടക്കുന്ന മുഖം അയാളുടെ മാറിലമർന്നു.

നമ്മുടെ മോൾ നിന്നെപ്പോലിരിക്കും. ഒരുപക്ഷേ, നിന്നേക്കാൾ സുന്ദരി. നക്ഷത്രങ്ങളെ തടവിലാക്കിയ, നിന്റെ മിഴിക

കഥ

ഗീത, ഇടപ്പള്ളി

ളും, ഒരുക്കം നഷ്ടപ്പെടാത്ത പൊട്ടിച്ചിരിയും."

"അമ്മുന്റെ വാചാലതയും കസ്തൂരികളുംകൂടിവേണം."

"നമുക്കു് അവളെ ആരാക്കണം?"

"അവളുടെ ഇഷ്ടംപോലെ."

"അതു പറ്റില്ല."

അവളുടെ മുഖം പിടിച്ചുയർത്തി ഉറ്റുനോക്കിക്കൊണ്ടയാൾ വീണ്ടും പറഞ്ഞു.

"അതു പറ്റില്ല."

"എന്തേ?"

"നമുക്കവളെ വാർത്തെടുക്കണം."

"അതിനൊക്കുമോ?"

"എന്താ സാധിക്കാത്തതു്?"

അയാളുടെ കൈത്തലംപിടിച്ചുകറ്റി അവൾ മുഖംകനിച്ചിരുന്നു.

"പറയൂ."

—പറയാം. പറയാതെ പറ്റില്ല. എന്നെങ്കിലും...എല്ലാവർക്കുമുണ്ടൊരുദിവസം പിടിക്കപ്പെടുന്ന ദിവസം അന്നു് പുറംതോടുകളെല്ലാം ഊരിവീഴും.

"ഞാനൊരു പെൺകുട്ടിയെക്കുറിച്ചോർക്കുകയായിരുന്നു."

"ഏതു് പെൺകുട്ടി?"

ഏതുമാകട്ടെ അവൾക്കു് അച്ഛനും അമ്മയുമുണ്ടായിരുന്നു. എന്നിട്ടും അവൾ അവളായിമാത്രം വളർന്നു. മറ്റാരോ ആകേണ്ടതായിരുന്ന താനെന്ന വ്യർത്ഥമോഹത്തോടെ അവളെന്നകൂട്ടിയോടൊപ്പംനിന്നു", കഴുത്തിലൂടെ കൈചുറ്റി അരികിൽ ചേർത്തുപിടിച്ചു് അകലേക്കു് വിരൽചൂണ്ടി—

ദാ, ഈ വഴിയിലൂടെ നീ നടക്കൂ. എന്നാരും അവളോടു് പറഞ്ഞില്ല. അവൾ ആരാകണമെന്നു് ആരും സങ്കല്പിച്ചില്ല.

"അച്ഛനും അമ്മയും?"

അമ്മയ്ക്കു് മനസ്സിലൊളിപ്പിക്കാനൊരു ദുഃഖമുണ്ടായിരുന്നു. ആ ദുഃഖത്തിന്റെ ഇതളുകൾ കണ്ടെടുക്കാൻമാത്രമായിരുന്നു അച്ഛന്റെ ജീവിതം. അവർ പരസ്പരം തടവറ നിർമ്മിച്ചു് ഓരാൾ മറ്റൊരാളെ തടവിലാക്കി

വീണ്ടും പഴയ നിശ്ശബ്ദത. താളാത്മകത നഷ്ടപ്പെട്ട, താളക്കേടുകൾ ഉൾക്കൊണ്ട നിശ്ശബ്ദത. "ആ തടവറ ഭേദിക്കാൻ എത്ര ശ്രമിച്ചിട്ടും എനിക്കു് കഴിഞ്ഞില്ല"

"നീ ഏകയായിരുന്നു. പക്ഷേ, ഇനി ഒരിക്കലും നിനക്കു് നിന്റെ ഏകാന്തത മടക്കിക്കിട്ടില്ല."

അവൾ മുഖമുയർത്തി. തീരാത്ത സംശയത്തിന്റെ നനവൂറുന്ന മിഴികൾ.

"നിന്റെ ജീവിതം ഞാൻ താളാത്മകമാക്കും."

അവൾ തേങ്ങുകയായിരുന്നു. കരച്ചിലടക്കാൻ പണിപ്പെടുകയായിരുന്നു. അതറിഞ്ഞയാൾ പറയാനാഞ്ഞതു് തിരിച്ചൊതുക്കിവച്ചു—

നിന്റെ വിധി നമ്മുടെ മകളിൽ തുടരാതിരിക്കാൻ നാം ശ്രദ്ധിക്കണം.

പ്രതീക്ഷയ്ക്കു് കരുത്തേറിയതുകൊണ്ടാവാം സാക്ഷാത്കാരം അകന്നകന്നുപോകുന്നതു്. ഇനിയും എത്രയകലെയാകാമതു്! കാത്തിരിപ്പിനു് നീളമേറിയപ്പോൾ അദ്ദേഹത്തിന്റെ അമ്മ പൊട്ടിയടരുകയായിരുന്നു—

"എന്റെ ഇച്ഛാശക്തി ഇവിടെ പരാജയപ്പെടുകയാണെന്നോ?"

വിലപ്പെട്ടൊരു സമാനത്തെച്ചൊല്ലി ദുഃഖിക്കുന്നകൂട്ടിയായി അദ്ദേഹം മാറി.

ഒരു ശ്രുനൃതാബോധം ഇരുവരുടേയും ഇടയിൽ രൂപംപൂണ്ടുവന്നുപോലെ. മോഹത്തിന്റെ ചിറകുകൾ തളരുകയാണോ? പറക്കാനുള്ള ആവേശം കെട്ടടങ്ങുകയാണോ? ഒടുവിലൊരു കോണിൽ തളർന്നു വീഴേണ്ടിവന്നാൽ...!

തന്റെയരികിലെത്തുമ്പോൾ, ആശാഭംഗവും വേവലാതിയും പണിപ്പെട്ടൊതുക്കി, പുഞ്ചിരിയണിയുന്നതു് കണ്ടപ്പോൾ, ശേഷിച്ച ആത്മവീര്യവും ഒഴുകിമറയുംപോലൊണു് തോന്നിയതു്.

—എനിക്കുവേണ്ടി, ഉൾക്കളംമറച്ചു് ഇങ്ങനെയൊരു ഭാവം അണിയേണ്ടിയിരുന്നോ?

ഒരിക്കലും ചോദിക്കാനായില്ല. തന്റെ ചുറ്റും പാറിനടക്കുന്ന ശലഭമാകാൻ അദ്ദേഹം പണിപ്പെട്ടുകയാണെന്നൊരു ബോധം അറിയാതെ തന്നിൽ ഉണർന്നു.

വരണ്ടുണങ്ങിയ ഭൂമിയിൽ പൊടുന്നനെയാണു് ഉറവ പൊടിഞ്ഞതു്. സപ്തപ്തം പോലെ സാക്ഷാത്കാരവും.

ദേവീ...

പ്രാർത്ഥനയുടെ സ്വരം. സ്നേഹത്തിന്റെ കുത്തിയൊഴുക്കു്. ആശ്ലിച്ചതുപോലെ പെൺകുഞ്ഞു്, വെളുത്തു തുടുത്തു്, തന്റെ മുഖത്തിന്റെ വ്യക്തമായ പ്രായ. കുഞ്ഞിനേറ്റതുപോലെ ആഹ്ലാദമണിഞ്ഞ മറ്റൊരു മുഖം!

"എനിക്കറിയാമായിരുന്നു. ദേവീ, ഞാൻ പറയാറില്ലേ?"

നിർവൃതി. ഇനി മറ്റൊന്നും വേണ്ടെന്നു തുപ്തി.

നോക്കിയിരിക്കേ, പെട്ടെന്നു് വളരെ പെട്ടെന്നു്; ഭൂമിയിൽ ഉണ്ടാകുന്ന വിള്ളൽ പോലെ; ഒരു സത്യം തന്റെയുള്ളിൽ! അതു് കനലായി എരിഞ്ഞുനിന്നു. പ്രകാശം ഒരുതരത്തിലും ഒളിക്കാനാവില്ലെന്ന ബോധത്തോടെ, കെടുത്താനുമാവില്ലെന്ന നിശ്ചയത്തോടെ—

കാത്തിരുന്നു കിട്ടിയ ഈ നിമിഷത്തിൽ

(ശേഷം 51 – ൽ)

കെ. ബാലകൃഷ്ണൻ

ഞാനെന്നിലേക്കു ഞാനുച്ചു

ഡൽഹിയിൽ ആറുവർഷക്കാലം ഞാൻ സാധാരണ പോകുകയും വരികയും പതിവായിരുന്നു. വിമാനത്തിൽ പോയാൽ അതിന്റെ കൂലിയും ഇരുപത്തിയഞ്ചുശതമാനം യാത്രച്ചിലവു കൂടുതലായും കിട്ടും. ട്രെയിനിലാണെങ്കിൽ ഭാര്യയ്ക്കു ഒരു ഒന്നാംക്ലാസും കൂടെ ഒരാളിനു രണ്ടാംക്ലാസും ടിക്കറ്റുകൾ സൗജന്യമാണു്. ഇതുകൂടാതെ ഒരു ഒന്നാംക്ലാസിന്റെയും ഒരു രണ്ടാംക്ലാസിന്റെയും കൂലിക്കുസമാനമായ തുക യാത്രക്കൂലിയിനത്തിൽ കൂടുതലായും കിട്ടും. നാടുകാണാനുള്ള രസത്തിനാണു ഞാൻ തീവണ്ടിയാത്രയിൽ പ്രത്യേക കൗതുകം കാണിച്ചതു്.

ഭാര്യയുമൊത്തു പോകയാണെങ്കിൽ ഒരു കൂപ്പേ റിസർവ്വുചെയ്യുന്നതും. രണ്ടുപേർക്കു മാത്രം കിടക്കാൻ സൗകര്യമുള്ള ഒരു കംപാർട്ടുമെന്റാണു് കൂപ്പേ. ഞാൻ എപ്പോഴും ഭാര്യയ്ക്കൂടി ഒരു സീറ്റു ബുക്കുചെയ്യാറുണ്ടു്. ചിലപ്പോൾ അവർ വരും. ചിലപ്പോൾ ആ സീറ്റുഴിഞ്ഞുകിടക്കും. സാധാരണഗതിയിൽ അതു മറ്റാർക്കും കൊടുക്കാറില്ല. പാർലമെന്റംഗത്തിനുള്ള അനാശാസ്യബഹുമതികളിലൊന്നാണതു്.

ഇങ്ങിനെയൊരിക്കൽ ഞാൻ ഡൽഹിയിൽനിന്നു മടങ്ങുമ്പോൾ രസകരമായ ഒരു സംഭവമുണ്ടായി. മദ്രാസിലെ റയിൽവേ റിട്ടയറിംഗുമുറിയിൽ ഡൽഹിയിൽനിന്നു മടങ്ങിവരുന്നവഴി ഞാൻ തങ്ങുകയായിരുന്നു. രാവിലെ മദ്രാസിലെത്തിയാൽ തിരുവനന്തപുരത്തേക്കുള്ള വണ്ടി വൈകിട്ടു സന്ധ്യമങ്ങിത്തുടങ്ങുമ്പോഴാണു് മദ്രാസിൽ രാവിലെമുതൽ വൈകുന്നേരം വരെ ചുറ്റിക്കറങ്ങാം. സ്നേഹിതന്മാരെയും ബന്ധുക്കളെയും കാണാം. മാനസികമായി ഏതാണ്ടു വീട്ടിലെത്തിയപോലെ ഒരു തോന്നലുമുണ്ടാകും.

അന്നും ഞാൻ മദ്രാസിലെത്തി. റിട്ടയറിംഗുമുറിയിൽനിന്നു പ്രഭാതചടങ്ങുകളെല്ലാം കഴിഞ്ഞു പുറത്തേക്കിറങ്ങാൻ വേഷമിട്ടപ്പോൾ റയിൽവേജീവനക്കാരനായൊരാൾ വന്നുചോദിച്ചു. ഭാര്യ കൂടെയുണ്ടോ എന്നു് ഇല്ലെന്നു മറുപടിയും പറഞ്ഞു ഞാൻ പുറത്തുപോയി. മടങ്ങിവന്നപ്പോൾ അതേ ജീവനക്കാരൻതന്നെ വന്നു എന്നോടു ചോദിച്ചു കുളിമുറിയുടെ ബർത്തു് മറ്റാരാൾക്കു കൊടുക്കുന്നതിൽ വിരോധമുണ്ടോ എന്നു് നാട്ടിലേക്കുവരുന്നയാളല്ലേ എങ്ങിനെ വിരോധം പറയും. നല്ല മനസ്സോടെയല്ലെങ്കിലും ഞാൻ ചോദിച്ചു ആളാരാണെന്നു. "ക്യാപ്റ്റൻ വർഗ്ഗീസ്" എന്നയാൾ പേരുപറഞ്ഞു. തനിക്കു നിർബന്ധമാണെങ്കിൽ കൊടുത്തുകൊള്ളൂ. പക്ഷേ എന്നെ ശല്യപ്പെടുത്തരുതെന്നും മുകളിൽ കിന്നേ ഉറങ്ങിക്കൊള്ളണമെന്നും പറഞ്ഞേക്കാൻ ഞാൻ ഏർപ്പാടുചെയ്തു. അയാൾ പോയിക്കഴിഞ്ഞപ്പോൾ എന്നെ അന്വേഷിച്ചു ഒന്നുരണ്ടുപേർ വന്നു. ഒരാൾ



ഒരു മലയാളസിനിമാനടനായിരുന്നു. ഞങ്ങൾ കുറച്ചുനേരം ഉല്ലാസമായി എന്റെ മുറിയിൽ കഴിച്ചുകൂട്ടി. പോർട്ടർവന്നു എന്റെ സാധനങ്ങൾ പാക്കുചെയ്തു വണ്ടിയിലേക്കുകൊണ്ടുപോയി. ഒരു കൈലിയും നീണ്ടകയ്യുറയുള്ള ഒരു ബനിയനും ഒരു ടർക്കിഷ് ടവ്വലും മാത്രം എന്റെ വേഷമായിട്ടുണ്ടു്. എന്നെ യാത്ര അയക്കാനായി സുഹൃത്തുക്കൾ എന്നോടൊത്തു പ്ലാറ്റുഫാറംവരെ വന്നു. വണ്ടിവിടാൻ ഏതാനും മിനിട്ടേയുള്ളൂ. എന്റെ മുറി 'F' എന്ന അക്ഷരത്തിലുള്ളതാണെന്നും റെയിൽവേക്കാർ വാടകയ്ക്കു നല്കുന്ന കിടക്ക വിരിച്ചിട്ടുണ്ടെന്നും അയാൾ എന്നോടു പറഞ്ഞു. ഞാൻ സുഹൃത്തുക്കളോടു വണ്ടിവിട്ടനേരവും നേരമ്പോക്കു പറഞ്ഞുനിന്നു. ശബ്ദത്തിനു മാത്രം ഞങ്ങളിലാർക്കും തന്നെ വലിയ മാർദ്ദവമൊന്നുമുണ്ടായിരുന്നില്ല. വണ്ടി

നിങ്ങിയുടനുമ്പോൾ ഞാൻ വാതുക്കൽ നിന്ന കൈവീശി യാത്രപറഞ്ഞു. എന്നോടായി പറഞ്ഞ മുറിയുടെ വാതുക്കൽ ചെന്ന ഞാൻ നോക്കി. സാരിയുടുത്ത ഒരു പെൺകുട്ടി നില്ക്കുന്നു. ഞാൻ അവരോടു ചോദിച്ചു അതുതന്നയാണോ അവരുടെ മുറിയെന്നു. അവർ എന്നോടു ചോദിച്ചു ഞാനാണോ ബാലകൃഷ്ണനെന്നു. അതെ എന്നു ഞാൻ മറുപടി പറഞ്ഞപ്പോൾ അവർ സിറ്റു നൽകിയതിനു എനിക്കു നന്ദി പറഞ്ഞു. മിസ്റ്റരും മിസ്സിസും ബാലകൃഷ്ണൻ എന്നാണു പുറത്തു പേരെഴുതിയിട്ടുള്ളതു്. ഞാൻ അതുനോക്കി ഒന്നു ഉള്ളാലെ ചിരിച്ചു. അവരും ചിരിച്ചു.

"നിങ്ങളാണോ ക്യാപ്റ്റൻ വർഗ്ഗീസു്."

ഞാൻ ചോദിച്ചു.

അവർ ചിരിക്കുക മാത്രം ചെയ്തു.

"എന്താണു ചിരിക്കുന്നതു്?"

കാരണം മനസ്സിലാകുന്നില്ലെന്ന സ്വരം എന്റെ ചോദ്യത്തിനുണ്ടായിരുന്നിരിക്കണം.

"അതെ, ഞാൻ പട്ടാളത്തിലാണു്. നഴ്സിംഗ് കോറിൽ."

ഞാനാകെ കുഴങ്ങി. എന്റെ മിസ്സിസായിട്ടാണു അവർ കയറിയിരിക്കുന്നതു്. ആകെ വിഷമമുണ്ടാക്കുന്ന അപകടകരമായ നില. ഞാൻ ഒന്നും പറയാതെ അകത്തുകയറി. അവർ നില്ക്കുകയാണു്. ഞാൻ ഇരിക്കാൻ പറഞ്ഞു. അവർ സീറ്റിന്റെ ഒരറ്റം ചേർന്നു ഇരുന്നു. ഞാനും ഇരുന്നു. അല്പം കഴിഞ്ഞു ടിക്കറ്റു പരിശോധിക്കാരൻ വന്നു എന്തെങ്കിലും ആവശ്യമുണ്ടോ എന്നു ചോദിച്ചു. ഒന്നും വേണ്ടെന്നും ആവശ്യമുള്ളതെല്ലാം എന്റെ പക്കലുണ്ടെന്നും ഞാൻ മറുപടി പറഞ്ഞു. അയാൾ പുറത്തേക്കു പോയപ്പോൾ ഞങ്ങളുടെ കാബിന്റെ വാതിൽ ഭദ്രമായിട്ടടച്ചു. ഏതാനും മിനിട്ടു ആ മുറിക്കകത്തു വണ്ടി നീങ്ങുന്ന ശബ്ദം മാത്രമാണുണ്ടായിരുന്നതു്. എന്തെങ്കിലും പറഞ്ഞു തുടങ്ങാനായി ഞാൻ ചോദിച്ചു.

"ആഹാരം വല്ലതും കഴിച്ചോ?"

"ഇല്ല. കൊണ്ടുവന്നിട്ടുണ്ടു്."

"എനിക്കും അവർ ആഹാരം കൊണ്ടുവന്നുകാണും."

"കൊണ്ടുവന്നു. ആ സൈഡു മേശപ്പുറത്തുവച്ചിട്ടുണ്ടു്."

നന്ദി പറയുംപോലെ ഞാൻ ചിരിച്ചു. സിഗററുവലി എന്റെ സാധാരണ പതിവല്ല. നിൻപ്രേറിനു സമീപം ഒരു പാക്കറ്റു സിഗരറ്റും തീപ്പെട്ടിയും വച്ചിരിക്കുന്നു. സമയം തള്ളിക്കളയാൻ ഞാൻ ഒരു സിഗറെറ്റെടുത്തു വലിച്ചു.

"ഇപ്പോൾ ആഹാരം കഴിക്കുന്നോ?"

"നിങ്ങൾ കഴിക്കു. എനിക്കു കുറച്ചു കഴിഞ്ഞുമതി."

പിന്നെയും നിശ്ശബ്ദത

"കുടിക്കുമോ?" അവൾ മദ്യക്കുപ്പിയെടുത്തുകൊണ്ടു ചോദിച്ചതു്.

"ഒരു സ്ത്രീ എന്റെ കൂടെ യാത്ര ചെയ്യുമെന്നു ഞാൻ കരുതിയില്ല" ഞാൻ മറുപടി പറഞ്ഞു.

"എന്റെ കൈവശം നല്ല ബ്രാണ്ടിയുണ്ടു്."

"നോക്കട്ടെ"

അവർ ഒരു പുതിയ കപ്പിരയെടുത്തു എനിക്കായി നീട്ടി. ഞാൻ ചിരിച്ചു. അവർ കപ്പി പൊട്ടിച്ചു മേശപ്പുറത്തുവച്ചു. കൂടെ ഒരു ഗ്ലാസും. മദ്യക്കുപ്പിയിൽനിന്നു ഒരു സോഡയെടുത്തപ്പോൾ ഞാൻ ചോദിച്ചു.

"നിങ്ങൾക്കു വേണ്ടേ?"

"ഞാൻ കുടിക്കാറില്ല"

"പിന്നെ ഇതെന്തിനു കൊണ്ടുനടക്കുന്നു?"

"വീട്ടിൽ ചെല്ലുമ്പോൾ സഹോദരങ്ങൾക്കു കൊടുക്കാമെന്നു കരുതിയാണു്."

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. അവൾ എന്റെ ഗ്ലാസിൽ ബ്രാണ്ടി ഒഴിച്ചു. സോഡാപൊട്ടിച്ചു. ഞാൻ അല്പം അവരുടെ കണ്ണിൽ നിന്നു വാങ്ങി. അപ്പോൾ എന്റെ കൈവിരലുകൾ അവ സ്പർശിച്ചിരിക്കണം. അവർ എന്നെ നോക്കി ചിരിക്കുകമാത്രം ചെയ്തു. ഞാൻ കുറച്ചു കൂടി കുടിച്ചു.

പിന്നെ സംഭാഷണത്തിനു വേഗത കൂടി. അവൾ തീർത്തുസാധനങ്ങളുമായി. ഞങ്ങൾ ചിരിച്ചു ബെഡ്ഡിന്റെ രണ്ടറ്റങ്ങളിലായിരുന്നു അത്താഴം കഴിച്ചു.

കുറച്ചുസമയം വിശേഷാൽ വിഷയങ്ങളൊന്നുമില്ലാതെ ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അവൾക്കു കിടക്കാൻ സമയ

(ശേഷം 45-ൽ)

ശിൽപികളുടെ ചിരി 4

പട്ടിണിയുടെ ചിരി

പി. സുബ്രഹ്മണ്യപിള്ള

മഹാത്മജി ഒരിക്കൽ പറഞ്ഞു.

"ചിരിക്കാനുള്ള കഴിവില്ലായിരുന്നുവെങ്കിൽ ഞാൻ ആത്മഹത്യചെയ്യേണ്ടിവരുമായിരുന്നു." പല്ലില്ലാത്ത മോണകാട്ടി നിർല്ലോഭമായി പൊട്ടിച്ചിരിച്ചിരുന്ന മാഷ്ടെ പിതാവു്!

അസാധാരണനായ ഒരു സാധാരണനായിരുന്നു മഹാത്മജി. പഴമയിൽ പുതുമ കാണുന്ന സാത്വികൻ. സമരത്തിൽ സമാധാനം പാലിക്കുന്ന പടനായകൻ. ആത്മീ

യതയിൽ ഭൗതികവും ഭൗതികത്തിൽ ആത്മീയതയും കൂട്ടിക്കലർത്തി സാധാരണക്കാരന്റെ രാഷ്ട്രീയം നിശ്ചയിക്കുന്നതാവും.

അദ്ദേഹത്തിന്റെ ചിരിയിൽ ഷായുടെ തലതിരിച്ചിൽ കാണുകയില്ല ചർച്ചിലിന്റെ ക്രൂരഹാസ്യം കാണുകയില്ല വിമർശനം കുറഞ്ഞ ചിരി. കളങ്കമില്ലാത്ത ചിരി. ചിലപ്പോൾ കണ്ണീരിന്റെയും.

എബ്രഹാംലിങ്കനെപ്പോലെ മരണംവരെ ഒരു കുട്ടിയായി ജീവിച്ചിരുന്ന ഈ വൃദ്ധതാപസൻ. കൂട്ടാളികളിൽ പ്രധാനികൾ എപ്പോഴും കൊച്ചുകുട്ടികൾതന്നെ. ആഴ്ചവിളിച്ചും കളിച്ചും ചിരിച്ചും അവർ അദ്ദേഹത്തെ വലയംചെയ്തു നടന്നിരുന്നു. അദ്ദേഹത്തിന്റെ ഊന്നുവടി കൈയ്ക്കലാക്കി അദ്ദേഹത്തെ അതിലിരുത്തി ചുമലിലേറ്റി നടന്ന സന്ദർഭങ്ങൾപോലും ഉണ്ടായിട്ടുണ്ട്.

ആദ്യകാലങ്ങളിൽ ശ്രദ്ധാകേന്ദ്രമാകാനും പല വിനോദങ്ങളും സൃഷ്ടിച്ചിരുന്ന അദ്ദേഹം. മറ്റുള്ളവർ മുഷിഞ്ഞിൽ വിരൽവച്ചുപോകുന്ന വിനോദങ്ങൾ.

കൊച്ചുകുട്ടിയായിരുന്ന കാലത്താണ്, ആരോ ബാലന്റെ തലയിൽ ഒരത്ഭുതരഹസ്യം കടത്തിവിടുന്നു. ഇംഗ്ലീഷുകാർ നഖം അടക്കിഭരിക്കുന്നതിന്റെ കാരണം അവർ മാംസം ഭക്ഷിക്കുന്നതാണ്. കപ്പലണ്ടിയും മാങ്ങയുമൊന്നും ശക്തിയില്ല ബാലന്റെ മനസ്സു മന്ത്രിച്ചു.

"അതു പോരല്ലോ. അങ്ങനെ വിട്ടുകൂടാ."

മനസ്സിനെ പിടിച്ചില്ലെങ്കിലും ആട്ടിറച്ചി തിന്നു. കണ്ണടച്ചു മുഖം ചുളിച്ചുകൊണ്ട്. ശക്തി സംഭരിക്കാൻവേണ്ടി. ഇംഗ്ലീഷുകാരെ കെട്ടുകെട്ടിക്കാൻവേണ്ടി

രാത്രി ഉറക്കംപിടിച്ചപ്പോൾ കുഴപ്പം തുടങ്ങി. വയറിനകത്തുകിടന്ന് ആട്ട കയറുപൊട്ടിയ്ക്കുന്ന ഉറക്കെ കരയുന്നു. "മേ" ന്നെട്ടിയുണർന്നു. ചുറ്റും നോക്കി അതാ കൺമുമ്പിൽ കുറെ വെളുത്ത ആട്ട നില്ക്കുന്നു. "മേ."

ഇംഗ്ലണ്ടിൽ പഠിക്കുന്ന കാലത്തു് ഒരു സ്നേഹിതൻ അട്ടത്തുകൂട്ടുന്നു. പഴഞ്ചൻ പയ്യനെ ഒന്നു പരിഷ്കരിച്ചെടുക്കാൻ. ലണ്ടൻ നഗരത്തിൽ ചേർന്ന് വിലസുന്നതിനായി ജ്യേഷ്ഠൻ മുക്കുകൊണ്ടെഴുതി അയച്ചുകൊടുത്തിരുന്ന പണം സുലഭമായി ഹോമിക്കപ്പെടുന്നു.

അന്നുള്ള ഫാഷനെപ്പോലും കടത്തിവെട്ടുന്ന കോട്ട്, സൂട്ട്, ടൈ, ഹാറ്റ്, ഇപ്പോൾ പച്ചപ്പരിഷ്കാരിതന്നെ! കണ്ണാടിയുടെ മുമ്പിൽ തപസ്സ്.

പോരാ. ഡാൻസുകൂടി പഠിച്ചെങ്കിലേ എല്ലാം തികയൂ. തുടങ്ങി അതിലും പരിശീലനം. ആനച്ചെവിയും നീരസത്തിന്റെ മുഖവും നീളംകൂടിയ കൈകളും ഒന്നിനും വഴങ്ങാത്ത ശരീരഭാഗ്യവുമായി ചുവട്ടവസ്സുന്ന ചെറുപ്പക്കാരനെ ഒന്നു മനസ്സിൽ കാണുക. എന്തുരസം!

പരിപാടികളെല്ലാം കുന്തമായി. ഒരുരുത്തരിൽ രക്ഷപ്പെട്ട. ഒന്നും രക്തത്തിൽ കലർന്നില്ല.

കഥയറിയാത്ത ഒരു മദാമ്മ യുവാവിനെ ഒന്നു പ്രേമിച്ചുനോക്കി. കുഴപ്പമാണല്ലോ കാര്യം! ഹേയ് അവിടെയുമില്ല രക്ഷ. അദ്ദേഹം അവരെ അറിയിച്ചു. വിവാഹിതനാണ്. നാട്ടിൽ ഭാര്യയുണ്ട്.

സ്വാശ്രയശീലം തിരുമുടിയിലെത്തിയപ്പോൾ സ്വന്തം കൈയും കത്രികയും വിക്രമങ്ങൾ തുടങ്ങി. തലയിൽ ധാരാളം പടികൾ. നാലുവശത്തും എലികരണ്ടതുപോലെ.

'വീട്ടിൽ എലിയുടെ ശല്യമുണ്ടെന്നു തോന്നുന്നു."

ഒരു സ്നേഹിതൻ തിരുത്തി.

"ഉം ഉണ്ട്. ഞാൻ പൂച്ചയെ വളർത്തിത്തുടങ്ങിയിരിക്കുന്നു ശരിയായിക്കൊള്ളും."

കടൽകടന്നുചെന്നു നിയമവിദ്യാഭ്യാസം നടത്തി തിരിച്ചെത്തുന്നു. വക്കീൽപ്പണി തുടങ്ങുന്നു. ആദ്യത്തെ കേസുമായി കോടതിയിൽ ചെല്ലുന്നു.

കേസു വാദിക്കാനായി സധൈര്യം എഴുന്നേറ്റപ്പോൾ സംഭവിക്കുന്നതെല്ലാം അത്ഭുതങ്ങളാണ്. എന്തെന്നോ? ഹൃദയം ചെരുപ്പിനുള്ളിൽകയറി ഒളിച്ചിരിക്കുന്നു

തല വട്ടംചുറ്റുന്നു.

കോടതികിടന്നു കറങ്ങുന്നു.

എങ്ങും ഇരുട്ട്.

നാക്കു പൂർണ്ണമായും പണിമുടക്കിൽ.

ഇനിയെന്തുവേണം?

കണ്ണീരിന്റെ ചിരിയുണ്ടാകുന്ന സന്ദർഭങ്ങൾ പലതും സൃഷ്ടിച്ചിട്ടുണ്ട് മഹാത്മജി.

ആഫ്രിക്കയിൽവച്ച്.

ഒന്നാംക്ലാസിൽ തീവണ്ടിയാത്രചെയ്യുകയാണ്, ഈ കറുത്ത തൊലിക്കാരൻ. മുറിയിൽ കടന്നുചെന്ന ഒരു ധാരണ്ട് ഇതു സഹിച്ചില്ല കോപവും അഹങ്കാരവും ധാരമയ ഒരു ഭ്രാന്തനാക്കി മാറ്റുന്നു. ഗാന്ധിജിയുടെ പെട്ടിയും കെട്ടും മുട്ടും കുടുക്കയും എല്ലാം പുറത്തേക്കു വലിച്ചെറിയപ്പെടുന്നു. ഒടുവിൽ അദ്ദേഹവും!

അസ്ഥികൾപോലും മരവിച്ചുപോകുന്ന തണുപ്പത്ത് കൂട്ടിത്തല്ലുന്ന പല്ലുകളുമായി ഒരു രാത്രിമുഴുവൻ പ്ലാറ്റ്ഫാറത്തിൽ കാത്തിരിയ്ക്കുന്ന രൂപം മനസ്സിൽ കാണുക. മറെറാരു സന്ദർഭത്തിൽ.

ഗാന്ധിജിയെയും വഹിച്ചുകൊണ്ട് ഒരു കപ്പൽ കരയ്ക്കടുക്കാൻ തുടങ്ങുന്നു. ഒരു കാരണവശാലും അദ്ദേഹത്തെ ആഫ്രിക്കൻ മണ്ണിൽ കാലുകുത്തിക്കയില്ലെന്നു ദുർവ്രതചെടുത്തു ജനാവലി കരയിൽ കാത്തുനില്പുണ്ട്. കൈകളിൽ മാരകായുധങ്ങളുമായി.

അവർ അദ്ദേഹത്തെ ക്രൂരമായി മർദ്ദിക്കുന്നു, ആത്മരക്ഷാർത്ഥം അദ്ദേഹം ഒരു വീട്ടിൽ അഭയംപ്രാപിക്കുന്നു. ശത്രുക്കൾ വീടുവളയുന്നു. വേഷംമാറി, ഒരു കച്ചവടക്കാരൻ എന്ന ഭാവത്തിൽ അദ്ദേഹം പുറത്തുകടക്കുന്നു. കഷ്ടിച്ചു രക്ഷപ്പെടുന്നു.

നീണ്ട മൂളവടിയും മുട്ടിനുമുകളിൽ മുണ്ടുമായി അചഞ്ചലനായി മുന്നോട്ടുനീങ്ങുന്ന ആ രൂപത്തെ ശ്രദ്ധിക്കുക. എവിടേയ്ക്കെന്നോ യാത്ര? ദണ്ഡിയിലേക്ക് കടൽവെള്ളം വറ്റിച്ചു് സ്വാതന്ത്ര്യം പിടിച്ചെടുക്കുവാൻ. ഗൗരവത്തിലും ചിരിയുണർത്തുന്ന ഒരു സന്ദർഭം,

അതേ വേഷത്തിൽത്തന്നെ, അതേ മനുഷ്യൻ, സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ തലസ്ഥാനത്തുചെന്നെത്തുന്നു. മൂന്നുകഷ്ടി കുട്ടിവസ്ത്രങ്ങളും കമ്പിളിയും ഹാറും ടൈയും ധരിച്ച ഇംഗ്ലീഷുകാരുടെ മുമ്പിൽ. എന്തിനെന്നോ? കണക്കുപറഞ്ഞു രാജ്യത്തിന്റെ സ്വാതന്ത്ര്യം നേടാൻ. വട്ടമേശാസമ്മേളനത്തിനു്.

സന്ദർഭംവരുമ്പോൾ ഉറന്നടിച്ചു കാര്യങ്ങൾപറയാനും, വേണ്ടത്ര ശ്രദ്ധിക്കാതെന്നു വിമർശിക്കാനും ഗാന്ധിജി മടിക്കാറില്ല.

സ്വർണ്ണവും കസവും കിന്നരിത്തൊപ്പിയുമണിഞ്ഞു വിരാജിച്ചിരുന്ന രാജാക്കന്മാരെ നോക്കി കരിക്കൽ അദ്ദേഹം പറഞ്ഞു.

"എനിക്കു മഹാരാജാക്കന്മാരോടു് ഇതുമതലെ പറയുവാനുള്ളൂ. നിങ്ങൾ ഈ അലങ്കാരവസ്ത്രങ്ങൾ പറിച്ചു ദൂരെ എറിയുവരെ ഭാരതത്തിനു ദാരിദ്ര്യത്തിൽനിന്നു മോചനമുണ്ടാകാൻപോകുന്നില്ല."

കേട്ടിരുന്ന ആനിബസന്റു മദാമ്മപോലും ക്ഷോഭിച്ചുവശായി. അവർ അദ്ദേഹത്തെ നോക്കിപ്പറഞ്ഞു.

"നിറുത്തു."

ജനനിബിഡമായ കോടതിയിൽ ഇംഗ്ലീഷുകാരനായ ഒരു ന്യായാധിപന്റെ മുമ്പിൽ ഗാന്ധിജി ശാന്തനായി മൊഴികൊടുക്കുന്നു "എന്നാൽ ആരോപിക്കപ്പെട്ടിരിയ്ക്കുന്ന കുറ്റം ഞാൻ സസന്തോഷം ഏല്ക്കുന്നു. ഈ ഭരണകൂടത്തെ എതിർക്കുന്നതു് എന്റെ ധർമ്മമാണെന്നു ഞാൻ കരുതുന്നു. നിങ്ങൾക്കു നടത്തേണ്ട നിയമം ഒരു ശാപമാണെന്നു തോന്നിയാൽ നിങ്ങൾ രാജിവച്ചുപോവുക. അല്ലെങ്കിൽ ഏറ്റവും വലിയ ശിക്ഷ എനിക്കനൽകുക.

എന്തു ചങ്കൂറ്റമാണിതു്! സന്ദർഭത്തിന്റെ പിരിമുറുക്കം മാറിയിട്ട് ഓർമ്മിക്കുമ്പോൾ, ഗംഭീരമായ ചിരിയ്ക്കുവകനൽകുന്ന വാക്കുകൾ. രോമാഞ്ചമുണർത്തു

ന്ന ചിരി.

ലഘുവായ വിനോദം നിത്യജീവിതത്തിൽ സ്വാഭാവികമായിരുന്ന മഹാത്മജിക്ക്. ഏതു കഷ്ടപ്പാടിലും ദുഃഖത്തിലും

അർദ്ധരാത്രിയുടെ നിശ്ശബ്ദതയിൽ ഉറങ്ങിക്കിടന്നിരുന്ന അദ്ദേഹത്തെ അറസ്റ്റു ചെയ്യാൻ പോലീസുദ്യോഗസ്ഥന്മാർ എത്തുന്ന, അദ്ദേഹം ഉണർത്തപ്പെടുന്ന. ഇവരുടെകൂടെ പുറപ്പെട്ടാൽ എന്നാണു തിരിച്ചെത്താൻ കഴിയുകയെന്നു ദൈവത്തിനറിയാം. അദ്ദേഹം അവരെനോക്കി പുഞ്ചിരിക്കുന്നു. എന്നിട്ട ചോദ്യം.

"എന്താ എന്നെ ആവശ്യമായോ?" പ്രാർത്ഥനകഴിഞ്ഞു അദ്ദേഹം പുഞ്ചിരിയോടെ ഇറങ്ങിവരിയ്ക്കുന്നു.

മഹാത്മജിക്ക് ഏറെവുമധികം ദുഃഖം നൽകിയദിവസങ്ങൾ സ്വാതന്ത്ര്യംലഭിച്ചതിനുശേഷമായിരുന്നു. കൊലവിളികളും കൂട്ടക്കൊലകളും രക്തപ്പുഴകളും കാരണം ഹൃദയഭേദകങ്ങളായ ദിവസങ്ങൾ. പ്രായവും ക്ഷീണവും മറന്നു അദ്ദേഹം സഞ്ചരിച്ചു. സ്നേഹത്തിന്റെ ദീപനാളവുമായി.

സ്വന്തം മരണത്തിന്റെ നിഴൽ അടുത്തെല്ലാം അദ്ദേഹം മനസ്സിൽകണ്ടിരിക്കണം. പുഞ്ചിരിച്ചുകൊണ്ടു മരണത്തെ നേരിടാൻ അദ്ദേഹം സന്നദ്ധനായിരിക്കണം.

ശപിക്കപ്പെട്ട ആ സായാഹ്നത്തിൽ പ്രാർത്ഥനായോഗത്തിനെത്താൻ അല്പം താമസിച്ചുപോയി. അദ്ദേഹത്തിന്റെ "ഊണവടികൾ" എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന പെൺകുട്ടികൾ ഇടത്തും വലത്തുംനിന്നു ബലിവേദിയിലേക്കെന്നപോലെ അദ്ദേഹം മുന്നോട്ടുനീങ്ങി. അവരുടെ സഹായത്തോടെ. അപ്പോൾ പെൺകുട്ടികൾ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു.

"ബാപ്പുജി ഈയിടെയായി വാച്ചിനെ തിരെ മറന്നമട്ടാണു്."

അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഞാനെന്തിനു വാച്ചുനോക്കണം? നിങ്ങൾ

രണ്ടുപേരും എന്റെ സമയംസൂക്ഷിപ്പുകാരല്ലേ?"

"സമയം സൂക്ഷിപ്പുകാരെയും ഈയിടെയായി ബാപ്പുജി നോക്കാറില്ല."

(ശേഷം 42-ൽ)

പുഴേ, നീ സാക്ഷി.

മഴ മേഘങ്ങളുടെ പരിരംഭണത്തല്ലേറു് കൂളിർകോരിയെറിയുന്ന കറുത്ത ആകാശത്തിനു കീഴെ, ഈ സന്ധ്യക്കു് പുഴേ, നിന്റെ നിശ്വാസം എന്നെത്തലോടി ഉമ്മവയ്ക്കുമ്പോൾ എന്റെ ആത്മാവിന്റെ കരച്ചിൽ പുഴേ, നീ കേൾക്കുന്നില്ലേ? അറിയുന്നില്ലേ?

പുഴേ, നിന്റെ നിശ്വാസം ചൂളമായിപ്പുറത്തു് ഇല്ലിമുളകളിൽ സംഗീതമുണർത്തുന്നതു ഞാനും കേൾക്കുന്നു. ആ സംഗീതവും നിന്റെ മുരളലും മുളലും, ഇടയ്ക്കു് എവിടെനിന്നോ അടർന്നുവീണു് നിന്നിലൊളിയിട്ടു്, നിന്റെ മാറത്തുനിന്നും പരൽമീനുകളെ കൊത്തി ഉയരുന്ന നീലപ്പൊന്മകളും എന്നിലുന്മാദം പെയ്യുകൊണ്ടിരിയ്ക്കുന്നു.

പുഴേ, ഞാനിതാ നിന്റെ തീരത്തു് ചോരനിമണലിൽ മലർന്നുകിടന്നു ആകാശം കാണുന്നു.

കഥ

വിജയൻകരോട്ട്

നിനക്കോർമ്മയുണ്ടാവുമോ, നിന്റെ തീരത്തെ ഓലച്ചാളയിൽ എന്നമ്മ എന്നെ പെറ്റിട്ട കൊട്ടുകാറുതിയ ആ രാത്രി. മിന്നലും ഇടിമുഴക്കവും നിന്റെ പരന്ന മാറുലച്ചുതിയ കാറ്റ്ഞങ്ങളുടെ ഓലച്ചാളയെയുലച്ചു: കൊച്ചുമണ്ണെണ്ണച്ചിമ്മിനിയിൽ നൂറുതവണ കൊളുത്തപ്പെട്ട വെളിച്ചം മുറിഞ്ഞുവീണു. എന്നമ്മയുടെ വേദനയും രോദനവും കാറ്റുകവർന്നെറിഞ്ഞു. പത്താംമാസത്തിനു മുമ്പെ പെറ്റുവീണ ചോരച്ചോപ്പാർന്ന എന്നെക്കണ്ടു് അച്ഛനമ്പരന്നു് നോക്കി. കരിംരാത്രി. കർക്കിടകരാത്രി. മാസം തികയാതൊരുത്തി പെറ്റിരിക്കുന്നു. അതൊരാൺകുട്ടി. ജീവിക്കുകയാണെങ്കിൽ അവനുലകം പിടിച്ചടക്കും.

പുഴേ, നിനക്കറിയാമല്ലോ, എന്നമ്മയുടെ ദുഃഖം? പേറ്റിച്ചികളില്ല; അയല്പക്കങ്ങളിൽനിന്നു സ്ത്രീകളില്ല. ഊരുന്നൂരുകൻ കാറ്റു്. മാലച്ചാള. കൽച്ചുമരുകളില്ല; ഓലച്ചുമരുകളെ വിറപ്പിക്കുന്ന കാറ്റു്. ചാണകം മെഴുകിയ തറയിൽ വിരിച്ച കീറപ്പായയിൽ, ഒരു പാളിയിൽ ഞാൻ പെറ്റുവീണു. ശ്രുശ്രൂഷകനായി അമ്മയ്ക്കു് അച്ഛൻ മാത്രം!

കാറ്റുനിന്നു, നിന്റെ മാറിലെ ഉന്മാദനൃത്തം നിലച്ചു. കർക്കിടക മൂർഖൻതല ഉയർത്തുംപോലെ നിന്റെ തല നീണ്ടു പത്തിവിടർത്തി. മലരികൾ, ചുഴികൾ, ആയിരം പടലങ്ങൾ സൃഷ്ടിച്ചു്. പുഴേ, വന്ധ്യയായിക്കിടന്ന ഒട്ടിയ വയറിന്മേൽ രോമരാജികൾ പടർന്ന സ്വർണ്ണാഭവിതറിയിരുന്ന നിന്റെ വയറൊരു പെരുമ്പറപോലെ നിറഞ്ഞു; നീ ഗർഭിണിയായി; ഗർഭിണിയായൊഴുകി...

മല ചുരത്തുന്ന കൃത്തിയൊഴുക്കിൽ പച്ചമണ്ണിന്റെ ശ്രുക്ഷഗന്ധമുണ്ടായിരുന്നു. ആനപ്പിണ്ഡത്തിന്റെ ചൂരുണ്ടായിരുന്നു. മലമണ്ണിന്റെ ഗന്ധം കേട്ടു്, ആനപ്പിണ്ഡത്തിന്റെ ചൂരുകേട്ടു്, ഞാൻ കൈകാലിട്ടടിച്ചപ്പോൾ പുഴേ, നീ ആർത്തു. അട്ടഹസിച്ചു. മെലികണ്ണിറിഞ്ഞെന്നു ഇക്കിളിപ്പെടുത്തി. എന്റെ മേളം...മേളം...കരച്ചിൽ നീ ഏറ്റുവാങ്ങി. നിന്റെ മനസ്സിലേക്കു് അച്ഛനറിഞ്ഞ മുളയും ചോരക്കട്ടകളും നീ കൈനീട്ടി വാങ്ങി. ഒരു സൃഷ്ടികർത്താവിനെപ്പോലെ. എന്റെ മലവിസർജ്ജനങ്ങൾ നിനക്കു ചന്ദനത്തിലകമായിരുന്നു.

പുഴേ, ഞാൻ പിച്ചവെച്ചു് മുട്ടിന്മേൽ നീന്തി. തത്തപിത്താ നടന്നു. വീണു. വീണ്ടും എഴുന്നേറ്റു് നടന്നു. പിന്നെ ഓടിക്കളിയ്ക്കാൻ തുടങ്ങി. എന്റെ കളിപ്പാ

ട്ടും നിയ്യായിരുന്നു.

എനിക്കു് കടവിൽവെച്ചു് എന്റെ പ്രായത്തിലൊരു പെൺകുട്ടിയെ കിട്ടി. ചെത്തുകാരൻ ശങ്കരമ്മാവന്റെ മോളു്. സരു. സരു എന്ന സരസു. സരസു എന്ന സരസ്വതി. സരസ്വതി എന്ന സരസ്വതീദേവി.

ഞങ്ങൾ നിന്റെ ചൂളംവിളി ഏറ്റുവിളിച്ചു. നിന്റെ ചുഴിപ്പൂക്കളിലും മലരിമലർകളിലും ഞങ്ങൾ മുങ്ങാംകുഴിയിട്ടു കളിച്ചു. നീ ഞങ്ങൾക്കു നീലക്കണ്ണാടിയായിരുന്നു. നിന്റെ നിശ്ചലതയിൽ ഞങ്ങളുടെ മുഖംകണ്ടു, മുഖത്തു് കോക്രികളും ചിരികളും ശ്രുതിയും ശാന്തിഗീതവും നീ ഴലിട്ടതു കണ്ടു. വേനലിന്റെ തീമഴയിൽ ഉരുകിത്തിളച്ചു് വെന്തു്കണ്ണീരൊഴുക്കിയതും പൊട്ടിക്കരഞ്ഞതും ഞങ്ങൾ കേട്ടു കേട്ടിട്ടും ഞങ്ങൾ നിന്റെ മാറിലൂടെ നീന്തി, നീരാടി. നിന്റെ മാറിൽ മലർന്കിടന്നു അഗ്നിഗോളമെരിയുന്ന ആകാശം കണ്ടു.

പുഴേ, നീ ഞങ്ങൾക്കു് ശക്തിതന്നു. ആ ശക്തികൊണ്ടു് ഞങ്ങൾ തമ്മിലടിച്ചു. മുടിക്കുത്തിപ്പിടിച്ചു, കെട്ടിപ്പുണർന്നു ദിഗംബരരായിനിന്നു. രണ്ടാളും രണ്ടാളുടേയും നഗ്നതയാസ്വദിച്ചു. ഇടയ്ക്കവളുടെ ചുക്കുമണി പിടിച്ചാട്ടി. തളർന്കിടന്നവനൊരു സിംഹത്തെപ്പോലെ മുരണ്ടുണർന്നെഴുന്നേല്പുമ്പോളവൾക്കു ചിരി. ഞാനവളുടെ കൊച്ചുയോനി തടത്തിൽ തലോടിയപ്പോൾ അവൾക്കു രോമാഞ്ചം. അവളുടെ ചെവിക്കു തിരുമ്മി.

ഞങ്ങളിനെ ഞങ്ങൾ തോല്പ്പു്വലയാക്കി പരൽമീനുകളെപ്പിടിച്ചു. പിടിച്ച മീനുകളുടെ പിടച്ചിൽ കണ്ടു് ആകാശത്തേക്കു റിഞ്ഞു. ആകാശം നീയ്യായിരുന്നതുകൊണ്ടു് നിന്നിൽത്തന്നെ പതിച്ചു.

പുഴേ ഞങ്ങളിൽ പ്രായം കതിരിട്ടതു നീ കൗതുകത്തോടെ കണ്ടു് കുണുങ്ങിച്ചിരിച്ചു.

ഞങ്ങളെ സ്ക്കൂളിൽച്ചേർത്തു.

കൈകൾ കോർത്തുപിടിച്ചു്, കൈകൾ തോളിലൂടെയിട്ടു്, സ്ലേറ്റും ഒന്നാംപാഠവുമായി ഞങ്ങൾ അക്കരെക്കുപോയ ആദ്യത്തെ ദിവസം നീ ഓർക്കുന്നുണ്ടോ? അന്നു് ഞങ്ങൾക്കുത്സവമായിരുന്നു; നിനക്കേ നിന്റെ ചിരി ഞങ്ങൾ കേട്ടു. ഞങ്ങളുടെ വഞ്ചി പകുതിയെത്തിയപ്പോൾ, നീ പിടിച്ചുലച്ചു. സരസൂ തെറിച്ചുവീണു. എനിക്കു കണ്ടുനില്ക്കാനാവുമോ? സരസൂ

എന്റെ കരച്ചിൽ നീ ഏറ്റുവാങ്ങി. കതിച്ചുചാടിയ എന്നേയും.

ഞാനും സരസുവും ഒഴുക്കിൽ മുങ്ങി. വഞ്ചിക്കാരൻ കോരങ്കുട്ടി പറന്നുവീണു. ഞങ്ങളെ പൊക്കിയെടുത്തു. വഞ്ചി അനേഷിച്ചപ്പോൾ ഹാ! ഒഴുക്കു് വഞ്ചിയുമായി കടന്നകളഞ്ഞിരുന്നു. പിന്നെ, ചെങ്ങാലൂരുനിന്നുപോയ വഞ്ചി കുറുമാലിക്കാവു കടവിൽ, ഒരു തെങ്ങുംപട്ടയിൽ കരുങ്ങിക്കിടന്നു.

കാലവർഷം തിരിമുറിയാതെനിന്നുപെയ്തപ്പോൾ ഓലക്കുട ചൂടിച്ചു് ഞങ്ങളെ അമ്മൻ സ്കൂളിലാക്കി. വേനലിൽ നീക്ഷീണിച്ചു്, പ്രസവംകഴിഞ്ഞ സ്ത്രീയെപ്പോലെ ഒഴിഞ്ഞവയറുമായി കിടന്നപ്പോൾ, ഞങ്ങൾ, ഒരു വെള്ളിയരഞ്ഞാണംപോലെ കണ്ണീരൊഴുക്കിക്കിടന്നപ്പോൾ, കാലു കൊണ്ടു് തട്ടി വെള്ളം അന്തരീക്ഷത്തിൽ വെള്ളിമണികൾവിടർത്തിപ്പറയുന്ന സൗന്ദര്യംകണ്ടു് ഞങ്ങളക്കരെ പൂകി.

നാലാംക്ലാസ്സിലെത്തിയപ്പോൾ, മൂട്ടവരെവെള്ളത്തിൽ നടന്നുകഴിയുമ്പോൾ സരസു നില്ക്കും. ഉറക്കെ വിളിയ്ക്കും.

"വിയ്യ്യാ"

എന്റെ കണ്ണുകൾ മാറത്തടക്കിപ്പിടിച്ചിരിക്കുന്ന പുസ്തകക്കെട്ടത്തിൽ വീഴും.

"കണ്ണടച്ചൊ"

ഞാൻ കണ്ണടയ്ക്കുന്നതായഭിനയിച്ചു. സരസു സാവധാനം പാവാട ഉയർത്തി. അരവരെയായപ്പോൾ എന്റെ മേനിയിൽ കളിരുപൂത്തു. പുളകമാലകൾകോർത്തു.

കരയ്ക്കുകയറി നനഞ്ഞ തുടകൾ പാവാട അമർത്തി തുടയ്ക്കുന്നതുകാണാനും കൗതുകമുണ്ടായിരുന്നു.

പത്താം ക്ലാസ്സിലായപ്പോൾ ഞങ്ങൾക്കു് എല്ലാം അറിയാമെന്നായി. ഞങ്ങളുടെ നോട്ടങ്ങളിൽ നാണംവിടർന്നു. വാക്കുകളിൽ ലജ്ജയുടെ രോമഹർഷം. നടത്തത്തിനു് അകലമുണ്ടായി.

എല്ലാ രാത്രികളിലും ഞങ്ങൾ ഞങ്ങളെ സ്വപ്നംകണ്ടു. പ്രഭാതങ്ങളിൽ പുഴേ, നിന്റെ തണുത്ത കൈകളിൽ മുങ്ങിക്കിടന്നു് ഞങ്ങളാ സ്വപ്നങ്ങളുടെ ഇതൾവിടർത്തി തണുപ്പുമാറ്റി, ചൂടേറ്റി. മത്സരിച്ചു നീ

(ശേഷം 41-ൽ)

ഒ. വി. വിജയൻ

ബോധക്ഷയത്തിൽനിന്നു് ലാവണ്യ ഉണർന്നു. കരിങ്കല്ലിന്റെ തണുപ്പിൽ അവളുടെ ഉടല തണുത്തുകിടന്നു. ശ്രുകു്ളംനനച്ച തുടകൾ അവൾ പതുക്കെ അനക്കി. ബീജങ്ങൾ ചത്തുതുടങ്ങുന്ന ശ്രുകു്ളം ക്ഷയരോഗിയുടെ കഫംപോലെ നിറഞ്ഞ ചുംബനത്തെപ്പോലെ നാറി.

അവൾ എണീറ്റു കൈകുത്തി ഇരുന്നു. ഇരുട്ടാണു്.

"സുനന്ദാ," അവൾ പതുക്കെ വിളിച്ചുനോക്കി. നേത്രനീണ്ട സപർണ്ണത്തിന്റെ സൂചിപോലെ അവളുടെ ഉള്ളുകളിലൂടെയെവിടെയോ എങ്ങോ ഒരു വേദന സഞ്ചരിച്ചു. സുനന്ദാ, നീ എവിടെയാണു്? ലാവണ്യ ഇരുട്ടിൽ അവന്നായി കൈകൾനീട്ടി. കൈകൾ ഇരുട്ടിലൂടെ ചലിപ്പിച്ചു. കരിങ്കൽത്തറയിലും കരിങ്കൽച്ചുമരിലും അന്ധമായി ഇരുടി. ചുമരിൽ ഉറങ്ങിനിന്ന വലിയ കറുത്ത ചിലന്തികൾ ഉറക്കം ഞെട്ടിപ്പുതറിപ്പാഞ്ഞു.

ഉടയിലും യോനീമുഖത്തും ഒട്ടിനിന്ന ശ്രുകു്ളത്തിൽ അവൾ കൈവെച്ചു. ആരാക്കെയായിരുന്ന തന്നെ ബലാൽസംഗം ചെയ്തതു്? പോലീസുദ്യോഗസ്ഥർ, തടവറസൂക്ഷിപ്പുകാർ. അദ്ധ്യാത്മകക്ഷിയുടെ യുവസൈനികന്മാർ. എത്രപേർ? ഓർമ്മയില്ല. ഒന്നോ രണ്ടോ തവണ അവൾക്കു സ്ഖലനമുണ്ടായി പിന്നെ യോനി മരവിച്ചു. ഞരമ്പുകൾ ഉറങ്ങി. എന്തായിരുന്നു അതു്? അവൾ തൻകൽക്കുത്തു്, സൂക്ഷ്മതയ്ക്കുത്തു് വീണ്ടുമോർത്തു സൂക്ഷ്മതയായി നിലകൊണ്ട രസബിന്ദു ഗ്രന്ഥികളുടെയും നാഡികളുടെയും അപാരമായൊരു കപ്പലോട്ടം നയിച്ചുകൊണ്ടു് എങ്ങോപോകുന്നു... സിദ്ധാർത്ഥന്റെ വാക്കുകൾ അവളുടെ മനസ്സിൽ തെളിഞ്ഞു. ധ്യാനിയ്ക്കു, ലാവണ്യേ, സിദ്ധാർത്ഥൻ പറഞ്ഞതു് അവൾ കാത്തു.

എന്തിനെ, സിദ്ധാർത്ഥാ?

ധ്യാനിയ്ക്കുപൊഴല്ലേ അതറിയൂ?

എനിയ്ക്കു ധ്യാനിയ്ക്കാൻ വയ്യല്ലോ, സിദ്ധാർത്ഥാ.

സമയമായില്ല, സിദ്ധാർത്ഥൻ പറഞ്ഞു.

എപ്പോഴാണു് സമയമാവുക?

ധർമപുരാണം ഇരുപത്തിനാല്

കാട്ടുകളുടെ പ്രതികാരം

ധർമ്മപുരാണം

നിന്റെ മനസ്സിനുമീതെ ഇനിയും ഇരുട്ടുകൾ നിറയുമ്പോൾ, നിന്റെ മനസ്സിനുമീതെ ശാന്തി തടംകെട്ടുമ്പോൾ, രാജാവു പറഞ്ഞു. മനസ്സിൽ മഴപെയ്യുമ്പോൾ...

ബലാൽസംഗത്തിന്റെ സ്രാവങ്ങൾ പിന്നെയും തണുത്തു. തന്റെ തുടയിലും യോനിയിലും, ഇരുട്ടുത്തു് ഒന്നും കാണാത്ത കണ്ണുകൊണ്ടു്, ലാവണ്യ നോക്കി. അങ്ങിനെ നോക്കവെ. അപാരമായ ആ കടലിന്റെ ദർശനം അവൾക്കുണ്ടായി. വന്യമായ കരയ്ക്കെതിരെ തലതല്ലിയലയ്ക്കുന്ന ഇരുൾക്കടൽ, ആ കരയിൽ തകർന്നടിഞ്ഞ ശുക്ളബീജങ്ങൾ, ചിന്നിച്ചിതറിയ പേടകങ്ങൾക്കിടയിൽ കടലോരത്തുകിടന്നുകൊണ്ടു് കണ്ണും കാതുംപൊട്ടിയ സന്തതികൾ നിലവിളിച്ചു. ഓരോരുത്തരായി അവർ മരിയ്ക്കവെ, അവൾ അവളുടെ നഗ്നദേഹത്തിന്റെ മണങ്ങൾ അവക്കുകൊടുത്തു. മക്കളേ, അവൾപറഞ്ഞു, ശാന്തരായി മരിയ്ക്കുക.

സ്രാവങ്ങൾ പിന്നെയും തണുത്തു. ദർശനം മങ്ങി. ലാവണ്യ വിശ്രമിച്ചു. ഇപ്പോൾ യോനിയിലെയും തുടയിലെയും നോവു്, ചുണ്ടിലെയും മുലക്കണ്ണിലെയും മുറിവു്, അവളറിഞ്ഞു. നോവിൽ അവൾ പിന്നെയും മയങ്ങി. പിന്നെയും തെളിഞ്ഞു.

സുനന്ദാ, അവൾ വിളിച്ചു.

ആ വിളിയിൽ ഭയമോ ഉദ്വേഗമോ ഉണ്ടായിരുന്നില്ല. ഭോഗത്തിന്റെയും ഗർഭത്തിന്റെയും നിറഞ്ഞമുലയുടെയും മധുരക്ഷീണം മാത്രമായിരുന്ന അതിൽ, ആ വിളിയിൽ താൻ ഒഴുകിപ്പോകുകയാണെന്നു് ലാവണ്യയ്ക്കു തോന്നി.

സോവിയറുയൂണിയനിലും അമേരിക്കയിലും അതിപ്രധാനമായ പഠനങ്ങൾ നടന്നുകൊണ്ടിരിയ്ക്കയായിരുന്ന ആ സമയത്തു്. വെളുത്ത മനുഷ്യരുടെ ലോകത്തിൽ സമ്പത്തു്. കറുത്തവരുടെ ലോകത്തിലാണെങ്കിൽ ജനപ്പെരുപ്പം, എണ്ണിയാലൊടുങ്ങാത്ത ശരീരങ്ങൾ. ഈ സ്ഥിതിവിശേഷത്തെ ശാസ്ത്രം അതിന്റെ യുക്തികൊണ്ടുനേരിട്ടു. മനുഷ്യമാംസത്തിന്റെ സമാധാനകാലപ്രയോജനത്തെ സോവിയറുയൂണിയനിലെയും അമേരിയ്ക്കയിലെയും ശാസ്ത്രജ്ഞന്മാർ ആരാഞ്ഞു.

"അമേരിയ്ക്കൻ സാമ്രാജ്യവാദികൾ ഇക്കാര്യത്തിൽ അവരുടെ വർഗ്ഗസ്വഭാവം കാണിയ്ക്കുകമാത്രമാണു ചെയ്യുന്നതു്," ഒരു സോവിയറു ശാസ്ത്രജ്ഞൻ ഒരു ചെറുചിരിയോടെ തന്റെ ഗവേഷകസമിതിയോടു പറഞ്ഞു.

"അവരിൽനിന്നു മറെറന്തു പ്രതീക്ഷിയ്ക്കാനാണു?" സമിതിയുടെ അദ്ധ്യക്ഷൻ പറഞ്ഞു.

"അക്ഷന്തവ്യമായ ക്രൂരതയോടും വാണിജ്യമനോഭാവത്തോടുമാണു് അവരീ പ്രശ്നത്തെ സമീപിയ്ക്കുന്നതു്," ശാസ്ത്രജ്ഞൻ പറഞ്ഞു.

"വാസ്തവം," സമിതിയംഗങ്ങൾ പറഞ്ഞു.

"നാമാകട്ടെ," ശാസ്ത്രജ്ഞൻ തുടർന്നു, "മനുഷ്യവർഗ്ഗത്തിന്റെ ആകെമൊത്തമായ പുരോഗതി മനസ്സിൽ കണ്ടുകൊണ്ടാണു് ഇക്കാര്യം നിർവ്വഹിയ്ക്കുന്നതു്, അവികസിത രാജ്യങ്ങളുടെ പ്രശ്നം ജനപ്പെരുപ്പമാണു്, അതു പരിഹരിയ്ക്കാൻ വൻതോതിൽ വന്ധ്യംകരണം നടത്താനായിരുന്ന സാമ്രാജ്യത്വം അവരെ ഉപദേശിച്ചതു്. നമ്മോ, നാം ആ ജനപ്പെരുപ്പത്തെ സമാധാനപരമായ മാർഗ്ഗങ്ങളിലേയ്ക്കു തിരിച്ചുവിടാൻ നമ്മുടെ അവികസിത സുഹൃത്തുക്കളെ ഉപദേശിച്ചു,"

"ഇന്നു് സാമ്രാജ്യത്വംപോലും ആ മാർഗ്ഗം അംഗീകരിച്ചുകഴിഞ്ഞു," ഒരു സമിതിയംഗം പറഞ്ഞു.

"അതെ," ശാസ്ത്രജ്ഞൻ പറഞ്ഞു, "വിപ്ളവത്തിന്റെ പന്ഥാവു വിജയിയ്ക്കുന്നു. മാത്രമല്ല, നമ്മുടെ ഈ സംരംഭം ആത്മാവിലും പുനർജ്ജന്മത്തിലുമൊക്കെയുള്ള അന്ധവിശ്വാസങ്ങളെ തകർക്കുന്നു. അങ്ങിനെ നാം ഈ അവികസിതരാജ്യങ്ങളിലെ ജനതകളുടെ മോചനം ത്വരിതപ്പെടുത്തുന്നു."

അമേരിയ്ക്കയിലും, ശാസ്ത്രജ്ഞന്മാരും ദാർശനികരും ഒരുമിച്ചിരുന്നു ചർച്ചകൾ നടത്തി.

"ഇതിന്റെ നൈതികവശം നിങ്ങൾ മറക്കരുതു്," ദാർശനികർ ശാസ്ത്രജ്ഞന്മാരെ ഓർമ്മിപ്പിച്ചു.

"ഇക്കാര്യം ദാർശനികർക്കു വിട്ടതുകൊണ്ടു് എന്താകുമെന്നു് ഞങ്ങൾക്കറിയാം," ശാസ്ത്രജ്ഞന്മാർ പറഞ്ഞു. "ശാസ്ത്രത്തിന്റെ പുരോഗതി മാത്രമാണു് ദാർശനികരുടെ കർത്തവ്യം സുഗമമാക്കിത്തീർത്തതെന്നു് അവർ എപ്പൊഴും മറക്കുന്നു."

സംവാദത്തിന്റെ നടത്തിപ്പുകാരനായ വ്യവസായപ്രമാണി പറഞ്ഞു, "അതും ശരിയാണു്. പക്ഷെ നാമിങ്ങിനെ ചേരിതിരിയുന്നതു നന്നല്ല. ഈ ചെറിയ ഗോളത്തിന്റെ വിഭവങ്ങൾ പരിമിതമാണു്. ആ പരിമിതിയെ അതിജീവിയ്ക്കാൻ മനുഷ്യവർഗ്ഗം പഠിച്ചേ പററൂ. മനുഷ്യവർഗ്ഗത്തിൽ ഏററവും ശ്രേഷ്ഠമായതു് ജീവിയ്ക്കുകയും അഭിവൃദ്ധിപ്പെടുകയും വേണം. അതിനായി നിങ്ങളിരുവരും പങ്കാളികളായി പ്രവർത്തിയ്ക്കുക."

സോവിയറു പത്രങ്ങൾ അവരുടെ പതിവനുസരിച്ചു. അവർ വിവാദത്തിനു മുതിർന്നില്ല എന്നാൽ അമേരിയ്ക്കൻ പത്രങ്ങൾ അവയിൽ മുങ്ങിത്തിമർത്തു. നിരന്തരമായ അക്ഷരപ്രവാഹത്തിൽ, ബിംബധാരയിൽ, അവ സാധാരണ പൌരന്മാരുടെ മനസ്സുകളെ പരവശമാക്കി. എങ്കിലും ചില പ്പോൾ അങ്ങുമിങ്ങും പഴമക്കാരികളായ വീട്ടമ്മമാർ അവരുടെ ഭർത്താക്കന്മാരോടു പിണങ്ങി. ഒരു വ്യവസായപ്രമുഖന്റെ വലിയ വീട്ടിനകത്തു് അയാളുടെ വീട്ടുകാരി ഇങ്ങിനെ പറഞ്ഞു, "ഇതു വേണ്ടായിരുന്നു. ദൈവമേ, നമുക്കു മുന്നെപ്പോലെ മതിയായിരുന്നു."

"പ്രിയേ!" ഭർത്താവു സ്നേഹപൂർവ്വം താക്കീതുചെയ്തു.

"വേണ്ടായിരുന്നു, ദൈവമേ. മുന്നെപ്പോലെ കാളയിറച്ചി മതിയായിരുന്നു," അവളുടെ സ്വരം ഉയർന്നു് അസ്ഥിരമായി.

"പ്രിയേ, കാളയ്ക്കുതിന്നാൻ പുല്ലുവേണ്ടേ?"

"നമ്മുടെ പുൽമൈതാനങ്ങൾ—"

"നീ ചരിത്രത്തിലൂടെ പുറകോട്ടു പോകാൻ ആഗ്രഹിയ്ക്കുന്നവളാണു്. അങ്ങിനെ ചെയ്യാതിരിയ്ക്കാൻ പഠിയ്ക്കൂ. കാടുകളെയും പുൽമൈതാനങ്ങളെയും ശാസ്ത്രം വെന്നുവല്ലോ. അവയ്ക്കുമുകളിലത്രയും സിമെൻറുതലങ്ങൾ ഉറഞ്ഞുകഴിഞ്ഞതല്ലോ."

"പുൽമൈതാനങ്ങളിൽ മേഞ്ഞുനടക്കുന്ന കാളകളുടെ ഇറച്ചിമതി," അവൾ വ്യഥിതയായി ആവർത്തിച്ചു, "ദൈവമേ, ദൈവമേ!"

"പ്രിയേ, ശാന്തയാകൂ," ഭർത്താവു പറഞ്ഞു. "ഭൂഗോളത്തിന്റെ ഒരുവശത്തു് ജനം പെരുകുന്നതു നന്നല്ല. നമുക്കു നന്നല്ല, അവക്കും നന്നല്ല."

"ദൈവമേ," വീട്ടമ്മ നെഞ്ചത്തു കൈകൊടുത്തുവരച്ചു. "അതിനു പരിഹാരം

ധർമ്മപുരാണം

നാം നരഭക്ഷകരാവുകയെന്നതാണോ?"

"എന്ത്" ആരുപറഞ്ഞു?" ഭർത്താവു പറഞ്ഞു. "നമ്മുടെ ഭക്ഷ്യശാസ്ത്രജ്ഞന്മാർ ജീവന്റെ ആവർത്തനസ്വഭാവം അംഗീകരിയ്ക്കുന്ന ഒരു ഭക്ഷ്യപദാർത്ഥം കണ്ടുപിടിച്ചിരിയ്ക്കുന്നു. അല്ലാതെന്താണിവിടെ നടന്നതു്?"

"പ്രാകൃതരായ കാട്ടുമനുഷ്യർ—"

"നിന്ദ്യം! നീ പറഞ്ഞുതുടങ്ങുന്നതു് എന്താണെന്നു് എനിയ്ക്കറിയാം. തീയിന്നുചുറ്റും കൂത്താടി മറിഞ്ഞു് ശത്രുവിന്റെ മൃതദേഹത്തെ പൊരിച്ചുതിന്ന നരഭോജികൾക്കു് എന്തെങ്കിലുമൊരു ദർശനമുണ്ടായിരുന്നുവോ?"

"ഈ പാപത്തിന്റെ ഫലി—"

"നമ്മുടെയന്ത്രയും പാപങ്ങൾ ദൈവപുത്രനായ ക്രിസ്തു ഏറ്റെടുത്തുകഴിഞ്ഞതല്ലേ? നീ പിന്നെയും അതിലേയ്ക്കു മടങ്ങി നിരാശപ്പെടുന്നതെന്തിനു്? പോരെങ്കിൽ, ഇവിടെ പാപത്തിന്റെ പ്രശ്നമേയില്ല. സാമ്രാജ്യത്വത്തിന്റെ പ്രശ്നംപോലുമില്ല. കാരണം ഈ കച്ചവടംമൂലം അവികസിതസമ്പൽരാഷ്ട്രങ്ങൾക്കു് സമ്പത്തും സമൃദ്ധിയുണ്ടാവുന്നു. ജനപ്പെരുപ്പം കുറയുകയാൽ അവിടങ്ങളിലൊക്കെ ജനാധിപത്യസ്ഥാപനങ്ങൾ സുസ്ഥിരങ്ങളായിത്തീരുകയും ചെയ്യുന്നു. ഈ രാജ്യങ്ങളിലെത്രയും പ്രാതിനിധ്യസ്വഭാവമുള്ള ഭരണകൂടങ്ങൾ ഇന്നുണ്ടു്. ഈ ഭരണകൂടങ്ങളാണു് നമുക്കാവശ്യമായ അസംസ്കൃതപദാർത്ഥം തരുന്നതു്. അതു് അവരുടെ വികസനത്തിനു സഹായിയ്ക്കുന്നു."

"പത്തുകൊല്ലംമുമ്പു ഞാൻ കണ്ട ധർമ്മപുരിയും ഇന്നത്തെ ധർമ്മപുരിയും—"

ധർമ്മപുരാണം

"നീ ക്ഷോഭിച്ചിരിയ്ക്കുന്നു—"

"അതെ."

"ക്ഷോഭശമനി ഗുളികതരട്ടേ? അതിനുമുമ്പു്, നീ ക്ഷോഭിച്ചിരിക്കുന്നതു് എന്തിനാണെന്നു പറയൂ. നിന്റെ ക്ഷോഭം, നീ എന്നെ വിശ്വസിയ്ക്കുമെങ്കിൽ, വ്യർത്ഥമാണു്. നീ അന്നു കണ്ട ധർമ്മപുരിയല്ല ഇന്നു്. കാട്ടുകൾ വെട്ടിത്തെളിയിയ്ക്കപ്പെട്ടന്നു. അങ്ങിനെ വെട്ടിത്തെളിയിച്ച നിലങ്ങളിൽ വ്യവസായശാലകൾ ഉയർന്നവരുന്നു. ജനസംഖ്യ പത്തിലൊന്നായി ചുരുങ്ങാൻ പോവുന്നു. ആളുകൾ സമൃദ്ധിയും ആനന്ദവും അറിയാൻപോവുന്നു—"

"അവിടെ വിപ്ലവം നടക്കുന്നു."

"ആരുപറഞ്ഞു?"

"നമ്മുടെ കുട്ടികൾ."

"നമ്മുടെ കുട്ടികൾ തെണ്ടികളായിത്തീരുകയാണു്." വ്യവസായപ്രമുഖൻ പറഞ്ഞു. "അവർ കാട്ടാളത്തത്തിലേയ്ക്കു മടങ്ങിപ്പോവുകയാണു്."

വീട്ടമ്മ കരയാൻതുടങ്ങി.

"എന്നെയും അവരുടെ കാട്ടുകളിലേയ്ക്കു പോകാൻ അനുവദിയ്ക്കുക," അവൾ പറഞ്ഞു. "ധർമ്മപുരിയിലെ വിപ്ലവത്തിൽ ഞാനും പങ്കെടുക്കട്ടെ."

"നിനക്കു ഭ്രാന്താണു്," ഭർത്താവു പറഞ്ഞു. "ആ വിപ്ലവത്തിൽ നമ്മുടെ ചാരന്മാർ നഴ്സുകേറിയിട്ടുണ്ടു്. അവരതിനെ പാടേ തകർക്കും. തൊഴിൽശാലകളെ നശിപ്പിയ്ക്കുന്ന വിപ്ലവം, എവിടെനടന്നാലും, നമ്മുടെ ജീവിതരീതിയ്ക്കു് ഹാനികരമാണു്" മാത്രമല്ല, സോവിയറ്റു ജീവിതരീതിയ്ക്കും അതു ഹാനികരമാണു്. വേശ്യകളെ കൂട്ടുറപ്പിയ്ക്കുന്നവിടുന്ന വിപ്ലവം വ്യക്തിസ്വാതന്ത്ര്യത്തെ അപകടപ്പെടുത്തും."

"നിങ്ങളുടെ ചാരന്മാർ ആ വിപ്ലവത്തെ തകർക്കട്ടെ," അവൾ പറഞ്ഞു. "നമ്മുടെ മക്കൾ നിങ്ങളുടെ വ്യവസായങ്ങളെയും അവയുടെ സംസ്കാരത്തെയും തകർക്കും."

ആ സമയത്തു് അടുക്കളയിൽനിന്നു് ഒരു കാപ്പിരിപ്പെൺകുട്ടി ഒരു താലം ഭക്ഷണവുമായി മുറിയിലേയ്ക്കുവന്നു. അതിൽനിന്നുയർന്ന ആവി നരകാതിരിയ്ക്കാൻ വീട്ടമ്മയ്ക്കു കഴിഞ്ഞില്ല അതു് പ്രലോഭിപ്പിയ്ക്കുന്നു. പൂക്കളുടെയും പഴങ്ങളുടേയും ആകൃതിയിൽ പാകംചെയ്തെടുത്ത വിശിഷ്ടഭോജ്യത്തിലേയ്ക്കു നോക്കി വീട്ടമ്മ തരിച്ചിരുന്നു. ഒരു മുള്ളിൽ അതിത്തിരി കുത്തിയെടുത്തു് അവളുടെ ചുണ്ടോടടുപ്പിച്ചു് ഭർത്താവു കൊഞ്ചി, "ഇതൊന്നു തിന്നുനോക്കു, തേനേ."

അയാൾ അവളുടെ കഴുത്തിലും കവിളിലും ഉമ്മവെച്ചു. പതുക്കെ മുലകളെ തഴുകി.

"കഴിച്ചുനോക്കു പ്രിയതമേ. നിന്റെ ആരോഗ്യവും സൌന്ദര്യവും ഇനിയും പ്രസരിയ്ക്കട്ടെ. രതിനിറഞ്ഞ എത്രവർഷങ്ങളാണു് ഇനിയും നമ്മുടെ മുന്നിൽ."

ചുംബനങ്ങളിൽ അവൾ ഇക്കിളികൊണ്ടു. ഭർത്താവിന്റെ കൈപ്പടം മുലകളിൽ വീണ്ടുമമർന്നപ്പോൾ അവൾ പുളഞ്ഞു. അയാൾ ചുണ്ടുകളിൽ മുത്തി

"അങ്ങിനെ," ചുണ്ടിനും ചുണ്ടിനുമിടയ്ക്കു കുതിന്ന ശ്ലഥസ്വരങ്ങളിൽ അയാൾ പറഞ്ഞു. "അങ്ങിനെ. എന്റെ രാമന ചുണ്ടുതുറക്കു."

ചുണ്ടുകൊണ്ടു്, നാവുകൊണ്ടു്, ചുണ്ടുവീടർത്തിക്കഴിഞ്ഞപ്പോൾ അവൾ ചുണ്ടടച്ചില്ല. മുള്ളിൽ കുത്തിയെടുത്ത ഭക്ഷ്യപദാർത്ഥം അയാൾ അവളുടെ വായിലേയ്ക്കു കടത്തി. അവൾക്കു വായിൽ വെള്ളമൂറി. വായിലെ വെള്ളം ഒഴുകി. അതോടെ അവളുടെ ശരീരം തുടുത്തിരുകയും ഈറനില്ലത്തിലെ കഞ്ഞിന്റെ കരച്ചിൽ അവളുടെ കാതുകളിൽ നിറയുകയും ചെയ്തു. ആ കരച്ചിൽ വിഭ്രാന്തമായ്ത്തീർന്നു. രതിപോലെ, പ്രതികാരംപോലെ, പതനംപോലെ, വായിലെ ഭക്ഷ്യശകലത്തിന്റെ രുചി വിഭ്രാന്തമായ്ത്തീർന്നു. കണ്ണുപൂട്ടി, ആദ്യ വ്യഭിചാരത്തിന്റെ ഉദ്വേഗത്തോടെ, അവൾ ചവച്ചുതുടങ്ങി. പിന്നെയും ഒരു വായ, പിന്നെയും പിന്നെയും. ശാസ്ത്രജ്ഞന്റെ പ്രതിഭയിൽ പരിണമിച്ച, വീട്ടകങ്ങളുടെ സാത്വിക ബിംബങ്ങളിൽ പാചകശില്പം ചെയ്യപ്പെട്ട, അവികസിത രാജ്യങ്ങളുടെ നരമാംസം.

"എന്റെ ഭർത്താവേ," മോഹാലസ്യത്തിലെന്നോണം അവൾ പറഞ്ഞു.

ഭക്ഷണത്തിനുശേഷം കിടപ്പറയിൽ, നരമാംസത്തിന്റെ ചൂടിൽ, വിത്തസമൃദ്ധിയുടെ ചൂടിൽ, മദ്ധ്യവയസ്കമായ അവർ കെട്ടിപ്പിടിച്ചു രമിച്ചു. ഭോഗാലസ്യത്തിൽ, ഉറക്കത്തിൽ, കൺപോളകളടയുന്നതിനുമുമ്പു് അവൾ പറഞ്ഞു, "ഭർത്താവേ, ഞാൻ നമ്മുടെ കുഞ്ഞുങ്ങളെയോർത്തു് ഭയന്നുപോകുന്നു. അവരവിടെയെന്തു ചെന്നു നോക്കുക."

അവളുറങ്ങി. സല്പും ഇടിഞ്ഞതെങ്കിലും ശില്പസൌഷ്ഠവമുള്ള മുലകൾ. നീണ്ടകൈകളും നീണ്ടുകളിത്തുടകളും. മഞ്ഞുപിടിപ്പിയ്ക്കുന്നൊരു ഇത്തിക്കണ്ണിയെപ്പോലെ, മാന്ത്രികമായൊരു ശിഖരസസ്യത്തെപ്പോലെ, യോനിമുഖത്തെ ചുഴ്ന്നവളർന്നു മുടിച്ചുരുളുകൾ. ചരിത്രത്തിലെ അന്തിമമായ വർണ്ണസമരത്തിൽ വിജയിയായ വെളുത്ത മനുഷ്യന്റെ സൌന്ദര്യമാണിതു്. അതിനെ ചിരഞ്ജീവിയാക്കണം. സുഗന്ധവസ്തുക്കളുടെ നിറവുമുറഞ്ഞ അവിടം. പതുക്കെ മുത്തിയിട്ടു് ഭർത്താവു് വീടിന്റെ

ധർമ്മപുരാണം

മുകൾനിലയിലേക്ക കേറി. കുട്ടികൾ അവിടെ ഒളിച്ചിരിക്കുന്നുണ്ടാവുമോ?

മച്ചിന്റെ വാതിൽ അടച്ചിരുന്നു. അയാൾ അതു തള്ളിത്തുറന്നു. അയാൾ ഒരുനിമിഷം കല്ലുപോലെ ഉറഞ്ഞു നിന്നു.

മകനും മകളും, മകന്റെ കൂട്ടുകാരിയും മകളുടെ കൂട്ടുകാരനും, നാലുപേരും നഗ്നരായി എണീറ്റു. തന്റെ മകളുടെ നഗ്നത അയാളുടെ കണ്ണഞ്ചിച്ചു. നഗ്നരായി അവർ നിന്നുചിരിച്ചു.

നിലത്തുവിരിച്ച താമരയിലയിൽ അപ്പവും മത്സ്യവും.

അയാൾ മുഷ്ടി ചുരുട്ടി അവരുടെ നേർക്കുനീങ്ങി.

"വേശ്യേ, ഇതിനായിരുന്നോ നീ നിന്നെ ഞാൻ വളർത്തിയതു"? സുഖവും സമ്പത്തും വ്യയം ചെയ്തതു"?"

"അച്ഛൻ ഒരടിപോലും മുമ്പോട്ടു വെയ്ക്കരുതു"," മകൻ പറഞ്ഞു.

ആ സ്വരത്തിലെ മുഴങ്ങുന്ന ഹിംസ അയാളറിഞ്ഞു. അയാൾ നിന്നു.

"നീ എന്നെക്കൊല്ലുമോ?" അയാൾ ചോദിച്ചു.

"അച്ഛൻ ഇവിടെ വരുന്നതു് സമാധാനത്തിലാണെങ്കിൽ ഞങ്ങളുടെ അതിഥിയാവൂ," മകൻ പറഞ്ഞു. "ഇതാ ഈ അപ്പവും മത്സ്യവും അൻപിന്റെയും അതുതത്തിന്റെയും ആദിരൂപങ്ങളാണു്. അല്ല, അച്ഛൻ ഞങ്ങളെ തടയാനാണ വരുന്നതെങ്കിൽ, അച്ഛാ, മൈലായിലെ കൂട്ടക്കൊലയെക്കാൾ ഹീനമല്ലല്ലോ പിതൃഹത്യ."

നട്ടെല്ലു നിശ്ശബ്ദനായി, ദീർഘമായ വിരാമത്തിനുശേഷം അയാൾ ഞരങ്ങി, "ദൈവമേ—"

"നേപ്പാം എന്ന മാരകമായ വിധ്വംസകപദാർത്ഥം പാകംചെയ്തെടുത്തു" അച്ഛൻ സമ്പത്തു നേടി," മകൻ പറഞ്ഞു. "അതു ഞങ്ങൾക്കു വേണ്ട."

ശബ്ദം വീണ്ടെടുത്ത വ്യവസായി

ധർമ്മപുരാണം

പറഞ്ഞു, "ശാസ്ത്രത്തിന്റെയും സമൃദ്ധിയുടെയും വിഭവങ്ങളത്രയും നിങ്ങളുടെമേൽ ഞാനഭിഷേകംചെയ്തു എന്നിട്ടു മിതാ എന്റെ കൊട്ടാരത്തിന്റെ മുകൾത്തട്ടിൽത്തന്നെ നിങ്ങൾ ഒരു കാട്ടുചമ യ്ക്കുന്നു."

"ഇവിടെ മാത്രമല്ല, അച്ഛാ," മകൾ പറഞ്ഞു. "അച്ഛന്റെ തൊഴിൽശാലയിലും നിങ്ങളുടെ വിമാനത്താവളങ്ങളിലും ബഹിരാകാശനൗകാശയങ്ങളിലും നിങ്ങളുടെ ഉദ്ധതമായ വാഹനങ്ങളുടെ പെരുവഴികളിലത്രയും കാട്ടുകൾ വളരാൻ പോറ്റുകയാണു്. ഞങ്ങളുടെ രാജാവിന്റെ വിപ്ലവമാണിതു്—"

"രാജാവോ?"

"സിദ്ധാർത്ഥൻ."

"ആ കാപ്പിരിയോ? വെളുത്തവർഗ്ഗത്തിന്റെ ശത്രു—"

"സിദ്ധാർത്ഥൻ ആരുടെയും ശത്രുവല്ല. സ്നേഹത്തിന്റെയും വർണ്ണസങ്കരത്തിന്റെയും രാജാവു മാത്രമാണു്."

അച്ഛന്റെ ചോര ചൂട്ട. അതു കയർത്തു ചുവന്നു.

"നായ്ക്കളേ!" അയാൾ അലറി. ഞാനിതവസാനിപ്പിയ്ക്കും. നിങ്ങളുടെ കാപ്പിരിരാജാവിന്റെ വിപ്ലവവും അവസാനിയ്ക്കാറായെന്നു് ഓർമ്മിച്ചുകൊള്ളുവിൻ."

"അച്ഛാ," മകൻ പറഞ്ഞു, "ഇതു മുറിയേറെ സസ്യങ്ങളുടെ വിപ്ലവമാണു്. വിയറ്റ്നാമിലെ കാടുകളെ സ്മരിയ്ക്കുക. അച്ഛനല്ലാദിപ്പിച്ച ആഗ്നേയങ്ങളാണു് ആ കാടുകൾക്കുമേൽ വിമാനങ്ങൾ വർഷിച്ചതു്."

"നിർത്തുക!"

"ഇതു നിർത്താനല്ല," മകൻ പറ

(ശേഷം 40–ൽ)

വാസു രാവിലെ പുറത്തുപോയി. കിട്ടിയപണി ചെയ്തു. ഉച്ചയ്ക്കു് ഊണിനു വന്നു. ഊണുകഴിഞ്ഞു വീണ്ടും പുറത്തു പോയി രാത്രി ഉറങ്ങാൻ വന്നു.

മൊയ്തീൻകുട്ടിയുടെ കടയിൽവച്ചു് അവൻ പലരെയും പരിചയപ്പെട്ടു. മൊയ്തീൻകുട്ടിയുടെ പതിവു പറ്റു പിടിക്കാരിൽ ഏറിയപങ്കും മലയാളികളായിരുന്നു. അവരെക്കുറിച്ചുള്ള വിവരങ്ങൾ മൊയ്തീൻകുട്ടിയിൽനിന്നു തന്നെയാണു വാസുവിനു കിട്ടിയതു്. അവരിലധികം പേരും ഉദ്യോഗസ്ഥന്മാരാണു്. ഉയർന്ന ശമ്പളക്കാരും താണ ശമ്പളക്കാരുമുണ്ടു്. വിദ്യാർത്ഥികളുമുണ്ടു്. ജോലി തേടിവന്നു്, നാട്ടിൽനിന്നു പണംവരുത്തി ജീവിക്കുന്നവരുണ്ടു്. പലതരക്കാർ. പല പ്രായക്കാർ. നാട്ടിൽതന്നെ പല സ്ഥലത്തുകാർ. പരിസരത്തുള്ള വിവിധ ലോഡ്ജുമുറികളിലാണു് അവരൊക്കെ താമസം.

"എന്തെങ്കിലും പണിതരായ്കയിഞ്ഞാലനക്കം ലാഡ്ജിലു് കൂടാം," മൊയ്തീൻകുട്ടി പറഞ്ഞു." ഇബ്ടക്കെടന്നു് കശ്മലപ്പെടണ്ട,"

വാസു ചിരിച്ചതല്ലാതെ മറുപടി ഒന്നും പറഞ്ഞില്ല.

മൊയ്തീൻകുട്ടി പറഞ്ഞതുപോലെ അവിടെ താമസസൗകര്യം വളരെ കുറവായിരുന്നു. കടുപ്പിന്നിൽ കടയോടു ചേർന്നുള്ള ഒരു കൂട്ടുസുമുറിയിൽ മൊയ്തീൻകുട്ടിയുടെ കയറ്റു കട്ടിലിനു മുവട്ടിൽ പായവിരിച്ചു് മൊയ്തീൻകുട്ടിയുടെ ഒരകന്നചാർച്ചക്കാരനും കടയിലെ പണിക്കാരിലൊരുവനുമായ ബീരാൻകുട്ടിയും വാസുവും കിടന്നു കൊതുകിന്റെ ശല്യം വേണ്ടത്ര. എന്നിട്ടും വാസുവിനു് അതു കൊട്ടാരമായിരുന്നു.

ഇതെന്നിക്കി മഹാനഗരത്തിൽ കിട്ടിയ ആദ്യത്തെ അഭയകേന്ദ്രമാണു്, അവൻ തന്നോടുതന്നെ പറഞ്ഞു, അതുതന്നെയാണു് ഇതിന്റെ മഹിമ. മൊയ്തീൻകുട്ടിയോടു് അവനു പറഞ്ഞറിയിക്കാനാവാത്ത നന്ദി ഉണ്ടായിരുന്നു.

മൊയ്തീൻകുട്ടിയുടെ കടയിലെ പറ്റുപിടിക്കാരിൽ വാസുവിനെ ഏറ്റവും കൂടുതൽ ആകർഷിച്ചതു് ശേഖരൻ മാസ്റ്റർ എന്നെല്ലുവരും വിളിക്കുന്ന ഒരു മനുഷ്യനാണു്. പത്തുമുപ്പത്തിരണ്ടു വയസ്സു പ്രായം

ഈനാഞ്ഞളുടെ

ലോകം 27

വരുന്ന, ഇരുനിറക്കാരനായ ഒരു മെലിഞ്ഞ മനുഷ്യൻ. കഷണ്ടി കയറിയ തല. വീതിയേറിയ, ഉയർന്ന നെറ്റി. നീണ്ട മൂക്കു്. തീക്ഷ്ണമായ കണ്ണുകൾ. പരന്ന മീശ. നേർത്ത ചുണ്ടുകൾ. ഉന്തിനില്ക്കുന്ന താടിയെല്ലുകൾ. ബീഡിക്കറകൾ പിടിച്ചു് ചുണ്ടുകൾ കറുത്തിരുന്നു. അയാൾ അലക്ഷ്യമായി വസ്ത്രം ധരിച്ചു. ജൂബ്ബയും പൈജാമയുമായിരുന്ന മിക്കവാറും വേഷം. ചിലപ്പോൾ പൈജാമയ്ക്കു പകരം മുണ്ടോ പരുക്കൻ തുണിയുടെ പാൻറ്സോ ധരിച്ചു. വളരെ അപൂർവ്വം മാത്രം മുറിക്കയ്യൻ ഷർട്ടു് ധരിച്ചു.



കാക്കനാടൻ

ശേഖരൻമാസ്റ്ററെ അവിടെ വന്ന ആൾക്കാരൊക്കെ ബഹുമാനിക്കുന്നുണ്ടെന്നു് വാസുവിനു മനസ്സിലായി.

"ബല്യബിബ്രോള്ള ആളാണു് മാഷു്, അനക്കറിയ്യോ?" മൊയ്തീൻകുട്ടി പറഞ്ഞു. "ഒരുപടി പടിച്ചിട്ടുണ്ടു്. ലോകത്തൊള്ള സകല ബാശേം അറിയും. ഓരോ കാര്യങ്ങളെക്കുറിച്ചു് മാഷു് പറ്യാൻ തൊടങ്ങുമ്പോഴറിയാം. ഇങ്ങനേണ്ടോ മനുസേമ്മാര്. ബല്യ ആളാബണ്ടതാ. ഇബ്ടൊര ഇംഗ്ളീഷു് പത്രത്തിലു് കുത്തിപ്പിടിച്ചിരുന്നു പണിയെട്ക്കണ്ടാളൊന്നല്ല."

"എവിടെയാണങ്ങേരുടെ നാടു്?" വാ

സു അനേഷിച്ചു.

"ആരിക്കറിയാ," മൊയ്തീൻകുട്ടി കൈമലർത്തി. "രാജ്യേബ"ട്യാന്റെ ശോയിച്ചാലങ്ങോരു ചിരിക്കും. അതുതന്നെ."

വാസു ശേഖരൻമാസ്റ്ററെ ബഹുമാനപൂർവ്വം നിരീക്ഷിച്ചു. പക്ഷേ, ഒന്നും സംസാരിക്കാൻ പോയില്ല. ആരോടും അങ്ങനെ ഇടപെടാൻ അവൻ തയ്യാറായില്ല അവരൊക്കെ തന്നെക്കാളുയർന്ന മറേറാരു ബഹുമാന്യവർഗ്ഗമാണെന്നു" അവനു" തോന്നിയിരുന്നു. അതുകൊണ്ടു" അവൻ സങ്കോചത്തോടെ അവരിൽ നിന്നൊഴിഞ്ഞു നിന്നു.

"ജ്ജെന്തെങ്കിലുമൊരു പണി പടിക്കണ, ട്ടോ വാസ്വേ," ഒരുരാത്രി മൊയ്തീൻകുട്ടി ഉപദേശിച്ചു." ബറ"ത്തെ പത്താംക്ലാസു" പടിച്ചുനടന്നിട്ടു കാര്യല്ല. ബല്ലടെപ്പോ മറെവിങ്ങോ ഒക്കെ പടിക്കണം. എങ്കിലേ ബല്ല പണീം തര"വു."

"അതിനു പണം വേണ്ടേ ഇക്കാ?"

"ഞമ്മക്കൊരുപുത്തി."മൊയ്തീൻകുട്ടി പറഞ്ഞു."ജ്ജന്റെ കണക്കെയ"തിത്താ. അയ"ന്റെ പകരാ ഇബടന്നു" ശാപ്പാട്ടു" കയിച്ചോ. ചമ്പളൊന്നും തരാൻ ഞമ്മക്കു കയ്യുല്ല. പൊറത്തു ബേലശെയ്തു" കിട്ടണ കാശനക്കു" ശമ്പാതിക്കാം, യേതു"?"

വാസുവിനു മൊയ്തീൻകുട്ടിയോടുള്ള നന്ദിയും സ്നേഹവും കടപ്പാടും പൂർവ്വാധികം വർദ്ധിച്ചു.

രാത്രി പറുപിടിക്കാരൊക്കെ പിരിഞ്ഞുകഴിഞ്ഞു", നൈറ"ഡ്യൂട്ടിക്കാരൻ ബീരാൻകുട്ടി ഒഴിച്ചുള്ള പണിക്കാരും പോയ"ക്കഴിഞ്ഞു", മൊയ്തീൻകുട്ടിയും വാസുവുംകൂടി കണക്കുകൾ കൂട്ടി. മൊയ്തീൻകുട്ടി പകൽ തുണ്ടു കടലാസിൽ കുറിച്ചുവച്ചിട്ടുള്ളതും ഓർമ്മയിൽനിന്നും പറഞ്ഞുകൊടുക്കുന്നതുമായ കണക്കുകൾ ഒരു വലിയ പുസ്തകത്തിൽ വേണ്ടപോലെ എഴുതി, കൂട്ടിക്കുയ്യുകയായിരുന്ന വാസുവിന്റെ പണി.

പുതിയ പണിയിൽ പ്രവേശിച്ച ആദ്യരാത്രി പണി കഴിഞ്ഞു" കിടക്കാൻ പോയപ്പോൾ വാസു പറഞ്ഞു.

"നാട്ടീന്നു കത്തിതുവരേം വന്നില്ലല്ലോ മൊയ്തീൻ കുട്ടിക്കാ."

"ഇപ്പയെത്ര ദെവസിയായി?" മൊയ്തീൻകുട്ടി ചോദിച്ചു.

"ഏഴ്ഴദിവസം കഴിഞ്ഞു." വാസു മനക്കണക്കു കൂട്ടി പറഞ്ഞു.

"എയ"ദെവശി..." മൊയ്തീൻകുട്ടി ആലോചനയോടെ പറഞ്ഞു:" നാളെക്കിട്ടണം. ഇല്ലെങ്കി കട്ടായം മറെറന്നാക്കിട്ടം പഹയാ. ജ്ജ" ബേജാറാവണ്ട."

മൊയ്തീൻകുട്ടി പറഞ്ഞമാതിരി അടുത്തദിവസം കത്തുവന്നു.

ഉച്ചയ്ക്കു" ഊണിനുവന്ന വാസുവിനോടു" മൊയ്തീൻകുട്ടി ചോദിച്ചു:" ജ്ജനിക്കെത്തരും?"

"എന്തിനു"?"

"ഇതിനു"," മൊയ്തീൻകുട്ടി കവറെടുത്തുയർത്തിക്കാട്ടി.

വാസു സന്തോഷംകൊണ്ടു മതിമറന്നു. അവൻ മൊയ്തീൻകുട്ടിയുടെ കയ്യിൽനിന്നും കവറുപിടിച്ചു പറിച്ചുകൊണ്ടു പുറത്തേക്കു" ഓടി.

"ചെക്കന്റെ ഒരു പ"രാന്ത"!" മൊയ്തീൻകുട്ടി പൊട്ടിച്ചിരിച്ചു. ഊണു കഴിച്ചുകൊണ്ടിരിക്കുന്നവരോടായി അയാൾ പറഞ്ഞു:

"ഓന്റെ പെണ്ണിന്റെ എയ"ത്താ. അതാ ചാട്ടം. പാവം!"

ചായക്കടയിൽ നിന്നു കുറച്ചകലെ ആളൊഴിഞ്ഞൊരു മരച്ചുവട്ടിൽ ചെന്നുനിന്നു" വാസു കവറു പൊട്ടിച്ചു. ഏതോ പഴയ നോട്ടു"ബുക്കിൽനിന്നു" വലിച്ചു കീറിയെടുത്ത പഴങ്കടലാസുകൾ നിവർത്തു.

"എന്റെ എത്രയും പ്രിയപ്പെട്ട എന്റെ വാസു ചേട്ടനു"," അവൻ വായിക്കാൻ തുടങ്ങി.

വടിവില്ലാത്ത കയ"പടയിലെ അക്ഷരത്തെറ്റുകളിലൂടെ അവൻ സരസമ്മയെ കണ്ടു. മറേറമ്മയെ കണ്ടു. അയല്ലാരെ കണ്ടു ഗ്രാമം കണ്ടു കേളനരുവി കണ്ടു തിരുവള്ളിക്കാവു കണ്ടു. അവന്റെ മനസ്സിനു" ഏറെറവും അടുപ്പമുള്ള അവന്റെ സ്വന്തം ലോകം കണ്ടു. അവന്റെ ആർത്തി പിടിച്ചകണ്ണുകൾ ആ ലോകത്തിലൂടെ സഞ്ചരിച്ചു അവന്റെ വിറപൂണ്ട വിരലുകൾ കടലാസുകൾ മറിച്ചു. എല്ലാ കാര്യങ്ങളും വിശദമായി എഴുതിയിരുന്നു സരസമ്മ.

മറേറമ്മയ്ക്കു പനിയായിരുന്നു. തട്ടാത്തിപ്പാറുവിന്റെ അച്ഛൻ മരിച്ചു. തേവൻ പുലയനെ പാമ്പു കടിച്ചു. മറിയപ്പെമ്പിളയുടെ കെട്ടിയവൻ അവരെ ഇട്ടേച്ചുപോയി. വീട്ടിൽ ഒരു ആട്ടിൻകുട്ടിയെ മേടിച്ചു. അക്കരെറോഡിൽ ഒരു പുതിയ തയ്യൽക്കടതുടങ്ങി. സരസമ്മ തയ്യൽ പഠിക്കാൻ പോകുന്നു. വാസുചേട്ടനു" തുവാല തയ"ിച്ചിട്ടുണ്ടു" കുളിക്കലെ തങ്കമണിയുടെ കല്യാണം കഴിഞ്ഞു. ചെറുക്കനു തിരുവനന്തപുരത്തു ജോലി.

വാർത്തകൾ, വാർത്തകൾ. വാർത്തകളിലൂടെ വാസു ഗ്രാമം മുഴുവൻ കണ്ടു.

പക്ഷേ കത്തവസാനിക്കാറായപ്പോഴേക്കും അവന്റെ ഉൾക്കളം പിടച്ചു. സരസമ്മയ്ക്കു ഗർഭമാണു". അമ്മ ചോദിച്ചു. അവൾ എല്ലാം പറഞ്ഞിട്ടുണ്ടു". വാസുചേട്ടൻ ഉടനെ എത്തണം കല്യാണം കഴിഞ്ഞിട്ടു" ഉടനെ തിരിച്ചുപോയാലും വേണ്ടില്ലെന്നാണു" അമ്മ പറയുന്നതു", അല്ലെങ്കിൽ നാണക്കേടാണു". നാട്ടുകാരുടെ മുൻപിൽ ഇറങ്ങാൻ പററില്ല.

ആ കാര്യം വായിച്ചപ്പോൾ മറെറാരുകില്ലും അടുത്തുണ്ടോ എന്നു" വാസു പരിഭ്രാന്തിയോടെ നോക്കി. അവനു സംഭ്രമവും സന്തോഷവും ആശങ്കയും ഭയവും ഒക്കെ ഉണ്ടായി. താൻ ഒരച്ഛനായിരിക്കുന്നു എന്ന അഭിമാനത്തോടൊപ്പം എങ്ങനെ നാട്ടിൽപോവും, എങ്ങനെ കാര്യങ്ങൾ നടത്തും, എങ്ങനെ പണമുണ്ടാക്കും എന്നൊക്കെയുള്ള ചിന്തകൾ അവനെ വല്ലാതെ അലട്ടി.

അവൻ കത്തുമുഴുവൻ വീണ്ടും വായിച്ചു. ശ്രദ്ധിച്ചുമടക്കി, കവറിലിട്ടു" കവർ കീശയിൽ നിക്ഷേപിച്ചു. അജ്ഞാതമായ ഒരു ആഹ്ലാദം അവനിലുണർന്നു. ഞാൻ, ഞാൻ, ഞാൻ, അവനോർത്തു, ഞാനൊരച്ഛനാകാൻ പോകുന്നു. എന്റെ സരസമ്മയിലൂടെ, അവളുടെ ഗർഭപാത്രത്തിലൂടെ ഞാൻ പുനരവതരിക്കാൻ പോകുന്നു. ലോകത്തോടുമുഴുവൻ ഈ വാർത്ത വിളിച്ചു പറയണമെന്നു" അവനു തോന്നി. വാസു അച്ഛനാകാൻ പോകുന്നു.

അടുത്തനിമിഷത്തിൽ പ്രായോഗികപ്ര

ശ"നങ്ങൾ ഉള്ളിൽ തള്ളിക്കയറിവന്നു", തിരതല്ലിനിന്നു. പോയിവരാൻതന്നെ വേണം അമ്പതുറുപ്പികയെങ്കിലും. പിന്നെ, ഒരു കല്യാണമെന്നു പറഞ്ഞാൽ നിസ്സാര കാര്യമാണോ? താലിവേണം, പുടവവേണം, സദ്യവേണം, പിന്നെന്തൊക്കെ? അവന്റെ തലപുകഞ്ഞു. എന്താണിപ്പോൾ ചെയ്യുക? ആരോടാണൊന്നാലോചിക്കുക?

ആലോചിക്കാൻ ഒരാളേ ഉള്ളൂ. പക്ഷേ അയാൾക്കു് ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയും?

അവൻ കടയുടെ അടുത്തേക്കു തിരികെ ചെന്നു. മൊയ്തീൻകുട്ടി വിളമ്പുന്ന തിരക്കിലായിരുന്നു. അയാളെ പണിക്കിടയിൽ ഉപദ്രവിക്കാൻ അവൻ ഇഷ്ടപ്പെട്ടില്ല. തെല്ലുകലെ മാറി അവൻ കാത്തുനിന്നു.

"ന്താപറയാ ജ"ബ്ടെ മാറിനിക്കണ"? ചോറുതിന്നണ്ടേ?" മൊയ്തീൻകുട്ടിയുടെ ശബ"ദംകേട്ടാണു് വാസു തിരിഞ്ഞുനോക്കിയതു്. അയാൾ കടവാതിലുൽ നില്ലുകയായിരുന്നു. "എയ"ത്തു ബായിച്ചപ്പൊപ്പിന്നെ ച്ചോറും ബേണ്ടാണ്ടായോ? ബാപഹയാ ഇങ്ങട."

"മൊയ്തീൻകുട്ടിക്കാ, ഒന്നിങ്ങോട്ടവര്വോ."

മൊയ്തീൻകുട്ടി അവന്റെ അടുത്തേക്കു വന്നു.

"ന്താപ്പൊക്കൊയപ്പം, ന്തായാലും ശാപ്പാടുകയിക്കാം." അയാൾ പറഞ്ഞു.

"ചില പ്രശ"നങ്ങളുണ്ടു്." വാസു പറഞ്ഞു.

"എന്തുപ്രശനായാലും ചോറു" തിന്നിട്ടു". ജ"ജിങ്ങട"ബാ." മൊയ്തീൻകുട്ടി അവന്റെ കൈക്കുപിടിച്ചു. വാസു അയാളോടൊപ്പം ചെന്നു.

കടയിലെ തിരക്കൊഴിഞ്ഞിരുന്നു.

"ഇന്നു" ഞമ്മക്കുരണ്ടാളുക്കും ഒന്നിച്ചുണ്ണാം." മൊയ്തീൻകുട്ടി പറഞ്ഞു." അതുകയിഞ്ഞന്റെ പ്രശനം ശംശാരിക്കാം ബീരാനേ, നിക്കും ഇലബച്ചോ."

അവരൊന്നിച്ചിരുന്നു" ഊണുകഴിച്ചു വാസുവിന്റെ ശ്രദ്ധ ഊണിലായിരുന്നില്ല അവൻ വളരെ കുറച്ചേ കഴിച്ചുള്ളൂ.

"ജ"ഊണുകഴിക്കെടോ " മൊയ്തീൻകുട്ടി പറഞ്ഞു. "എന്തായാലും ഞമ്മക്കു" നോക്കാന്നു"." വാസു പിന്നെയും മടിച്ചുമടിച്ചിരുന്നപ്പോൾ മൊയ്തീൻകുട്ടി ചോദിച്ചു. "ആരെങ്കിലും ചത്താ?"

"ഇല്ല."

"അപ്പൊപ്പിന്നൂണുകയിക്കു". എന്നിട്ടാലോശിക്കാം."

ഊണുകഴിഞ്ഞു" അവരിരുവരും കടവിട്ടിറങ്ങി. വാസു നേരത്തെനിന്ന മരത്തണലിൽചെന്നു. മൊയ്തീൻകുട്ടി ബീഡികൊളുത്തി, പ്രശ"നംകേൾക്കാൻ തയ്യാറായിനിന്നു. വാസു കഥതുടുത്തുനീട്ടി.

"ബിശായം പറഞ്ഞാമതി," മൊയ്തീൻകുട്ടി പറഞ്ഞു. "ന്നി ബായിക്കണച്ചാലിജ"ജന്നങ്ങട" ബായിച്ചോ. ഞമ്മക്കീ ബാശേന്നും ബല്യപുടീല്യ."

സരസമ്മയുമായി താൻ ലൈംഗികമായി ബന്ധപ്പെട്ടിട്ടുള്ള കാര്യംപോലും മൊയ്തീൻകുട്ടിയോടു നേരത്തെ പറഞ്ഞിരുന്നതുകൊണ്ടു" പ്രസക്തഭാഗങ്ങൾ അയാളെ വായിച്ചുകേൾപ്പിക്കാൻ വാസുവിനു മടിയൊന്നും തോന്നിയില്ല.

അവൻ വായിച്ചുതീർന്നപ്പോൾ മൊയ്തീൻകുട്ടി കൈലിയുടെ മടിക്കുത്തിൽനിന്നു" ഒരു ബീഡിക്കൂടി എടുത്തു കൊളുത്തി

"ജ" ബാപ്പയാവാൻ പൂവല്ലേ," മൊയ്തീൻകുട്ടി ചിരിച്ചു. "നല്ലകാര്യം".

വാസു ചിരിച്ചില്ല. "അതല്ല മൊയ്തീൻകുട്ടിക്കാ പ്രശ"നം. ഞാൻ പോവണ്ടേ? കല്യാണം നടത്തേണ്ടേ? അല്ലെങ്കിൽ എന്റെ കഞ്ഞിനു" അച്ചുനില്ലെന്നു" നാട്ടുകാരു പറയില്ലേ? അതു നാണക്കേടല്ലേ?" അവന്റെ മുഖം ആശങ്കാകുലമായിരുന്നു.

"അയ"നെന്താ? ജ്ജു"പോയി കല്യാണം കയിച്ചു" ബരണം " മൊയ്തീൻകുട്ടി എളുപ്പത്തിൽ പറഞ്ഞു. അയ്യാളുടെ നിഷ"കളങ്കത വാസുവിൽ ചലനങ്ങൾ സൃഷ്ടിച്ചു.

"എങ്ങനെയാ പോവുന്നതു"? പോവാനുള്ള പണം എൻറടുത്തുണ്ടു". പക്ഷേ വേറെ ചെലവുകളില്ലേ?"

"അതു സര്യാ," മൊയ്തീൻകുട്ടി വിചാരമഗ്നനായി "എന്താപ്പൊച്ചെയ്യാ?"

അവരിരുവരും പരസ്പരം ഉരിയാടാതെ ആലോചനയിൽ മുഴുകിനിന്നു. മൊയ്തീൻകുട്ടി തുരുതുരെ ബീഡിവലിച്ചുകൊണ്ടിരുന്ന ഒടുവിൽ അയാൾ പറഞ്ഞു: "ജ"ജ" ബേജാറാവാണ്ടിരിമോനേ. പടച്ചോനെന്തെങ്കിലും ഒരു ബയി കാട്ടിത്തരും." അയാളുടെ വാക്കുകളിൽ വാസുവിനു", എന്തുകൊണ്ടോ, വിശ്വാസംതോന്നി തെല്ലിടയാലോചിച്ചുനിന്നിട്ടു" മൊയ്തീൻകുട്ടി തുടർന്നു: "ശേഖരൻ മാഷു" ഊണുകയിച്ചുപോയി. ഓരു" ബൈനേരത്തു" ചായകുടിക്കാൻ ബരും. അപ്പൊഞമ്മക്കൊന്നു ശംശാരിക്കാം. എന്തെങ്കിലും ബയീണ്ടാവും, ജ"ജു" ബേജാറാവല്ലേ."

വൈകുന്നേരം ശേഖരൻമാസ്റ്ററുടെ അടുത്തു" വിഷയം അവതരിപ്പിച്ചതു" മൊയ്തീൻകുട്ടിതന്നെയാണു". വാസു അന്നോളം ശേഖരൻമാസ്റ്ററുമായി അടുത്തു" ഇടപെട്ടിരുന്നില്ല. കണ്ടാൽ ചിരിക്കുന്ന ലോഹ്യംമാത്രമേ അവർ തമ്മിൽ ഉണ്ടായിരുന്നുള്ളൂ, ചിലപ്പോൾ മാസ്റ്റർ ചോദിക്കും.

"എന്തൊക്ക്യാ വാസൂ, സുഖംതന്നെയോ?"

"സുഖംതന്നെ." അവിടെ ആ സംസാരം അവസാനിക്കും.

മൊയ്തീൻകുട്ടി കട്ടകിടവിടാതെ കഥ മുഴുവൻ പറഞ്ഞു. സരസമ്മയുമായി വാസുവിനുണ്ടായ ലൈംഗികബന്ധം, വാസുവിന്റെ അമ്മയുടെ അവസാനത്തെ ആഗ്രഹം, അവന്റെയും സരസമ്മയുടെയും വീട്ടുകാർ തമ്മിലുള്ള മുൻധാരണ വാസുവിന്റെ നാട്ടിൽനിന്നുള്ള പുറപ്പാടു". അങ്ങനെ എല്ലാമെല്ലാം മൊയ്തീൻകുട്ടി വിശദീകരിച്ചു.

"ഓൻറടുത്തു" പത്തെയ"പതു റുപ്യേണ്ടു"." മൊയ്തീൻകുട്ടി ഉപസംഹരിച്ചു: "അതോണ്ടെന്താക്കാനാ?"

ശേഖരൻമാസ്റ്റർ എല്ലുംകേട്ടു. മൂളിക്കേൾക്കുകയല്ലാതെ ഇടയ്ക്കു" അയാൾ ഒന്നും ചോദിച്ചില്ല. വാസു മൂകസാക്ഷി ആയിരുന്നു.

"ആട്ടെ," ദീർഘമായ മൗനത്തിനുശേഷം ശേഖരൻമാസ്റ്റർ സംസാരിച്ചു. "ഒന്നു ചോദിക്കട്ടെ വാസൂ?" വാസു ശ്രദ്ധിച്ചു ശേഖരൻമാസ്റ്റർ തുടർന്നു ചോദിച്ചു: "നിനക്കു" ഈ പെൺകുട്ടിയെതന്നെ കല്യാണം കഴിക്കണമെന്നുണ്ടോ?"

വാസു അമ്പരന്നു. കഥ മുഴുവൻ കേട്ടിട്ടു" എന്തു ചോദ്യമാണു" ഈ മനുഷ്യൻ ചോദിക്കുന്നതു"? അവനു ദേഷ്യംപോലും വന്നു. അവൻ അതു കടിച്ചമർത്തി.

"തീർച്ചയായും," അവൻ പറഞ്ഞു. "അല്ലെങ്കിൽ പിന്നെന്റെ കഞ്ഞിനു" അച്ചുനാമാ?" അവൻ എത്ര അടക്കാൻ ശ്രമിച്ചിട്ടും ഉള്ളിലുണർന്ന വികാരത്തിന്റെ പ്രതിധ്വനി അവന്റെ ശബ"ത്തിൽ അലിഞ്ഞുചേർന്നിരുന്നു. അതു ശേഖരൻമാസ്റ്റർ ശ്രദ്ധിച്ചുവെന്നു". അയാളുടെ സംസാരം വ്യക്തമാക്കി. അയാൾ പറഞ്ഞു: "വാസുനെ വിഷമിപ്പിക്കാനല്ല ഞാൻ ചോദിച്ചതു". വിവാഹം എന്നൊക്കെപ്പറയുന്നതു" വളരെ ആലോചിച്ചുമാത്രം തീരുമാനിക്കേണ്ട കാര്യമാണു"."

"ഇതു നേരത്തെ തീരുമാനിച്ചു കഴിഞ്ഞതാ." വാസു ഉറപ്പിച്ചു പറഞ്ഞു.

"ആരു"? നീയോ?"

"അതേ. ഞാനും."

"അപ്പൊപ്പിന്നെ പോയി കല്യാണം കഴിക്കണം." ശേഖരൻമാസ്റ്ററുടെ കറുത്ത പുരികങ്ങൾ ഒരു നേർത്ത മന്ദഹാസത്തിൽ വിടർന്നു. അയാൾ ഒരു ബീഡികത്തിച്ചു.

"കല്യാണംകഴിച്ചാപ്പോരാ. കയിച്ചിട്ടു ബരണം." മൊയ്തീൻകുട്ടിയും ബീഡി കൊളുത്തി.

"അപ്പൊ, പെൺകുട്ടിയെ—?" ശേഖരൻമാസ്റ്റർ തിരക്കി.

"അമ്മയുടെകൂടെ അവിടെയാക്കാം," വാസു പൂരിപ്പിച്ചു.

"എന്നാൽ നമുക്കിനിയൊന്നു കണക്കുകൂട്ടാം." ശേഖരൻമാസ്റ്റർ പ്രശ"നത്തിലേക്കു കടന്നു. "പെൺകുട്ടിക്കു" ഒരു പുടവവേണം. വളരെകൂടിയതിനൊന്നും പോവണ്ടെന്നുവയ്ക്കുക. എന്നാലും പത്തു നൂറുറുപ്പിക വേണ്ടേ?"

"ബേണം " മൊയ്തീൻകുട്ടി പറഞ്ഞു.

"പിന്നെ വാസുനു" ഒരുജോടി പുതിയ ഡ്രസ്സു"വേണം. ചെരിപ്പും."

"അതു ഞമ്മളേറ്റു." മൊയ്തീൻകുട്ടി പറഞ്ഞു. "ഞമ്മടെ ഒരു പ്രശൻറ"!"

"കടംവാങ്ങിത്തന്നാലുംമതി, മൊയ്തീൻകുട്ടിക്കാ." വാസു പറഞ്ഞു: "ഞാൻ മടങ്ങിവന്നു" ജോലിചെയ്തു വീട്ടിക്കോളാം."

"ജ"ജു" മുണ്ടാണ്ടിരിക്കെടോ, അബ"ടെ." മൊയ്തീൻകുട്ടി ദേഷ്യപ്പെട്ടു.

"പോയിവരാനുള്ള പണം വാസുൻറടുത്തുണ്ടു", അല്ലേ?" ശേഖരൻമാസ്റ്റർ അനേഷിച്ചു.

"ഉവ്വു"."

"പിന്നെ, താലി."

"അതു നാട്ടിനു ശരിയാക്കാം."

"സാരി ഞാൻ കടംവാങ്ങിത്തരാം."

ശേഖരൻമാസ്റ്റർ പറഞ്ഞു. "പിന്നെ നൂറുരൂപ്പികയും തരാം. രണ്ടിൽ ഏതെങ്കിലും ഒന്നു് എന്റെ പ്രസന്റ്. മറേറതു മടക്കിത്തരണം." അയാളുടെ കറുത്ത ചുണ്ടുകൾ പുഞ്ചിരിതൂകി.

"എന്നാൽ നമുക്കു കടസ്സു പോയാലോ?" ശേഖരൻമാസ്റ്റർ പറഞ്ഞു. "പറഞ്ഞിയാൽ വാസുനു് ഇന്നതന്നെ വണ്ടികേറാം. ഷർട്ടു് റെഡിമെയ്ഡു് വാങ്ങിയാൽമതി,"

അവർ പുറപ്പെട്ടു.

ശേഖരൻമാസ്റ്ററും മൊയ്തീൻകുട്ടിയും വാസുവിനെ യാത്രയാക്കാൻ സ്റ്റേഷനിൽ എത്തിയിരുന്നു. വാസു അവരിരുവരുടെയും കൈകൾ പിടിച്ചു.

"ഈ സ്നേഹം ഞാനൊരിക്കലും മറക്കില്ല." അവൻ പറഞ്ഞു. പറയുകമാത്രമല്ല അവൻ ആ വാക്യം തന്റെ ഓർമ്മയുടെ ഏറ്റവും ശക്തമായ പലകയിൽ ആഴത്തിൽ കൊത്തിവച്ചു. അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

"ബെറ്റെയിരി പഹയാ. ഇതിസ്നേഷനാണു്." മൊയ്തീൻകുട്ടിയുടെ ശബ്ദവും ഇടറിയിരുന്നു.

ശേഖരൻമാസ്റ്റർ മറേറങ്ങോ നോക്കി നിന്നു.

"വണ്ടി പുറപ്പെടാറായി. കേറിക്കോളൂ," തെല്ലിടകഴിഞ്ഞു് അയാൾ പറഞ്ഞു.

വണ്ടി പുറപ്പെടുന്നതിനുമുൻപു് മൊയ്തീൻകുട്ടി പറഞ്ഞു: 'നിക്കാഹും കഴിഞ്ഞു് കൊറെ നാളു് നാട്ടിലു് നിന്നു് തിരിഞ്ഞുകളിച്ചാക്കെ ബന്നാമതി, ട്ടോ. ഓടിച്ചാടിബരണ്ട "

വാസു ചിരിച്ചു. അവൻ വണ്ടിയിൽ കയറി.

വണ്ടി ചൂളംകുത്തി, പുകച്ചുകുരച്ചു് പുറപ്പെട്ടു. വാസു കൈവീശിക്കാണ്ടു് വാതിൽപ്പൽതന്നെ നിന്നു. അവന്റെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. മൊയ്തീൻകുട്ടിയും ശേഖരൻമാസ്റ്ററും പ്ലാറ്റ്ഫോമും കണ്ണിൽനിന്നു മറയുവോളം അവൻ അവിടെത്തന്നെനിന്നു. അതു കഴിഞ്ഞപ്പോൾ അവൻ തന്റെ സീറ്റിൽ വന്നിരുന്നു. പുറത്തെ ഇരുട്ടിലേക്കു മുഖംതിരിച്ചു് കരയാൻ തുടങ്ങി.

(തുടരും)

—o—

ക്ഷീണിച്ചു് ഒരു മാസംകൊണ്ടു് സേതുവിന്റെ പടം പൂർത്തിയായി. ഒരു റിക്കോർഡു് ബ്രേയിക്കു്...ഇൻഡസ്ട്രിയിൽ ഒരു കോളിളക്കം. അവനിത്രവേഗം ഒരു വമ്പനായയെന്നു് തലമൂത്ത സംവിധായകർ. അവനൊരു മിടുക്കനാണെന്നു് ഇളംതലമുറക്കാർ, സുരേഷും കാമിനിയും ഉള്ളപ്പോൾ ഏതാണു് അസാദ്ധ്യമായിട്ടുള്ളതെന്നു് വേറൊരു കൂട്ടർ അതല്ല, കാമിനിയും സുരേഷും മറേറ നിർമ്മാതാക്കളുടെ "തിയ്യതി"കൾ അപഹരിച്ചാണു് ഈ പടം പൂർത്തിയാക്കിയതെന്നു് കുറേറാരോപണവും അതിന്നിടെ പൊന്തിവന്നു.

അതുകേട്ടാന്നും കാമിനി കൂസുങ്ങിയില്ല. പക്ഷെ, ആ ആഴ്ച പുറത്തുവന്ന "താരപ്രപഞ്ചത്തിൽ" കാമിനിയെ ഞെട്ടിച്ച ഒരു റിപ്പോർട്ടുവന്നു. കാമിനിയും സുരേഷും ഇപ്പോഴും യഥാർത്ഥമായി പ്രേമിച്ചുകൊണ്ടിരിക്കുന്നു, സേതുവന്ന പയ്യൻ വെറുമൊരു പുകമറമാത്രം. ഇപ്പോഴും സുരേഷും കാമിനിയും കടൽതീരത്തുള്ള പഞ്ചനക്ഷത്ര ഹോട്ടലിലെ എയർ കണ്ടീഷൻണ്ടു് സ്യൂട്ടിൽ ഒളിവിലും തെളിവിലും താരനിശകൾ ആഘോഷിച്ചുകൊണ്ടിരിക്കുന്നു.....

വാരികയിൽവന്ന ന്യൂസു് ഭാര്യസ്സു് കാണിച്ചുകൊടുത്തതു് സേതുതന്നെയായിരുന്നു.

"ഇതൊന്നു വായിച്ചുനോക്കു കാമി?"

കാമിനി വായിച്ചു. അവളുടെ കണ്ണുകൾ ഈറനായി. കവിളുകൾ ഈറനായി, കല്ലുവച്ച, നിറംപിടിപ്പിച്ച നുണകൾ.

"കാമി ഇത്ര മണ്ടിയാണൊ കരയാൻ" സേതു ഭാര്യയുടെ കണ്ണുനീർ ഒപ്പി, അടക്കിപ്പിടിച്ചു് സാന്ത്വനപ്പെടുത്തി.

"അപവാദങ്ങളുടെ കൊടുങ്കാറ്റ് വന്നാലും എന്റെ ഇഷ്ടപ്രാണേശ്വരിയിൽ എനിക്കു് പൂർണ്ണ വിശ്വാസമാണു്."

അതുകേട്ടപ്പോൾ ദുഃഖമൊതുക്കാൻ കഴിയാതെവന്ന കാമിനി ഭർത്താവിന്റെ രോമാവൃതമായ മാറിൽ മുഖംമറച്ചു തേങ്ങി.

ഇല്ല; അദ്ദേഹം ആത്മാർത്ഥമായി പറയുന്നതാണൊ? അതൊ തന്നെ സാന്ത്വനപ്പെടുത്താൻ മാത്രമൊ? പുകയുന്ന അഗ്നിപർവ്വതങ്ങൾ ഉള്ളിലൊതുക്കി, ഒരുവേള, നീറുകയാകാം. ആരറിഞ്ഞു? സ്വന്തം പത്നിയെക്കുറിച്ചുള്ള അപവാദങ്ങൾ, സത്യമൊ, അസത്യമൊ ആകട്ടെ, ഏതൊരു പുരുഷനാണു് സമനിലപാലിച്ചു്, സമചിത്തതയോടെ, കേൾക്കുക! ഇതു് നുണതന്നെയെന്നു് അദ്ദേഹം ധരിച്ചുവെന്നു് കരുതട്ടെ. ഒരുനുണ പലവരു ആവത്തിക്കുമ്പോൾ അതൊരു പച്ചപ്പരമാർത്ഥമായി അറിയുന്ന അപ്പോഴൊ?

"കാമി"

"ങ്ഹും"

"അപ്സെറ്റായൊ? മുഖമുയർത്തി എന്റെനേരെ നോക്കു്. നമ്മെപ്പോലുള്ളവരുടെ ജീവിതത്തിൽ അപവാദം നമ്മുടെ നിഴലാണു് ആ നിഴലിനെ അകറ്റാൻ നമുക്കു് കഴിയില്ല കാമി.

കാമിനി ഭർത്താവിന്റെ നേരെ മുഖമുയർത്തിനോക്കി. ഭാര്യയുടെ ചുണ്ടുകളിൽ ചുംബനമർപ്പിച്ചിട്ടു് അയാൾ ചോദിച്ചു.

"നാളെ എന്നെക്കുറിച്ചാരെങ്കിലും അപരാധംപറഞ്ഞാൽ കാമി വിശ്വസിക്കുമൊ?"

"ഒരിക്കലുമില്ല."

കാമിനിയുടെ കാർകൂന്തലിൽ പ്രേമപുരസ്സരം തലോടിക്കൊണ്ടു് സേതു ആശ്വസിപ്പിച്ചു.

"അതുമതി. അപരൻ പറയുന്നതുകേൾക്കുമ്പോൾ കാതടസ്സുക. നമുക്കു പരസ്പരവിശ്വാസമുണ്ടായാൽമതി കാമി"

കാമിനിയുടെ അധരപുടത്തിൽ സന്തോഷത്തിന്റെ പ്രകാശരേണുക്കൾ പൊട്ടിവിടർന്നു.

അവൾ ഭർത്താവിനെ അണച്ചുപിടിച്ചു.

സെറ്റിൽവച്ചു് തമ്മിൽ കണ്ടുമുട്ടിയപ്പോൾ സുരേഷു് ചിരിച്ചുകൊണ്ടു് ചോദിച്ചു.

"നാരായണന്റെ വർഗ്ഗങ്ങൾ വീണ്ടും കരുതൂടങ്ങിയിരിക്കുന്നു. ഈ മഞ്ഞപത്രങ്ങൾക്കെതിരെ കേസ്സുകൾ ഫയൽചെയ്താലെന്തെന്നു് കരുതും ചിലപ്പോൾ" കാമിനി ഒന്നും മിണ്ടിയില്ല.

"സേതു എന്തു് പറഞ്ഞു?" വാത്സവന്തു് കണ്ടൊ?"

കണ്ടു.

"അദ്ദേഹം ഒരു തമാശയായിട്ടാണെടുത്തു്"

"പക്ഷെ, എന്റെ ഭാര്യ അങ്ങിനെയല്ല കാമിനി"

കാമിനി സുരേഷിന്റെ നേരെ നോക്കി.

"അവൾ പിണങ്ങി. എനിക്കറിയാം കാമി ഇതിന്റെ പിറകിലുള്ള കറുത്ത കൈകൾ ആരുടെയാണെന്നു്.. ഉന്നം ഇപ്പോഴും കാമിനിയാണു്."

"എനിക്കു് എന്തൊ ഭയമാകുന്നു സുരേഷു്."

"എന്തിനു്? നമ്മുടെ നിലവിലുള്ള പടങ്ങളുടെ ഷൂട്ടിംങ്ങു് നിലച്ചുപോകുമെന്നു് കരുതിയൊ? അതൊ ഭാവിയിൽ കാമിനിയോടൊത്തു് ഞാൻ നടിക്കുകയില്ലെന്നു് പറയുമെന്നു് കരുതിയാണൊ?"

കാമിനി പുഞ്ചിരിതൂകി.

"അതിനർത്ഥം താങ്കളും എന്നെ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. എനിക്കു് വേണ്ടതു് ഉറപ്പുള്ള ഒരു ദാമ്പത്യജീവിതമാണു് സുരേഷു്. അഭിനയം ഇന്നു് എനിക്കൊരു പ്രശ്നമല്ല. അഭിനയമാണു് എനിക്കു പ്രധാനമെങ്കിൽ ഞാനെന്തിനു് പപ്പുയുടെ അനിഷ്ടത്തിനു് പാത്രമായി. പപ്പുയുടെ ചെല്ലപ്പിള്ളയായി കഴിയാമാ

ഏകലവ്യൻ

യിരുന്നില്ലെ."

കാമിനിയുടെ വാക്കുകൾ പതറുന്നതു് സുരേഷു് ശ്രദ്ധിച്ചു

"എന്നിട്ടു് സരോജം എന്തുപറഞ്ഞു?" കാമിനി തിരിച്ചു ചോദിച്ചു.

"അതു വിട്ടുകള കാമിനി. അവൾക്കു് ഈ രംഗവുമായി യാതൊരു ബന്ധവുമില്ലല്ലൊ. അതുകൊണ്ടു് പതറിയതാണു്. ഇതു കേട്ടു് കാമിനി വിഷമിക്കയൊന്നും വേണ്ട."

സുരേഷിന്റെ സ്വാന്തനവാക്കുകൾ മനസ്സിനെ മുഴുവനായും തണുപ്പിച്ചില്ല. മനസ്സിൽ, വെണ്ണീറിൽ മറഞ്ഞുകിടക്കുന്ന തീക്കനലുകൾപോലെ, ഭയം എരിഞ്ഞുകൊണ്ടിരിക്കുന്നു,

ഒരുവശത്തു് ഭർത്താവു്.

ഇപ്പോൾ മറുവശത്തായി സുരേഷിന്റെ ഭാര്യയും —

* * *

സേതുവിന്റെ പടം — അലയാഴി — ചില അടുത്ത സുഹൃത്തുക്കൾക്കും വിതരണക്കാക്കും കാണിച്ചുകൊടുത്തു.

"സാധനം നന്നു്. പക്ഷെ ഒരു കട്ടമില്ലാതെ സെൻസറിംങ്ങായാൽമതി" ഒരു വിതരണക്കാരൻ അഭിപ്രായപ്പെട്ടു.

"ഇതുത്തോളം പ്രോഗ്രസ്സിവു് തീം ആരുമെടുത്തിട്ടില്ല. കുറ്റംപറയാനൊന്നുമില്ല" മറെറാരഭിപ്രായം വേറൊരുത്തൻ സേതുവിനെ ഉപദേശിച്ചു.

"നമ്മുടെ സുരേഷിനു് സെൻസർബോർഡിന്റെ ചെയർമാനായി നല്ല പിടിപാടാ. ഒന്നു പോയി കണ്ടാൽ നന്നു്."

സേതു കാമിനിയോടു ചോദിച്ചു.

"ആ സുരേഷിന്റെകൂടെ പോയി സെൻസർബോർഡു് ചെയർമാനെ ഒന്നു കണ്ടുവരുമൊ. അദ്ദേഹം സുരേഷുമായി നല്ല റിലേഷനാണെന്നു് കേൾക്കുന്നുണ്ടു്."

കാമിനിക്കു് ദേഷ്യംവന്നു.

"എന്തിനു് ഞാൻ സുരേഷിന്റെകൂടെ പോകണം! അങ്ങനുള്ള പൊയ്ക്കൂടെ?"

സേതു ചിരിച്ചു.

"എന്താ സുരേഷിന്റെ കാര്യം പറയുമ്പോളിത്ര ദേഷ്യം?"

"അതു ഞാൻ തുറന്നുപറയണൊ? നാളെ എന്തെല്ലാം വൃത്തികെട്ടകഥകൾ ഈ മഞ്ഞപത്രങ്ങൾ എഴുതിപിടിപ്പിക്കില്ല!"

"അവരെ പേടിച്ചു് നമുക്കു് ജീവിക്കണ്ടെ?"

"എന്നു ഞാൻ പറഞ്ഞൊ? കഴിയുന്നതും നമുക്കു് എന്തിനു് അവക്കു് അവസരംകൊടുക്കണം."

"മാനം വീഴുമെന്നു് കരുതി ആരും അതിനു് മുട്ടിടാറില്ല കരയുന്ന പട്ടികൾ കറെനേരം കുരയ്ക്കുമായിരിക്കും. ക്ഷീണിക്കുമ്പോൾ താനെ നിർത്തുകയുംചെയ്യും."

"അതു കേട്ടപ്പോൾ അവൾക്കു് അല്പം ആശ്വാസംതോന്നി. എന്റെ ഭർത്താവു് മനസ്സിന്റെ ജാലകപാളികൾ അല്പമാനു് തുറന്നിട്ടിരിക്കുന്നു."

ഒടുവിൽ പ്രതീക്ഷിച്ചതിനു് വിപരീതമായി സംഭവിച്ചു.

പടം ഒരു 'കട്ടു്'പോലുമില്ലാതെ സെൻസറിംങ്ങു് ആയി. യൂണിവേഴ്സൽ സർട്ടിഫിക്കറ്റു്.

സേതു കാമിനിമാരുടെ ആനന്ദസന്ദായകമായ സുദിനമായിരുന്നു അന്നു്.

പിറെറന്നാൾ ആരുമറിയാതെ ഇരുവരും തിരുപ്പതിയിൽപോയി ദേവസ്ഥാനത്തിൽ ചെന്നു ദർശനംനടത്തി

നഗരത്തിൽ ആറു് തിയ്യറററുകളിൽ പടം റിലീസാവുകയാണു്. കാമിനി നടിക്കുന്ന പടങ്ങൾ റിലീസാവാറുള്ള "തമിഴകത്തിൽ"വെച്ചു് പടത്തിന്റെ ഒരു ചാരിറിറിഷോ. ഗവർണ്ണരുടെ പത്നി പേട്രണായ ലിറിറിൽ ലയേൺസിന്റെ വകയാണു് ചാരിറിറിഷോ. അപൂർവ്വമായി കൈവന്ന ഈ വമ്പിച്ച പബ്ലിസിറിറി ഒഴക്കിലോടുന്ന ഓടത്തിനൊരു ഉന്തുപോലെയായി.

നഗരത്തിലെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയമണ്ഡലത്തിലെ വൻതോക്കുകളും അവരുടെ പുത്രകളത്രങ്ങളും സംബന്ധിക്കുന്ന ഷോ. പത്രങ്ങളിൽ പരസ്യങ്ങൾ, വാൾപോസ്റ്ററുകൾ,

പ്രമുഖ നിർമ്മാതാക്കൾ, സംവിധായകർ, അപൂർവം തലപ്പുള്ള നടീനടന്മാർ എല്ലാവരും ക്ഷണനം സ്വീകരിച്ചു് പടം കാണാനെത്തിയിരുന്നു.

* * *

അണ്ടർഗ്രൗണ്ടിൽ പോയ നായർ തിരികെവന്നതു് ഒരു മാപ്പുസാക്ഷിയായിട്ടാ

യിരുന്നു. മുൻ ഭരണകൂടമായൊ അതിന്റെ നേതാക്കന്മാരുമായൊ തനിക്കു് യാതൊരു ബന്ധവുമില്ലെന്നു് നായർ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. കൂടാതെ നായർ പാർട്ടിമാറിയതായി, കൂറുമാറിയതായി വിളിച്ചുകൂട്ടിയ പത്രസമ്മേളനത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു.

നായർ തിരികെവന്നതു് പടക്കളത്തിൽ നിന്നു് തിരിച്ചുവന്ന ജേതാവിനെപ്പോലെയായിരുന്നു

പക്ഷെ മധുസൂദനന്റെ ബ്രീഫിംങ്ങു് ശ്രവിച്ചു് അയാൾ നടുങ്ങി

"സേതുവിന്റെ പുതിയപടം അമ്പതാം ദിനം ആഘോഷിച്ചു് മുന്നേറുകയാണു്" നായർ ചോദിച്ചു

"ആ ബുള്ളറ്റ്"വേലുവിനു് കൊടുത്ത പണി അവൻ ചെയ്തില്ലെ?"

"അവൻ നമ്മളെ ചതിച്ചു. കാൽലക്ഷം അവൻ കാമിനിയുടെ കൈയ്യിൽനിന്നു് വാങ്ങിയെന്നാ കേൾവി."

നായർ ഉറക്കെ ചിരിച്ചുകൊണ്ടു് ചോദിച്ചു

"എന്താ എന്നെ കൊല്ലാനാണെ?"

ചിരിനിർത്തി നായർ മധുവിന്റെ നേരെ തിരിഞ്ഞു

"എല്ലാററിനും വഴിയുണ്ടു് മധു... നായ

രിനെ ആരും ശരിക്കു പഠിച്ചിട്ടില്ല"

മുൻമന്ത്രിസഭയിലെ ചില അംഗങ്ങൾക്കെതിരെ കുറേപത്രങ്ങൾ ഉണ്ടായിരുന്നു. ഗൌരവമേറിയ കുറേപത്രങ്ങൾ.

ഒരുദിവസം ഒരജ്ഞാതലക്ഷ്യത്തിൽനിന്നു ഫോൺകാൾവന്നു.

"കേന്ദ്രസർക്കാർ നിയമിക്കുന്ന അനേഷണക്കമ്മീഷനിൽ തെളിവുകൾ കൊടുക്കുമോ?"

നായർ ഒരു ഞെട്ടലോടെ ചോദിച്ചു.

"എന്തുതെളിവു്? ആരെപ്പറ്റിയുള്ളതെളിവു്?"

തമാശവിടു മിസ്റ്റർ നായർ"

"ആരാണു് സംസാരിക്കുന്നതു്?"

"ആരുമാകട്ടെ. തെളിവുകൾ കൊടുക്കുമോ? നിങ്ങളുടെ സുഹൃത്തായിരുന്നില്ലെ ഏഹമന്ത്രി. ചില "ഡീലു"കൾ നിങ്ങൾ നടത്തിയിട്ടുണ്ടു്. നിങ്ങളുടെ സാന്നിദ്ധ്യത്തിൽവെച്ചു നടത്തിയിട്ടുണ്ടു് അതിനെക്കുറിച്ചു് മൊഴികൊടുക്കുമോ?"

നായർ വിയർത്തു. ഒരുനിമിഷം നിശ്ശബ്ദനായിരുന്നു. തുടർന്നു് ഫോണിൽ ഒരിടിനാദം

"യെസ്സു", ഓർ നോ. അതൊ അഴികൾക്കുള്ളിൽ പോകണൊ?"

ജീവിതത്തിൽ ഒരിക്കലും നടുങ്ങിയിട്ടില്ലാത്ത നായർ ആ ഗർജ്ജനം കേട്ടു് നടുങ്ങുകതന്നെ ചെയ്തു.

"മൊഴികൊടുക്കാം"

"താങ്കു്യു"

ഫോൺ ക്രാഡലിൽവെക്കുന്ന ശബ്ദം കേട്ടു് നായർ ദീർഘനിശ്വാസമിട്ടു <>

(30-ൽ നിന്നും തുടർച്ച)

ഞു. "ഇതു തുടങ്ങുക മാത്രമാണു്, അച്ഛൻ കാണുക. ആ സാത്വികരായ കാട്ടുകളുടെ പ്രതികാരമെന്തെന്നു് കാണുക. ഇതാ നോക്കു!"

ഉദ്ധതമായി മുന്നോട്ടാഞ്ഞു് മകൻ മകളുടെ കൈയ്യു പിടിച്ചു.

"വരൂ, എട്ടത്തീ—"

കാട്ടുതിപോലെ മകളുടെ മുടി ആളിപ്പിടിച്ചു. അവളെ കൈച്ചുറ്റി, ചുറ്റിയ കൈകൊണ്ടു് മുലകളിൽ ശ്രുക്ഷമായിപ്പിടിച്ചു്, അനുജൻ എട്ടത്തിയുടെ ചുണ്ടുകളിൽ ശ്രുക്ഷമായി മുത്തി. അവൾ അവന്റെ കൈകളിൽ പുളഞ്ഞുതിമർത്തു. മുലകൾ കനച്ചു. കൈത്തണ്ടകളും തുടകളും കനച്ചു. നിലത്തെ വിരിപ്പിലേയ്ക്കു് അനുജനും എട്ടത്തിയും മിഥുനാംഗങ്ങളായി ഉരുണ്ടുവീണു. ശ്വാസനത്തിന്റെ തീക്ഷ്ണതയ്ക്കിടയിൽ മകൻ അച്ഛനോടു വിളിച്ചു പറഞ്ഞു, വിയറ്റ്നാമിലെ കാടുകൾ പൊറുക്കട്ടെ—"

അച്ഛന്റെ കണ്ണിരുട്ടി. പിന്നെ ബീഭത്സമായ ആ യജ്ഞത്തിന്റെ ദൃശ്യം അയാളുടെ കണ്ണുകളിൽ തീയായി ആളിക്കത്തി. അയാൾ തിരിഞ്ഞോടി. കോവണിയിലൂടെ താഴോട്ടരുണ്ടുവീണു. എണീറ്റ് തപ്പിത്തടഞ്ഞു് വീണ്ടും മുന്നോട്ടോടി.

അയാളെ മുൻഗമിച്ചുകൊണ്ടു് ആ പൈശാചത്തിന്റെ അഗ്നിഷണ്ഡം അപ്പോഴുമെരിഞ്ഞു. (തുടരും)

പുഴ സാക്ഷി

(24-ൽ നിന്നും തുടർച്ച)

ന്തിക്കിതച്ചു. കരയ്ക്കുകയറുമ്പോൾ സരസുവിന്റെ നനഞ്ഞ പെണ്ണയാന്ന തുടകളിൽ പതിഞ്ഞുകിടക്കുന്ന രോമരാജികൾ എന്നിലുന്മാദമുണർത്തി. എന്റെ നനത്തമീശയും വിരിഞ്ഞനെഞ്ചും കൈത്തണ്ടയിലെ ചെറിയ മസിലുകളും അവളിൽ കൂടുതൽ പ്രേമംപകരുന്നെന്നവൾ സകാര്യംപറഞ്ഞു; രാത്രിയിലെ സപ്നങ്ങൾക്കു് മീശയും നെഞ്ചും മാംസപേശികളും കൂടുതൽ നിറംപകരുന്നവത്രെ!

മന്ദാലസയായ പുഴേ, എന്റെ ആദ്യത്തെ ഫസ്മൈഥുനം ചിറ്റാറിയ ഇന്ദ്രിയത്തുള്ളികൾ ആർത്തിയോടെ നിന്റെ യോനിനാളം വാപിളർത്തി ഏറ്റാറുവാങ്ങി. ഇനിയും...ഇനിയും...എന്നു് ദാഹത്തോടെ കേണു. എന്റെ നാണവും പകപ്പും മറന്നാരെങ്കിലും കാണും എന്ന ഭീതിയും പിന്നെ തുടരാനായില്ല നിന്റെ കോപം ഞാൻ കണ്ടു. നിന്റെ മാറു് ഓളങ്ങളിളക്കി, നാഭിച്ചുഴികളിൽ മലരികളുയർത്തി, കണ്ണുകളിൽ തീഷ്ണമായ കാമാഗ്നിപടർത്തി. ഒരിയ്ക്കൽകൂടി, ഒരിയ്ക്കൽകൂടി മാത്രം...നീ കേണുകൊണ്ടേയിരുന്നു.

അരയത്തായ്ത്തോർത്തുടുത്തു് സ്ത്രീകൾ കുളിയ്ക്കാനിറങ്ങുമ്പോൾ പുഴേ, നീ ശക്തനായ പുരുഷനാകുന്നു. പുരുഷൻ കുളിയ്ക്കാനെത്തുമ്പോൾ നീ നഗ്നയായ തേവിടിശ്ശിയാകുന്നു.

സരസു പുഷ്പിണിയായപ്പോൾ ദേശത്തെ പെണ്ണുങ്ങൾ കുരവയിട്ടു് കുളിപ്പിച്ചതു് നിന്റെ കരയിലായിരുന്നു.

സരസുവിനെ കുളിപ്പിച്ചു് പെണ്ണുങ്ങൾ ചാണകം കലക്കിയ വെള്ളംനിറച്ച കിണ്ണത്തിൽ കണ്ണുനിപ്പിച്ചു് കരയ്ക്കുകയറ്റി. കടചൂടിച്ചു നടത്തി. പുഴേ, നീയപ്പോൾ ആർത്തുചിരിച്ചു. ഇല്ലെ? എന്തിനു്? പുഷ്പിണിയായ പെൺകുട്ടിയെ ചാണകം കലക്കിയ വെള്ളത്തിൽ ദൃഷ്ടിപതിപ്പിച്ചു്, ചാണകവെള്ളത്തിൽ പ്രതിബിംബിക്കുന്ന ആകാശംകണ്ടു് കൊണ്ടുപോകുന്നതു് പുരുഷന്റെ മുഖം കാണാതിരിക്കാൻവേണ്ടിയാണല്ലൊ?. ആദ്യഗർഭത്തിലുണ്ടാകുന്ന കുഞ്ഞിനു് പുഷ്പിണിയായി കുളികഴിഞ്ഞുകയറുമ്പോൾ കാണുന്ന പുരുഷന്റെ ഛായയുണ്ടാകാതിരിക്കാൻ വേണ്ടിയാണല്ലൊ? എന്നാൽ നീ ചിരിച്ചതിന്റെ അർത്ഥം? നിന്റെ നിശ്വാസച്ചൂളയിലതിനുത്തരമുണ്ടായിരുന്നു— ഞാനാണാദ്യത്തെപുരുഷൻ!

പുഴേ, ഞാനിതു തേങ്ങിത്തേങ്ങി, നിന്നെ സാക്ഷിയാക്കിക്കരയുന്നതെന്തിനാണെന്നൊ? പുഷ്പിണിയായ സരസുവിന്റെ പഠിപ്പുനിറുത്തി. എത്ര പെട്ടന്നായിരുന്നു, ആലോചനകൾ!

ആലോചനകളറുപ്പോൾ കൂടിക്കാൻ വന്ന സരസു ക്ലസ്സിലെന്നെ വിങ്ങുന്ന മനസ്സുമായി നിന്ന എന്നോടു് പറഞ്ഞു:

"വിയ്യൂ, എല്ലാം ഉറപ്പിച്ചു ഒരു പട്ടാളക്കാരനാണു്."

"നീ സമ്മതിച്ചൊ?"

"ഞാനെന്താ പറയ്യാ? ഒക്കെ അച്ഛന്റെ നിശ്ചയാണു്."

"നിറുക്കു് വേണ്ടാന്നു് പറയായിരുന്നില്ലേ?"

"അച്ഛനെ എതിത്തുപറയെയ്യ?"

"ആ—"

"എന്ന്ട്ട് ഞാഞ്ചൊവാരനാ?"

എനിക്കു് വാക്കുകളില്ലാതായി. പുഴേ, ഞാൻ നിന്നിൽപ്പിടയുന്ന കുഞ്ഞോളങ്ങളിൽ ദൃഷ്ടിയെറിഞ്ഞു്നിന്നു.

"വിയ്യൻപോ. ഞാങ്കുളികയ്യട്ടെ."

എന്തുചെയ്യണമെന്നറിയാതെ, എങ്ങോട്ടെങ്കിലും പോകണം എന്ന നിശ്ചയമില്ലാതെ ഞാനൊരു സ്തൂപമായിനിന്നു. അവൾ കുളിക്കാതെ അലക്കുകല്ലിൽ ഇരുന്നു് വെള്ളത്തിൽ കാലിട്ടടിച്ചു ഇടയ്ക്കു ഓരോ വെള്ളാരങ്കല്ലുകളെടുത്തു് നിന്റെ മുഖത്തേക്കു് എറിഞ്ഞു.

ഞാൻ പോകാതവൾ കുളിയ്ക്കില്ല. പുഴേ, ഞാൻ തിരിഞ്ഞുനടന്ന കയറിയതു നീ കണ്ടല്ലൊ?

ഒരാഴ്ചകഴിഞ്ഞപ്പോൾ കല്യാണപാർട്ടിക്കാർ കൊട്ടും വാദ്യവും കുരവയുമിട്ടു് വഞ്ചികടന്നു. നീ സാക്ഷി.

വെയിൽ നിന്നിൽ ചുവപ്പുനാണയങ്ങളെറിഞ്ഞപ്പോൾ അവൾ തിരിച്ചുവന്നു. കല്യാണരാത്രി വരനും വധുവും പെണ്ണിന്റെ വീട്ടിലുറങ്ങണമെന്നു് ചടങ്ങു്, ആചാരം.

ഇതാ, രാത്രിയാവുന്നു. ഇരുൾ ചിറകു വിരുത്തിക്കഴിഞ്ഞു. പുഴേ, അവരുടെ ഊ

ണകഴിഞ്ഞിരിക്കും. അവളുടെ വരവും കാത്തു് അവൻ മണവറയിലിരിക്കുകയാവും. അവളെ പാൽഗ്ലാസ്സുമായി അമ്മായിമാർ ഉന്തിത്തള്ളി ചന്ദനഗന്ധം നിറഞ്ഞുനില്ക്കുന്ന മുറിയിലേക്കു് തള്ളിവിട്ടു് വാതിലടയ്ക്കും. അതിനുമുമ്പുപുഴേ, ഞാൻ ചെല്ലട്ടെ. എന്റെ സരുവിന്റെ സരു എന്ന സരസുവിന്റെ സരസു എന്ന സരസ്വതിയുടെ സരസ്വതി എന്ന സരസ്വതീദേവിയുടെ രാത്രി എന്റേയും രാത്രിയല്ലേ?

ഞാൻ പോകുന്നു.

പുഴേ നീ സാക്ഷി.

—•—

ശിൽപ്പികളുടെ ചിരി

(22-ൽനിന്നും തുടർച്ച)

അദ്ദേഹം പൊട്ടിച്ചിരിച്ചു. മരണത്തിനു് ഏതാനും നിമിഷങ്ങൾ മുമ്പുള്ള ചിരി ഒരു പക്ഷേ മരണത്തിന്റെനേക്കുള്ള പൊട്ടിച്ചിരി. ഇന്നും ആ ചിരി മനുഷ്യഹൃദയങ്ങളിൽ മുഴങ്ങുന്നുണ്ടാവും.

രക്തസാക്ഷിയായതിനുശേഷം മഹാത്മാജിയുടെ ഭൗതികസമ്പാദ്യങ്ങൾ ഒരുമിച്ചുവച്ചു് ചിത്രമെടുത്തിട്ടുണ്ടു്. എന്തെല്ലാമെന്നോ ഈ വലിയ മനുഷ്യന്റെ സമ്പാദ്യങ്ങൾ.

പഴയകണ്ണട.

രണ്ടു മെതിയടി.

പോക്കറ്റുവാച്ചു്.

ഭഗവത്ഗീത.-

കൂട്ടത്തിൽ ശ്രദ്ധയാകർഷിക്കുന്ന മറ്റൊരാത്മകൂടിയുണ്ടു്. മൂന്നു കുരങ്ങുകളുടെ ചെറുശ്രൂപങ്ങൾ

തിന്മകാണരുതു്.

കേൾക്കരുതു്.

പറയരുതു്.

അവയിൽ ദൃഷ്ടികൾപതിച്ചു നിൽക്കുമ്പോൾ നാം അറിയാതെ മന്ത്രിച്ചുപോകും.

"ഇതാ ഒരു മനുഷ്യൻ. യുഗനേതാവു്."

കണ്ണീരിന്റെ പുഞ്ചിരിയായിരിക്കും അപ്പോൾ നമ്മിൽ ഉണ്ടാവുക.

മുപ്പത്തിമൂന്നു്

ദേവു് മൂത്രം ലാബറട്ടറിയിൽ കൊണ്ടുകൊടുത്തിട്ടു് തിരിച്ചു വീട്ടിൽവന്നു. അതിന്റെ റിസൾട്ടു് മൂന്നുമണിക്കറിയാം.

എല്ലാപേരും അക്ഷമരായി കാത്തിരിയ്ക്കയാണു്.

ദേവു് എന്നോടുപറഞ്ഞു.

"എനിയ്ക്കു എഴുതുവാനൊ, ചിന്തിക്കുവാനൊ പറ്റുന്നില്ല. നീ ഗർഭിണിയാണൊ എന്നറിയട്ടെ."

"ഗർഭിണിയല്ലെങ്കിൽ നിരാശയുണ്ടാകുമല്ലെ?"

അതിനെപറ്റിയൊന്നും ഞാൻ ഓർക്കുന്നില്ല."

മൂന്നുമണിആയി ദേവു് ടാക്സിയിൽ ആശുപത്രിയിലേയ്ക്കു തിരിച്ചു. ഡാക്ടർ ശങ്കരപിള്ള പറഞ്ഞു—



"ചേട്ടാ! യാതൊരു സംശയവുമില്ല ഗർഭമാണു്."

സന്തോഷംകൊണ്ടു് വീർപ്പുമുട്ടിയ ദേവു് ഡാക്ടർ ഗോവിന്ദമേനോന്റെ നേഴ്സിംഗ് ഹോമിലേയ്ക്കതിരിച്ചു. ഡാക്ടറെ റിസൾട്ടു് കാണിച്ചു. അദ്ദേഹം വായിച്ചിട്ടു് ആഹ്ലാദത്തോടെ ദേവിനോടുപറഞ്ഞു

"സീതാലക്ഷ്മി ഗർഭിണിയാണല്ലൊ."

ഞാൻ ആലസ്യത്തോടെ കിടക്കുകയാണു്. അമ്മവന്നു. അമ്മ ചോദിച്ചു—"മോളേ മൂത്രം പരിശോധിച്ചിട്ടു് റിസൾട്ടറിഞ്ഞോ?"

"അദ്ദേഹം പോയിരിയ്ക്കുകയാണു്. ഇപ്പോഴറിയാം."

ഫോൺ ശബ്ദിക്കുന്നു. ഞാൻ ചാടിഎണീറ്റു. ദേവാണു് വിളിയ്ക്കുന്നതു്. "സീതേ! നീ ഗർഭിണിയാണു്." ഫോണിൽകൂടി അദ്ദേഹത്തിന്റെ ആനന്ദം ഞാൻ കണ്ടിരുന്നു. എന്നിട്ടു് വീണ്ടും അദ്ദേഹം പറഞ്ഞു—

"ഫോൺ ഞാൻ ഡാക്ടരുടെ കൈയ്യിലേയ്ക്കുകൊടുക്കുന്നു. നീ സംസാരിയ്ക്കു."

"ഡാക്ടർ ചോദിച്ചു—

"ഗർഭിണിയാണൊ?" ചിരിയുടെ ഒരു കാഹളംനീണ്ടുനിന്നു. എന്നിട്ട അദ്ദേഹം പറഞ്ഞു.

"നാളെ മുന്നുവരണം. രണ്ടുമൂന്നു വിറാമിൻ ഗുളികകൾ കഴിയ്ക്കണം. ചില നിർദ്ദേശങ്ങൾ തരുവാനുണ്ടു്."

ഓടിവന്ന അമ്മ ചോദിച്ചു—"എന്താമോളെ?"

ഞാൻ നാണത്തോടെ പറഞ്ഞു—

"അമ്മേ മൂത്രം പരിശോധിച്ചു. ഗർഭമുണ്ടെന്നു് വ്യക്തമായി." അമ്മയുടെ മുഖത്തുനോക്കാതെ മുഖവും പൊത്തി കട്ടിലിനരികത്തേയ്ക്കു് ഓടി.

അമ്മ വിളിച്ചു—"കുഞ്ഞി ഇങ്ങോട്ടൊന്നുവന്നേ."

കുഞ്ഞി ഓടിവന്നിട്ടു് ചോദിച്ചു—

"എന്താ അമ്മച്ചീ"

"സീതാലക്ഷ്മി ഗർഭിണിയാണു്."

ഞാൻ മുഖവുംപൊത്തി കട്ടിലിൽ കമഴ്ന്നുകിടക്കുകയാണു്. കുഞ്ഞി ആർത്തു ചിരിയ്ക്കുകയാണു്.

ഗേറ്റിനടുത്തു കാറുനിന്നു. ദേവാണു്. ഞാനെഴുന്നേൽക്കാതെ കമഴ്ന്നു് കണ്ണും പൊത്തി കിടക്കുകയാണു്. അദ്ദേഹം ആഹ്ലാദത്തോടെ "സീതേ" എന്ന വിളിയുമായി മുറിയിലേയ്ക്കുകയറിവരികയാണു്. എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു. സന്തോഷത്താൽ കണ്ണിൽനിന്നു് ജലകിരണങ്ങൾ ചോരിയുകയാണു്. ശ്വാസംമുട്ടിയ്ക്കുന്ന നിമിഷങ്ങൾ.

ഞാൻ പറഞ്ഞു—

"അയ്യോ—ഇതെത്ര സന്തോഷം."

ഞങ്ങൾ രണ്ടുപേരും ഒപ്പംപറഞ്ഞു—

"ഇതു് ആൺകുട്ടിയായിരിക്കും."

ഞാൻ അദ്ദേഹത്തോടു് പറഞ്ഞു—

"ആരോടും പറയണ്ട. ഒളിച്ചുവയ്ക്കാൻ പറ്റാത്ത സമയംവരുമല്ലൊ. അപ്പോൾ എല്ലാപേരും അറിയട്ടെ."

ദേവു് സമ്മതിച്ചു. പക്ഷെ ആരുവിളിച്ചാലും, ആരു വീട്ടിൽവന്നിരുന്നാലും ദേവു് ഇതായിരിയ്ക്കും ആദ്യം പറയുക. സന്തോഷംകൊണ്ടു് അദ്ദേഹത്തിനു മറച്ചുവയ്ക്കാൻ സാധിക്കുന്നില്ല.

ഞങ്ങളുടെ ജീവിതത്തിൽ വസന്തംവിരിയുകയാണു്.

കുഞ്ഞിയോടു അമ്മ പറഞ്ഞു—

"കുഞ്ഞി എല്ലാം ശ്രദ്ധിക്കണം. അവളെ എപ്പോഴും പടി ഇറങ്ങാനൊന്നും സമ്മതിക്കരുതു്."

വീട്ടിൽ എല്ലാപേർക്കും ആഹ്ലാദം. ദേവു് പറഞ്ഞു—

"നാളെ ഡാക്ടരുടെ വീട്ടിൽ പോകണം."

ഞാനും അനുജത്തിമാരുമായി ഡാക്ടരുടെ വീട്ടിൽപോയി. എനിയ്ക്കു് ലജ്ജയുമുണ്ടു്. ഡാക്ടർ, മിസ്സിസു്. ഡാക്ടർ ഗോവിന്ദനും ചെറിയമ്മയും എല്ലാം സന്തോഷം. ഡാക്ടർ ഗുളികകൾക്കു കുറിച്ചുതന്നു. ഇടക്കിടയ്ക്കു ഡാക്ടരെ കാണണം.

മിസ്സിസു് ഡാക്ടർ ഗോവിന്ദനോടു്

സീതാലക്ഷ്മീദേവു്

ഞാൻ പറഞ്ഞു—

"ഉഷയെ അറിയിച്ചേക്കണം.

ഞങ്ങൾ യാത്രപറഞ്ഞു വീട്ടിലേയ്ക്കുവന്നു. ദേവു് അക്ഷമനായി കാത്തിരിയ്ക്കുയാണു്. എന്നോടുചോദിച്ചു—

ഡാക്ടർ എന്തു പറഞ്ഞു—

"വിറ്റാമിൻസു് ഗുളികകൾ കുറിച്ചുതന്നു. ഛർദ്ദിക്കുന്നതിനുള്ള ആശ്വാസംകിട്ടുവാൻ പ്രത്യേകിച്ചു് ഗുളികതന്നിട്ടുണ്ടു്." ദേവു് ചിരിച്ചുകൊണ്ടു് മൂളി മൂളി കേൾക്കുകയാണു്. എന്നിട്ട എന്നോടു പറഞ്ഞു—

"കുറച്ചു മാറിനിൽക്കു! എന്റെ ദേഹത്തു ഛർദ്ദിലുവീഴും."

"ചിലപ്പോൾ ഛർദ്ദിച്ചുപോകും."

രണ്ടുപേരും ഉറക്കെ ചിരിച്ചു. ഞാനദ്ദേഹത്തോടു പറഞ്ഞു—

എന്നെന്നും നിന്റെ മാത്രം.
Cuticura
TALCUM POWDER
Cuticura
നമ്മുടെ സമാഗമം അനുപമമാണ്. കാരണം, നമ്മളിലുള്ള ചില അസാധാരണ വൈശിഷ്ട്യങ്ങൾ തന്നെ. നിന്നോടൊപ്പം ഞാനുള്ളപ്പോൾ നിന്റെ സുഗന്ധം പുണ്യത പ്രാപിയ്ക്കുന്നു. പ്രലോഭിപ്പിയ്ക്കുന്ന ഒരു മനോഹാരിതയായി ഞാനെന്നെ നിന്നെപ്പോലൊരു സുന്ദരി എനിയ്ക്കരികെയുള്ളപ്പോൾ എനിയ്ക്കും അവാച്യമായ അനുഭൂതിയുളവാകുന്നു...
നമ്മുടെ ഹൃദയ ബന്ധം ഇത്ര മഹനീയമായതുകൊണ്ട് നമുക്കെന്നെന്നും വേർപിരിയാതിരിയ്ക്കാം. കാരണം, നീ എനിയ്ക്കുവേണ്ടിയും ഞാൻ നിനക്കുവേണ്ടിയാകുന്നു. സ്നേഹ വാത്സല്യങ്ങളോടെ—കുട്ടിക്കുറാ.
കുട്ടിക്കുറാ
കുടുംബത്തിലേക്കും സ്നേഹപ്രയോഗപ്രദമായ ടാൽക്ക്
JAISONS MPL 478

"എനിയ്ക്കു തളരുന്നു. ചെന്നു കിടക്കട്ടെ."

പിറേറദിവസം ദേവിനെ കോട്ടയത്തിനുപോകണം. പ്രസിഡൻറുസ്ഥാനം തീരുന്നതുവരെ ഇടകിടയ്ക്കു" പോകണമല്ലൊ എനിയ്ക്കു അനങ്ങാൻവയ്യാത്ത സ്ഥിതി വെള്ളംപോലും കുടിയ്ക്കുവാൻവയ്യ. ചർദ്ദിയ്ക്കും

ദേവ" അനുജത്തിമാരെ വിളിച്ചു പറഞ്ഞു.

"നിങ്ങൾ രണ്ടുപേരും നാളെ കൂടി ഇവിടെയുണ്ടാകണം. ഞാൻ കോട്ടയത്തിനു" പോയിട്ടു" രാത്രി പത്തുമണിയോടെ തിരിച്ചുവരും."

പിറേറദിവസം ദേവ" കോട്ടയത്തിനു പോയി അനുജത്തിമാരോടു ഞാൻ പറഞ്ഞു—

"കുറച്ചു മാങ്ങ കിട്ടിയാൽ ഞാനെന്തെങ്കിലും കഴിയ"ക്കാം."

"എവിടെയുണ്ടു"."

"എനിയ്ക്കു" മനസ്സിനു തൃപ്തിയുള്ള ഒരു വീടുണ്ടു" അവിടെയുണ്ടാകുമോ എന്നറിയില്ല."

വീണ്ടും ഞാൻ പറഞ്ഞു—

"പേനയും കടലാസ്സുമെടുക്കു ഞാനെഴുതാം."

എൻറെ പ്രാണപ്രിയയായ ശാന്തകുട്ടി..

എനിയ്ക്കു" ഉടനെ കടുമാങ്ങ കഴിയ"ക്കണമെന്നൊരാഗ്രഹം ഭവതിയുടെ വീട്ടിൽ ഉണ്ടെങ്കിൽമാത്രം മതി. സുഖക്കേടുവിവരം പിന്നാലെ അറിയിക്കാം."

സപ്രേമം. സീതക്കുട്ടി.

കത്തു" കുഞ്ഞിയുടെ കൈയിൽ കൊടുത്തിട്ടു" ഞാൻ പറഞ്ഞു—

"ശാന്ത അമ്മച്ചിയുടെ കൈയിൽതന്നെ കൊടുക്കണം" (ശ്രീമാൻ വിശ്വനാഥൻ നായരുടെ വീട്ടിൽ.)

കുഞ്ഞിയെ പറഞ്ഞയച്ചിട്ടു" ഞാൻ അനുജത്തിമാരോടു പറഞ്ഞു.

"ഇനി എന്തൊക്കെ കേൾക്കണം. ചിരിയ"ക്കാനും എനിയ്ക്കു കഴിയില്ല."

കുഞ്ഞിയെ കാത്തിരിയ"ക്കയാണു ഞങ്ങൾ. എനിയ"ക്കാണെങ്കിൽ മാങ്ങയെന്നു" കടലാസ്സിൽ കുറിച്ചപ്പോൾ വായിൽ വെള്ളമൂറി.

കുഞ്ഞിവന്നു. കൈയിൽ ഒരെഴുത്തുമാത്രമുണ്ടു". അനുജത്തിമാർ വിളിച്ചുകൂവി.

"ഒരു കൊതിച്ചി. മാങ്ങയില്ല."

കുഞ്ഞി പറഞ്ഞു —

"ശാന്ത അമ്മച്ചി ഒരു കത്തുതന്നു."

ഞാൻ വാങ്ങി വായിച്ചു.

പ്രിയ സീതേ!

"ഇവിടെ മാങ്ങ തിന്നുപോയി. ഇതുപോലെ എന്നുവച്ചാൽ ഈ വീട്ടിൽനിന്നു" എന്നു കരുതിയാൽമതി. ഒരു വീട്ടിലുണ്ടു". ഞാനവിടെനു വാങ്ങികൊടുത്തയയ്ക്കട്ടൊ? ഇഷ്ടപ്പെട്ടുമൊ? ഉടൻ വിവരമറിയിക്കണം.

കത്തു വായിച്ചിട്ടു" ഞാൻ പറഞ്ഞു—

"ഏതായാലും വേണമെന്നെഴുതാം. എനിയ"ക്കുള്ള കൊതിതാനുനു."

കുഞ്ഞിയെ വീണ്ടും പറഞ്ഞയച്ചു മാങ്ങ കൊടുത്തയച്ചു. ആർത്തിയോടുകൂടി ഞാൻ കഴിച്ചു. അനുജത്തിമാരോടു ഞാൻ പറഞ്ഞു—

"എനിയ്ക്കു വ്യക്തമാണു" "

കുഞ്ഞിയും അനുജത്തിമാരും ഉറക്കെചിരിച്ചു

അടുക്കളക്കാരി ബേബിയ്ക്കു" വിവാഹമായി വീട്ടിൽപോയി. പകരം ഒരു വലിയമ്മയാണു". എന്നോടു ചോദിച്ചു "കുഞ്ഞിനു എന്തു കറിവേണം? ചർദ്ദിക്കാതെ ഞാൻ വച്ചുതരാം.

(തുടരും)

—o—

(19–ൽനിന്നും തുടർച്ച)

മായിക്കാണുമെന്നെനിക്കു തോന്നി.

ഞാൻ മുകളിലത്തെ ബർത്തിൽ കിടക്കാമെന്നു ഞാൻ പറഞ്ഞു.

"വേണ്ട. ഞാൻ താഴെ കിടന്നുകൊള്ളാം,"

"എവിടെ?"

അവൾ എൻറെ കിടക്കയുടെ ഷീറററ്റത്തു കടന്നു. അതിനു മീതെ പുഷ്പലംകൃതമായ ഒരു ഷീററുവിരിച്ചു. കൂടെ വൈരാളിപ്പട്ടുപോലുള്ള തുണിയിൽ തുന്നിയ ഒരു തലയിണയും,

"നിങ്ങൾ എവിടെ കിടക്കും?"

എൻറെ ചോദ്യം കേട്ട അവൾ എന്നെ നോക്കി ചിരിച്ചു...

.....

തെന്മല വന്നപ്പോൾ ചെറിയ ചാററമഴയുണ്ടായി. തെന്മലയിലെ തേൻ ചാറു.....

—o—

അവ്യവഹാരത്തെ വ്യവഹരിക്കാൻ ഉപയുക്തമാക്കുമ്പോൾ പ്രതീകത്തിന് ഒരു പുതിയ മാനം സിദ്ധിക്കുന്നു. ഓമല്ലൂർ ഗോപാലകൃഷ്ണന്റെ 'സ്വർണ്ണത്താക്കോൽ' ഒരു നാടകറിഹേഴ്സലിന്റെ ആവിഷ്കാരമാണ്. ശ്രുപഞ്ചനാടക സംവിധായകനായ ഈശ്വരൻ തന്നെയാണ് ഇതിലെ സംവിധായകൻ. കളി നടത്താൻ മനുഷ്യനെ മാനേജരാക്കിയപ്പോളാരംഭിച്ച നാടകത്തിന്റെ വഴിത്തിരിവ്. സംവിധായകന്റെ നാടകത്തെപ്പറ്റി മാനേജർക്ക് ഒരു ശ്രദ്ധയുമില്ല. അയാളുടെ അഭിപ്രായത്തിൽ കളി തുടങ്ങാൻ രംഗവേദിയും നടന്മാരും നാടകവും റിഹേഴ്സലും മേക്കപ്പും വേണം. ഒടുക്കം പറഞ്ഞതുണ്ടും സംവിധായകന്റെ സങ്കല്പത്തിലില്ല പിന്നെ ഇക്കാണുന്നതതുയും രംഗം. ഇവിടെ ഇരിക്കുന്നതൊക്കെ നടീനടന്മാർ. ഇവിടെ നടക്കുന്നതൊക്കെ നാടകം—ഇതാണ് സിദ്ധാന്തം. കണ്ണടയിലൂടെ നോക്കുന്ന മാനേജർ കാണുന്നതു് ശൂന്യതയുടെ മരുഭൂമി. കണ്ണട മാറി നോക്കിയപ്പോളോ ഉദാത്തമായ വേദിയും വിഭിന്നരായ നടീനടന്മാരും വൈചിത്ര്യമാർന്ന രംഗസംവിധാനവും മുമ്പിലുള്ള ഇരുമ്പുഗേറ്റു തുറന്ന് രംഗവേദി ഒന്നു നിരീക്ഷിച്ചാൽ റിഹേഴ്സൽ തുടങ്ങാം. നാടകം തുടങ്ങാഞ്ഞതിന് ഗ്ലോബ് (രംഗവേദി) വെട്ടിപ്പൊളിക്കാനടുത്ത കോടാലി കൊടുക്കുന്ന സംവിധായകൻ: ഇതു സ്വർണ്ണത്താക്കോലാണ്. കൈവശം സൂക്ഷിക്കാം. ഇരുമ്പുഗോപുരവും രംഗത്തിന്റെ എല്ലാ കവാടങ്ങളും അണിയറയും ഇതുകൊണ്ടു തുറക്കാം. മലിനഹസ്തം എടുത്തു പെരുമാറിയാൽ ഇതു് ഇരുമ്പുതാക്കോലാകും. ഭാരംകൊണ്ടു് വീണുപോയെന്നുവരും. ഇഷ്ടംപോലെ താക്കോലിന്റെ രൂപം മാറ്റിപ്പണിയാം. അപ്പോൾ ഇതിലെ സ്വർണ്ണം അപഹരിക്കുന്നതെന്ന മാത്രം.

പൂർവ്വരംഗത്തിൽ ഈ താക്കോൽദാനവും ഉത്തരരംഗത്തിൽ ഇതിന്റെ അനന്തരഫലങ്ങളുമാണ് ചുരുൾ വിടുന്നതു്. അധികാരശക്തിയുടെ പ്രതീകമാണ് താക്കോൽ. യരുശലേം പ്രാകാരത്തിന്റെ സ്വർഗ്ഗഗോപുര കവാടത്തിലെത്തിക്കുമെന്നു് ബ്ലേക്ക് പറയുന്ന സ്വർണ്ണച്ചുരുടി

ലേതാണ് ഇതിലേയും സ്വർണ്ണം—പ്രകാശത്തിന്റെയും ജീവന്റെയും അനശ്വരതയുടേയും പ്രതീകം.

സർവാധികാരം സിദ്ധിച്ച മാനേജർ സ്വാർത്ഥൈകതൽപരനും സേച്ഛാധിപതിയുമായപ്പോൾ സ്വർണ്ണത്താക്കോൽ

വെന്നിവാസുപിള്ള

ഇരുമ്പുതാക്കോലായി മാറി. അയാളതു് അഴിച്ചുപണിഞ്ഞു് താക്കോൽക്കൂട്ടമാക്കി. അവയുപയോഗിച്ചു് ശാസ്ത്രസിദ്ധികൾ നേടി. ലോകരക്ഷയ്ക്കായി സംവിധായകൻ നിയമിച്ച ധാർമ്മികാശയങ്ങളേയും അക്ഷൂണ്ണത്തിലുൾപ്പെടുത്തിച്ച ദുഷ്പ്രഭുതത്തെയും ബന്ധിച്ചു നിർവീര്യമാക്കി. ത

ചിരസ്ഥായിയായ

ന്റെ സ്ഥിരമായ നിലനില്പിനു് ഇനി ഒന്നേ വേണ്ടൂ. തനിയ്ക്കെതിരെ ശബ്ദമുയർത്താൻ പോലും ശക്തിയില്ലാത്ത ഒരു തലമുറ. ജനിക്കാനിരിക്കുന്ന തലമുറയുടെ പ്രശ്നങ്ങൾ കാലഹരണപ്പെട്ട തലമുറയുടേതിനേക്കാൾ സങ്കീർണ്ണവും തനിക്കു ഭീഷണവുമായിരിക്കും. ജനിക്കാനിരിക്കുന്ന തലമുറ ജനിക്കാതിരിക്കാനും കാലഹരണപ്പെട്ട തലമുറ മരിക്കാതെ ജീവച്ഛവമായി തുടരാനും ശാസ്ത്രസഹായത്തോടെ ഏർപ്പാടുണ്ടാക്കി ഈ ചുറുചുറുക്കാണ് ഒരു ദിവസം മരിക്കുകയും അടുത്തതു പിറക്കുകയും (പാശ്ചാത്യസിദ്ധാന്തപ്രകാരം) ചെയ്യുന്ന പാതിരാസ്സൂര്യൻ പാലമരച്ചോട്ടിൽ മർത്ത്യനും ജന്യനും തമ്മിൽ സന്ധിക്കുന്നതു്. എങ്ങനെയെങ്കിലും ഒന്നു

സ്വർണ്ണത്താക്കോൽ (നാടകം) — ഓമല്ലൂർ ഗോപാലകൃഷ്ണൻ; വിതരണം— നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം — വില 3-00.

മരിച്ചുകിട്ടിയാൽ മതിയെന്നു് ദുഃഖിക്കുന്ന തലമുറയുടെ പ്രതീകമാണ് മർത്ത്യൻ. എങ്ങനെയെങ്കിലും ഒന്നു ജനിച്ചുകിട്ടാൻ വഴി നോക്കുന്ന തലമുറയുടെ പ്രതീകമാണ് ജന്യൻ. മർത്ത്യൻ മരിച്ചാൽ ജന്യനു ജനിക്കാം. അവർ അന്യോന്യം സഹായിക്കാൻ ഉടമ്പടി ചെയ്യുന്നു. മർത്ത്യൻകൊണ്ടുവന്നിട്ടുള്ള ശവപ്പെട്ടിയിൽ അയാൾ കയറുമ്പോൾ ജന്യൻ മൂടിവെച്ചു് ആണിയടിക്കുന്നു. മാനേജർ പ്രവേശിച്ചു് ഇതുനിരോധിക്കുമ്പോൾ ബഹളമുണ്ടാകുന്നു. അതു കേട്ടെത്തുന്ന സംവിധായകൻ മാനേജരുടെ ദുർഭരണം മനസ്സിലാക്കി താക്കോൽ തിരിച്ചുചോദിക്കുന്നു. ക്ഷോഭത്തോടെ മറുമാറി പിടിപ്പതിൽക്കവിഞ്ഞ വില കൊടുത്തിട്ടുണ്ടെന്നും വേണമെങ്കിൽ ജനിയെയാരു ബ്ലാങ്ക് ചെക്കു് കൊടുക്കാമെന്നും താൻ പറയുന്നപോലെ സംവിധായകൻ നടന്നുകൊള്ളണമെന്നും താക്കോൽ തന്റേതു മാത്രമാണെന്നും മദോന്മത്തനായി മാനേജർ ഗുണം ചെയ്യുമ്പോഴാണ് പള്ളിയുണർത്തൽകേട്ടു ജന്യൻ ഒരു പുതിയ പ്രചോദനത്തോടെ ഇരുവരെയും മോചിപ്പിച്ചു് സംവിധായകനെയുംകൂട്ടി $E = mc^2$ എന്ന മന്ത്രം ചൊല്ലിക്കുന്നതും താക്കോലുകളുടെ വിതരണഫലമായി ജന്യൻ E, സംവിധായകൻ = മാനേജർ m, മർത്ത്യൻ c^2 എന്ന ക്രമത്തിനു് താക്കോലുകളിൽനിന്നും പ്രേക്ഷകർക്കു് $E = mc^2$ എന്ന മന്ത്രത്തിന്റെ ഉപദേശം സിദ്ധിക്കുന്നതും.

ഇതോടെ റിഹേഴ്സൽ കഴിഞ്ഞെന്നും മേക്കപ്പു തുടങ്ങാമെന്നും ജന്യൻ അറിയിക്കുന്നു.

താക്കോലിന്റെ പരിണതിയായ $E = mc^2$ — ലെ E ഊർജ്ജം (Energy), m ദ്രവ്യം (mass), c^2 പ്രവേഗ (velocity) ത്തെ അതുകൊണ്ടു തന്നെ ഗുണിച്ചതു് — എന്നു് അർത്ഥം കുറിക്കുന്നു. ഇതു് ഐൻസ്റ്റീൻ തിയറിയാണ്. ഊർജ്ജമാണു് കർമ്മത്തിനാധാരം, കർമ്മശക്തിയാണ് എക്കാലത്തും ജീവിതത്തിന്റെ വെളിച്ചം

മിത്ത് സൃഷ്ടിക്കുന്ന സ്വർണ്ണത്താക്കോൽ

മ്പോൾ താക്കോൽക്കൂട്ടം നിലത്തുവീഴുന്നു.

ജന്യൻ അതെടുത്തു് (അപ്പോൾത്തന്നെ വീണ്ടും സ്വർണ്ണമായി, ഒരു താക്കോലൊഴിച്ചു്) മാനേജരെ സ്ഥാനഭ്രഷ്ടനാക്കുകയും അയാളെ ശവപ്പെട്ടിയിൽ നിറ്ത്തുകയും ആണിയടിക്കാൻ മർത്ത്യനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടു് ദുഷ്പ്രഭുവൊഴിച്ചുള്ള ബന്ധികളെ മോചിപ്പിക്കാൻപോകുന്നു. ആ തക്കത്തിൽ മാനേജർ മർത്ത്യനെ പാട്ടിലാക്കുന്നു. സമ്പാദ്യത്തിന്റെ അർദ്ധാംശം പറഞ്ഞുറപ്പിക്കുന്നു് ജന്യനെ കൊല്ലാൻ. തിരിച്ചുവന്ന ജന്യൻ ഇതു മനസ്സിലാക്കി മർത്ത്യനെ ഭർത്സിക്കുകയും അയാൾക്കു താക്കോൽക്കൂട്ടം നീട്ടുകയും ചെയ്യുന്നു. മർത്ത്യൻ തൊട്ടപ്പോൾത്തന്നെ അവ വീണ്ടും ഇരുമ്പായി. ഭാരംകൊണ്ടു വീഴുകയുംചെയ്തു. അവയെടുക്കാൻ മാനേജർ ഒരു അന്ത്യശ്രമം നടത്തിയതു വിഫലമായി. ജന്യൻതന്നെ എടുത്തു. സമ്പാദ്യരേഖകൾ ഭസ്മീകരിച്ചു. മർത്ത്യനു് മരണശിക്ഷ വിധിച്ചു് ശവപ്പെട്ടിയിൽ നില്ലാനും മാനേജരെ തുറുങ്കിൽ കിടക്കാനും നിയോഗിച്ചു.

ഊർജ്ജത്തിനു നാശമില്ല അതു കർമ്മയോഗ്യമാകുന്നതു് ചലനാത്മകതയിൽനിന്നാണ്. ആധുനികമനുഷ്യനെന്ന ദ്രവ്യത്തെ മരണപര്യന്തജീവിതത്തിന്റെ പ്രവേഗത്തിന്റെ ഖാതംകൊണ്ടു ഗുണിക്കുമ്പോൾ കിട്ടുന്ന ഊർജ്ജമാണ് ഇന്നിന്റെ നേട്ടം ഈ നേട്ടം പൂർവ്വകാലചിന്താസംസ്കാരങ്ങളിൽനിന്നു് ആർജ്ജിച്ചതുമാണ്. പക്ഷെ ഊർജ്ജപരിണാമം ഒരു നിരന്തരപ്രക്രിയയാകയാൽ ഗതകാലത്തിനോടു കടംതീർക്കേണ്ട ചുമതലയോ ഭാവിയ്ക്കു കരുതിവെക്കേണ്ട ബാദ്ധ്യതയോ ഇന്നിനില്ല എന്നാണ് ജന്യന്റെ മതം. എന്നാൽ ഊർജ്ജത്തിന്റെ സമരസപ്പെടുത്തലിലാണതാനും ജീവിതത്തിന്റെ സചേതന ആ സമരസപ്പെടുത്തലിന്റെ അംഗീകാരമാണ് $E = mc^2$ എന്ന സമവാക്യത്തിലെ = എന്ന ഘടനാപ്രതീകം. നിഷ്ക്രിയമായ സഹവർത്തിതത്തെക്കുറിക്കുന്ന ഇതു് സംവിധായകനു നല്കപ്പെട്ടതു് അർത്ഥവത്താകുന്നു. വൈരുദ്ധ്യങ്ങൾ നിറഞ്ഞ പ്രകൃതിയിൽ ഒരു

ആധുനിക കന്നടസാഹിത്യത്തിലെ അത്യുജ്ജ്വലങ്ങളെന്ന വിശേഷിപ്പിക്കാവുന്ന രണ്ടുകൃതികളാണ് യു ആർ അനന്തമൂർത്തിയുടെ "സംസ്കാര"വും ശ്രീകൃഷ്ണ ആലനഹള്ളിയുടെ "കാട്ടും". 1965-ൽ സംസ്കാര പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ അത് കന്നടസാഹിത്യത്തിലെ ഒരു പ്രധാനസംഭവമായിത്തന്നെ മാറി. കുറഞ്ഞൊരുകാലംകൊണ്ട് ആ നോവൽ "മോഡേൺ ക്ലാസ്സിക്" എന്ന ബഹുമതി കരസ്ഥമാക്കുകയും ചെയ്തു. ജീർണ്ണോന്മുഖമായ ഹിന്ദുമതത്തിന്റെ യഥാതഥവും നാടകീയവുമായ ചിത്രീകരണമായിരുന്നു "സംസ്കാര". ശ്രീകൃഷ്ണ ആലനഹള്ളിയുടെ "കാട്ട്" സംസ്കാരയോളം പ്രശസ്തിയും അംഗീകാരവും നേടിയില്ലെങ്കിലും കന്നടസാഹിത്യത്തിന്റെ വളർച്ചയിലെ ഒരു പ്രധാനനാഴികക്കല്ലാണ് ആ കൃതിയെന്നു നിസ്സംശയം പറയാം.

എട്ടുവയസ്സുമാത്രമുള്ള നിഷ്കളങ്കനും ചുണക്കുട്ടനുമായ കിറിയുടെ കണ്ണുകളിലൂടെ രാക്ഷസീയമായ ഈ ലോകത്തെ നോക്കിക്കാണുകയാണ് നോവലിസ്റ്റു ചെയ്യുന്നത്. സ്വന്തം അമ്മാമന്റെയും അമ്മായിയുടേയും കൂടെ താമസിച്ചു പഠിക്കുവാനാണ് കിറിയമ്മയേയും ബന്ധുക്കളേയും വിട്ട് ആ ഗ്രാമത്തിലേക്കു വന്നത്. ആദ്യമാദ്യം ഹൊസൂരിലുള്ള സ്കൂളിലേക്ക് അമ്മാമതന്നെ അവനെ കൂട്ടിക്കൊണ്ടുപോവുകയും വൈകുന്നേരം തിരിയെകൊണ്ടുവരികയും ചെയ്യുമായിരുന്നു. ഇപ്പോൾ അവൻ സുതീർത്ഥ്യയായ നാഗിയോടൊപ്പം സ്കൂളിൽപോയി വന്നുകൊള്ളും. അനേപ്ഷണകുതുകിയായ അവന്റെ കണ്ണുകൾ ആ ഗ്രാമത്തിന്റെ എല്ലാമുക്കിലും മൂലയിലും പരതിനടന്നു. മനുഷ്യന്റെ ഹിപ്പോക്രസിയും ക്രൂരതയും സ്വാർത്ഥതയും കണ്ട് അവൻ നടുങ്ങി. ആഭാസന്മാരും കാടന്മാരും രാക്ഷസന്മാരും മാത്രമടങ്ങിയതാണ് ഈ ലോകമെന്നു് അവനുതോന്നി. അവർ പരസ്പരം കടിച്ചുകീറുന്നു; പാവപ്പെട്ട മനുഷ്യന്റെ— യഥാർത്ഥമനുഷ്യന്റെ— രക്തംകുടിക്കുന്നു.

കിറിയുടെ ആഗമനം മക്കളില്ലാത്ത കമലമ്മയ്ക്ക് ഒരനുഗ്രഹമായിരുന്നു. അവർ അവന്റെ എല്ലാദുഃഖങ്ങളും മറന്നു. അവൻ കൊഞ്ചിക്കൊണ്ട് അമ്മായി എന്നു വിളിക്കുമ്പോൾ, ദേഹത്തിൽ ചാടിവീണു തുള്ളിക്കളിക്കുമ്പോൾ, അനുഭവപ്പെടുന്ന പുളകത്തിന്റെ സുഖം വർണ്ണനാതീതമാണ്. സ്വന്തം ഭർത്താവിനെ കാമുകിയുടെ പിടിയിൽനിന്നും മോചിപ്പിക്കുവാൻ വേണ്ടി

ആദർശവൽക്കരണവും അതിഭാവുകത്വവുമില്ലാത്ത ഒരു നോവൽ

—എം. ജി. കെ. നായർ

മന്ത്രവാദം നടത്തുന്ന നിഷ്കളങ്കയാണ് ആ സ്ത്രീ. ഭർത്താവിന്റെ സുഖവും ഐശ്വര്യവുമല്ലാതെ അവർക്കു മറ്റൊരു ലക്ഷ്യവുമില്ല.

അമ്മാമ നാട്ടിപ്രമാണിയാണെങ്കിലും, അയൽനബാഹ്യവായ അദ്ദേഹത്തെ ബഹുമാനിക്കാത്തവർ ചുരുങ്ങും. സ്കൂൾ വിട്ടുവരുന്ന തനിക്ക് പലഹാരം വാങ്ങിത്തരാറുള്ള അമ്മാമ നല്ലവരാണെന്നു ചിലപ്പോൾ കിറിക്കു തോന്നും. എന്നാൽ അമ്മായിയെ ചീത്ത പറഞ്ഞും അടിച്ചും 'പൊട്ട' ആളാക്കുന്ന അമ്മാമയെ അവനു മനസ്സിലാക്കാൻ സാധിച്ചില്ല. രാത്രിയായാൽ അ

സമീകരണനിയമമുണ്ടെന്നും" എമേഴ്സൺ പറഞ്ഞിട്ടുണ്ട്.

സ്വാർത്ഥനിരതമായ ഒരു സേച്ഛാധിപത്യത്തിന്റെ ഉദയാസ്തമയങ്ങളും സേവനാധിഷ്ഠിതമായ ഒരു നൂതനവ്യവസ്ഥിതിയുടെ ഉൽഘാടനവും ഈ നാടകത്തിൽ ചിത്രീകരിച്ചിരിക്കുന്നതിനും ദേശകാലാതീതസാംഗത്യമുണ്ട്. ആദിമധ്യാന്തരഹിതമായ മഹാകാലത്തിന്റെ ഭൂതഭവിഷ്യൽ ചലനങ്ങളെ വർത്തമാനനിമിഷത്തിലാവാഹിച്ചും ദർശനത്തിന്റെയും സയൻസിന്റെയും ആശയങ്ങൾ സമന്വയിച്ചും സൃഷ്ടിച്ചിരിക്കുന്ന ഇതിലെ മിത്ത് myth — ചിരസ്ഥായിയാകുന്നു. <>

മ്മാമ എവിടേയ്ക്കാണു പോകുന്നതെന്നും അവനു മനസ്സിലായില്ല.

അമ്പലത്തിലെ ശാന്തിക്കാരനും കാളിപ്പുലച്ചിക്കുംകൂടി "മുണ്ടും തുണിയും" ഇല്ലാതെ കിടക്കുന്നതിനു കുഴപ്പമില്ല. എന്നാൽ ഹീനജാതിക്കാരനായ സുബ്ബന്റെ സുന്ദരിയായ ഭാര്യ ദേവി യുവാവായ കെഞ്ചന്റെ വീട്ടിൽ പോയതിനു് കെഞ്ചനെ ശിക്ഷിക്കുന്നു! ദേവിയെ ചവുട്ടിപ്പുറത്താക്കുന്നു! 'കൊപ്പുല'യുടെ കേസുവിചാരണയിൽ ഹൊസൂരുകാരായ ശിവഗംഗന്റേയും പുട്ടസ്വാമിയുടേയും സാന്നിദ്ധ്യം കൊപ്പുലുകാർക്കു്—പ്രത്യേകിച്ചു ചന്ദ്രഗൗഡർക്കു്—തീരെ തൃപ്തിയുണ്ടാക്കിയില്ല. കൊപ്പുലുകാരുടെ മാനം ഹൊസൂർകാരുടെ മുമ്പിലേക്കു വലിച്ചിഴച്ചതു കെഞ്ചനാണു്. മര്യാദകേട്ട പറഞ്ഞതിനു് അമ്മാമ കെഞ്ചനെ ശരിക്കു പ്രഹരിച്ചു. അതിനു ശാന്തിക്കാരൻ കൂട്ടുനിൽക്കുന്നു! അയാൾ കാളിയുടെ കൂടെ കിടന്ന കാര്യം പറഞ്ഞതിനു് ചന്ദ്രഗൗഡർ കിറവിയെയാണു് പ്രഹരിച്ചതു്. അതേ കുറ്റത്തിനു് കെഞ്ചനേയും ദേവിയേയും വിചാരണചെയ്യുന്നു. കിറവിക്കു് ഈ ന്യായത്തിന്റെ പൊരുൾ ഒട്ടുമനസ്സിലായിട്ടില്ല. ഹൊസൂരുകാരുമായുള്ള വഴക്കിനു് അടിയേൽക്കേണ്ടിവന്നതു് പാവം കെഞ്ചനാണു്. മൂത്തശ്ശി പറഞ്ഞുകൊടുത്ത കഥയിലെ രാക്ഷസന്മാരെയാണു കിറവി കറുത്തിരിയിൽ കണ്ടുമുട്ടിയതു്. രാക്ഷസന്മാർ അടിപിടികൂട്ടുന്നു. ഇടിക്കുന്നു. എട്ടത്തെറിയുന്നു. ഉറക്കെ നിലവിളിക്കുന്നു. ഗർജ്ജിക്കുന്നു. ഇതെല്ലാം കിറവിയെ ഭയപ്പെടുത്തി.

ഹൊസൂർകാരായ ശിവഗംഗൻ ചന്ദ്രഗൗഡരുടെ പാടം മുഴുവൻ രീവച്ചു നശിപ്പിച്ചു. എത്രകരഞ്ഞാലും അഞ്ചുറുപ്പാ മുതാറി ഉണ്ടാകുമായിരുന്ന പാടം. ഗൗഡർക്കു സ്വന്തനിലയ്ക്കു പ്രയാസമൊന്നും വരില്ലെങ്കിലും അദ്ദേഹത്തിന്റെ വീടിനെ ആശ്രയിച്ചു കഴിയുന്ന പത്തിരുപതു് കുടുംബങ്ങൾക്കു് അരവയറും പാതിപ്പട്ടിണിയുമായി കഴിയാനായിരുന്നു വിധി. പാടത്തെ ചാരക്കുന്നുകൾ കിറവിയുടെ കൊച്ചു ഹൃദയത്തെപ്പോലും നൊമ്പരപ്പെടുത്തി.

ഹൊസൂരിലെ 'ഓകളി'ക്കു് കൊപ്പുലുകാർ 'ഹംഡേ' കെട്ടിയില്ലെന്നായിരുന്നു വിചാരിച്ചിരുന്നതു്. എന്നാൽ ഹൊസൂരുകാർ 'താംബൂലം' കൊടുത്തു് അപേക്ഷിച്ചപ്പോൾ ചന്ദ്രഗൗഡർ തന്നെ ദക്ഷിണസ്വീകരിച്ചു് ഓകളിക്കു പങ്കെടുക്കാമെന്നു സമ്മതിച്ചു.

ഓകളി രണ്ടുഗ്രാമങ്ങളെത്തമ്മിൽ യോജിപ്പിക്കുന്നതിനു പകരം അടികലശലുണ്ടാക്കാനാണു സഹായിച്ചതു്. ഓകളിയിൽ ഹൊസൂരുകാർ പരാജയപ്പെട്ടമെന്നായപ്പോൾ രംഗമാകെ മാറി. കളി കാര്യമായി. എല്ലാവരും രാക്ഷസന്മാരെപ്പോലെ തമ്മിലടി തുടങ്ങി. ഹൊസൂരിലെ ചെന്നൂരൻ ചന്ദ്രഗൗഡരുടെ ഇടത്തേതോളിൽ തുമ്പത്തു തകിടുകെട്ടിയ തന്റെ വാൾ കൊണ്ടു് മാംസം പറിഞ്ഞുപോകുന്നമട്ടിൽ കുത്തിക്കീറി ഒരു കുത്തുകൊടുത്തു. ഓകളിക്കളത്തിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ച ചെന്നൂരനെ കൊപ്പുലുകാർ ശരിക്കു കൈകാര്യം ചെയ്തു. എല്ലാവരുടേയും കൈകളിലും ദേഹങ്ങളിലും ചോര പൂരണ്ടിരിക്കുന്നു. താൻ രാക്ഷസന്മാരുടെ ലോകത്തിൽ വന്നുപെട്ടിരിക്കുകയാണെന്നു കിറവിക്കു തോന്നി. തോളിൽനിന്നും രക്തമൊഴുകുന്നുണ്ടായിരുന്നെങ്കിലും അതൊന്നും സാരമാക്കാതെ അമ്മാമ ഒരു ഭയങ്കരരാക്ഷസനായി മാറിയിരിക്കുകയാണെന്നു കിറവിക്കു ബോദ്ധ്യമായി. അവൻ ഭയന്നു വിറച്ചു.

ഹൊസൂരുകാർ കേസുകൊടുത്തു് അമ്മാമയേയും മറ്റും പോലീസിനെക്കൊണ്ടു പിടിപ്പിച്ചു. കിറവിയും അമ്മായിയും നാഗിയും അന്നു രാവുകന്നേരം തേവരുടെ അമ്പലത്തിൽ വിളക്കുവച്ചു പ്രാർത്ഥിക്കുവാൻ പോയി. കാരപ്പാന്തകൾക്കരികിലൂടെ തിരിഞ്ഞു നടക്കുമ്പോൾ മൂന്നുനാലാളുകൾ പെട്ടെന്നു മുമ്പിൽ ചാടിവീണു. കിറവിയേയും നാഗിയേയും അവർ മുഖംപൊത്തിപ്പിടിച്ചു ഞെരിച്ചുമർത്തി. അമ്മായിയെ അവർ വായപൊത്തിപ്പിടിച്ചു മരുപുറത്തിലേക്കു വലിച്ചിഴച്ചുകൊണ്ടുവന്നു. കരിയിലകളുടെ മീതെ തള്ളിമറിച്ചിട്ട ... കിറവിയുടെ കണ്ണുകളിൽ ചോര തളംകെട്ടി. അവ

---

1. കാട്ടു് (കന്നട നോവൽ) വില 4–50
By ശ്രീകൃഷ്ണ ആലനഹള്ളി
വിവർത്തനം എ. വി. എം. നാരായണൻ
പ്രസാധകർ: ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

രെല്ലാം രാക്ഷസന്മാർതന്നെയാണെന്നു് അവനു നല്ലതുപോലെ ബോദ്ധ്യമായി. അന്നു രാത്രി അവന്റെ പ്രിയപ്പെട്ട അമ്മായി ലോകത്തോടു യാത്രപറഞ്ഞു.

പെരുന്തച്ചൻതാൻ അനാഥനായതുപോലെ കിറവിക്കുതോന്നി. ഈ ലോകം രാക്ഷസന്മാരുടേതാണു്. ഇവിടെനിന്നും തനിക്കു രക്ഷപ്പെടണം. താൻ ഉപേക്ഷിച്ചുപോന്ന അമ്മയേയും മുത്തശ്ശിയേയും സുശീയേയും ചോറിയച്ചനേയും അവനോർത്തു. അമ്മയേയും മറ്റും പ്രതീക്ഷിച്ചു്, ഈ രാക്ഷസലോകത്തിൽനിന്നും രക്ഷപ്പെടുവനാഗ്രഹിച്ചു്. അവൻ വഴിവക്കിലേക്കു കണ്ണും നട്ടിരിക്കുമ്പോൾ നോവൽ അവസാനിക്കുന്നു.

അസാധാരണമായ ഒരനുഭൂതിയാണു് "കാടു്" വായനക്കാരനു പ്രദാനംചെയ്യുന്നതു്. കിറവിവെറുക്കുന്നതു് ഈ ലോകത്തെത്തന്നെയാണു്. സ്നേഹവും വാത്സല്യവും കൊതിക്കുന്ന അവനു് എവിടേയും ക്രൂരതയും പകയും വിദ്വേഷവും മാത്രമേ കാണാൻ കഴിയുന്നുള്ളു. ജീവിതംതന്നെ അവനു വ്യർത്ഥമായിട്ടനുഭവിക്കുന്നു. ജീവിതത്തെപ്പറ്റി ഒന്നുമറിയാത്ത നിഷ്കളങ്കനായ ഈ ബാലന്റെ കണ്ണുകളിൽക്കൂടി രാക്ഷസീയമായ ഈ ലോകത്തിന്റെ കാപട്യങ്ങളത്രയും അയത്നലളിതമായി നോവലിസ്റ്റു വരച്ചുകാട്ടിയിരിക്കുന്നു. ദേവിയും കമലമ്മയും നാഗിയും ചന്ദ്രഗൗഡരും എല്ലാം നമുക്കുചുറ്റും കാണുന്ന മനുഷ്യർതന്നെയാണു്. മൈസൂരിലെ ഗ്രാമത്തിലായാലും കേരളത്തിലെ ഓണംകേറാമൂലയിലായാലും പാശ്ചാത്യപരിഷ്കാരത്തിന്റെ മടിത്തട്ടിലായാലും മനുഷ്യർ ഒരേസ്വഭാവക്കാർതന്നെയാണു്.

അതിഭാവുകത്വവും കാല്പനികതയും ആദർശവല്ക്കരണവും കാടിന്റെ ചിത്രീകരണത്തിൽ ശ്രീകൃഷ്ണ ആലനഹള്ളി തീർത്തും നിരാകരിച്ചിരിക്കുന്നു. ഭൗതികാധിഷ്ഠിതവും യാന്ത്രികവുമാണു് ജീവിതത്തിന്റെ തത്പ്രേരണാസൂത്രമെന്നു് അദ്ദേഹം ഉൽഘോഷിക്കുന്നു; പ്രകൃതിയിൽ നടക്കുന്ന കാര്യങ്ങൾ കലാപാടവത്തോടെ യഥാതഥമായി ചിത്രീകരിക്കുകയും മനുഷ്യസ്വഭാവത്തെയും ലക്ഷ്യങ്ങളേയും പെരുമാറ്റരീതികളേയും അപഗ്രഥിച്ചു് അനുഭവൈകവേദ്യമാക്കുകയും ചെയ്യുന്നു. നോവലിസ്സു് കിറവിയുടെ ജിജ്ഞാസാഭരിതങ്ങളായ നേത്രങ്ങളിലൂടെ കാര്യങ്ങൾ നോക്കിക്കാണുകയും മനസ്സിലാക്കുകയും ചെയ്യുന്നതേയുള്ളൂ. മറ്റുള്ളവരുടെ പ്രവൃത്തികൾ ശരിയോ തെറ്റോ എന്നു വിധിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നില്ല. വ്യാജമായ ആദർശപരതയുടേയോ ഇല്ലാത്തിന്നകളുടെയോ അദൃശ്യമായ ശക്തികളുടേയോ പിമ്പേ അദ്ദേഹം പോകുന്നില്ല. പരിതഃസ്ഥിതികൾക്കും സാഹചര്യങ്ങൾക്കും അനുരോധമായിമാത്രമാണു് മനുഷ്യൻ പെരുമാറുന്നതെന്നു് അദ്ദേഹം തെളിയിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇരുപതാംനൂറാണ്ടിന്റെ ഇതിഹാസംതന്നെയാണു് 'കാടു്' എന്ന കൊച്ചുനോവൽ. ഈ കൃതി മലയാളത്തിലേക്കു വിവർത്തനംചെയ്ത എ. വി. എം. നാരായണനോടും പ്രസിദ്ധീകരണം ഏറ്റെടുത്ത ചിന്ത പബ്ലിഷേഴ്സിനോടും നാം കടപ്പെട്ടിരിക്കുന്നു.

—o—

യുഗസന്ധ്യയിൽ

(16 – ൽ നിന്നും തുടർച്ച)

തന്റെ മനസ്സിൽ സന്തോഷമില്ല! നിസ്സംഗതയുടെ കടുംനീറ്റംമാത്രം. വരണ്ടുണങ്ങിയ മൺതലത്തിനു് മുളിലൂടെ തനവു് ഉണ്ടാക്കാനാകാതെ ഒഴുകിനീങ്ങുന്ന ജലം. അല്പമെങ്കിലും ഈർപ്പമണിയാൻ—

എന്നായിരുന്ന തന്റെ മനസ്സിൽ വിരക്തിയുടെ ബീജം പതിഞ്ഞതു്? വ്യക്തമായി തിരിച്ചറിയാനാവുന്നില്ല. മകൾ ജനിച്ചതിനുശേഷമാണു് ജീവിതത്തോടുള്ള അഭിനിവേശം പതുക്കെ ഉൾവലിയുന്നതറിഞ്ഞതു്. അപ്പോഴേക്കും തിരുത്താനോ, തിരിച്ചെടുക്കാനോ ആവാത്ത അകലത്തിലെത്തിയിരുന്നു.

നടന്നെത്തിയദൂരം ഇനിയും പിന്തിരിഞ്ഞു് പിന്നിടാനാവില്ല. ഒരു പ്രവാഹം അതിന്റെ ആരംഭം കുറിച്ചിടുന്നു. ലക്ഷ്യബിന്ദുവിലേക്കു് കുതിക്കുന്ന തുള്ളിയെ ഏതു "ശക്തിക്കു" തടയാനാകും? എല്ലാറ്റിനുമേതോളം ആളിപ്പടർന്നേ ഒക്കൂ. ഇടക്കു് പതിക്കുന്ന വർഷമേഘത്തുള്ളികൾവരെ വാവിവരണ്ടു് പോകും. ജ്വാല ഉള്ളിൽ ശക്തിയോടെ തിളങ്ങും.

"നിനക്കെന്തു പറ്റി?"

അദ്ദേഹം പലയാവർത്തി ചോദിച്ചു. ചോദ്യങ്ങളെല്ലാം നിശ്ശബ്ദമായി ഏറ്റുവാങ്ങി. എനിക്ക് ഒരു ആരംഭം കിട്ടിയിരിക്കയാണു്. ഉത്തരം പറയാൻ നിന്നാൽ യാത്രമുടങ്ങിയെങ്കിലോ? മനസ്സു് തിരയുന്ന ഉത്തരം ആദ്യം കണ്ടെടുക്കട്ടെ. എന്റെ നിലനില്പാണിതു്. അതിനായുള്ള പ്രയാണം.

"നീയ് ചിരിക്കണ്ട. എന്നോടു് മിണ്ടണ്ട. പക്ഷെ നമ്മുടെ മോൾ, അവളോടു് നീതികാട്ടിക്കൂടെ?"

എന്നെ ഓമനിക്കാൻ എന്റെ അമ്മക്കും നേരമുണ്ടായിട്ടില്ല. ഉൾക്കളം നിറയെ ശിഥിലിത ചിന്തകളായിരുന്നു. എല്ലാമൊന്നു് കൂട്ടിയിണക്കിയെടുത്താൽ സച്ഛ്രുതയായി, തെളിമയാന്ന് സായാഹ്നംപോലെ അതുവരെ...

മുത്തശ്ശിയുടെ ഓർമ്മകളിലെ പഴയ വിഗ്രഹങ്ങളെക്കുറിച്ചു് കേട്ടാണു് താൻ വളന്നതു്. എന്തിനോ എല്ലാം മനസ്സിന്റെ കോണിൽ ഒതുക്കിയിട്ട ഏകാന്തതനിറഞ്ഞ സ്വന്തമുഹൂർത്തങ്ങളിൽ മന്ത്രം ഉരുക്കഴിക്കുന്ന ഏകാഗ്രതയോടെ എല്ലാം എടുത്തു് തിരിച്ചു് മറിച്ചു് നോക്കിയിരുന്ന. പലയാവർത്തി.

നിനക്കറിയാമോ, ചെയ്യാത്തതെറ്റിന്റെ പ്രായശ്ചിത്തത്തിനായിരുന്ന അവൾ സ്വയം ശിക്ഷവരിച്ചതു്.

— അതങ്ങനെയാണു് മുത്തശ്ശി, പ്രിയപ്പെട്ടവരുടെനേരെ ഏറ്റവിഴുന്ന വേദനയുടെ ആദിമധ്യാന്തം തിരയുന്നതിനേക്കാൾ ആ ഭാരം ഏറ്റെടുത്തു് ആശ്വാസം പകരാനാവും വ്യഗ്രത.

ശാപമോക്ഷം തേടി അലയുന്നൊരു ആത്മാവു് അതേ ആത്മാവിന്റെ മനോമ്പരംകണ്ടു് നില്ലാനാവാതെ തപസ്യയുടെ ചുഴിയിലൊളിച്ച യതി.

ഓർമ്മവക്കുമ്പോൾ ക്ഷേത്രത്തിൽ കൊടിമരമുണ്ടായിരുന്ന. പിന്നീടു് ഏതോ ശപിക്കപ്പെട്ട മുഹൂർത്തത്തിൽ കൊടിമരത്തിന്റെ അടിത്തറയിളകി. ചാഞ്ഞുനിന്ന കൊടിമരം താഴെയിറക്കി. അന്നു് ദേവന്റെ മുഖം മങ്ങിപ്പോയി.

ദേവന്റെ കോപിതമുഖംകണ്ടു് നാട്ടുകാർ ഭയന്ന. ശപിക്കാനെയരുന്നൊരു കൈകണ്ടു് പലരും ഉറക്കം ഞെട്ടി. പാപപരിഹാരത്തിനായി അവർ ഓടിനടന്ന.

അഷ്ടമംഗല്യപ്രശ്നം! ജപിച്ചൊറിഞ്ഞ പുഷ്പം വീണു് അണഞ്ഞ നിലവിളക്കിൽനിന്നു് കറുത്ത പുകയുയർന്ന. അപശകുനം. പ്രശ്നകാരൻ കഥപറഞ്ഞു—

തലമുറയ്ക്കു് മുമ്പുള്ള ശാപകഥ. ഒരു ബ്രാഹ്മണന്റെ തപസ്യയാൽ ശിലയിൽ രൂപംപൂണ്ട ദേവൻ. ഏകതാനതയോടെ നിഷ്ഠയോടെ അയാൾ ബിംബം പണിതീർത്തു മനസ്സിൽ തെളിഞ്ഞുനിന്ന രൂപം പകർത്തുകമാത്രമായിരുന്ന, സ്വയമറിയാതെ ഒരജ്ഞാതശക്തിയുടെ പ്രേരണയാൽ. ഒടുവിൽ മിഴിതുറക്കുമ്പോൾ, പുഞ്ചിരിക്കുന്ന രൂപം. കരിങ്കല്ലിൽ ഒരു കവിത. ജീവന്റെ സാക്ഷാത്കാരം! നരസിംഹമൂർത്തിയായിരുന്ന. പ്രഹ്ലാദനെ അനുഗ്രഹിക്കുന്ന ശാന്തരൂപം.

പിടഞ്ഞുണർന്നു് തൊഴുതു് നിൽക്കുമ്പോൾ. നേർത്തകാറ്റിന്റെ മന്ത്രണംപോലൊരു തേങ്ങൽ ഒരുനിമിഷം സംശയിച്ചു, സ്വന്തം മനസ്സാണോ? കൈകൂപ്പി നിശ്ചലയായി നിൽക്കുന്ന പെൺകുട്ടിയെ കണ്ടതു് പിന്നീടാണു്.

"നീ?"

യുഗചേതനമുഴുവൻ തുടിച്ചുനിൽക്കുന്ന മിഴികളിൽ ഏതോ അന്വേഷണത്തിന്റെ തിളക്കം.

"ഞാൻ..."

"പറയൂ."

"അങ്ങയെകാത്തു്."

"എന്നെ?"

"അതെ. അങ്ങയുടെ പിൻപേ ഞാനുണ്ടായിരുന്നു."

ബ്രാഹ്മണന്റെ, നിശ്ചലിതമായിരുന്ന മാനസം തുടിച്ചു പോയദിവസങ്ങളിലെ തപസ്യ ഉറയിച്ചിരുന്ന ദുഃഖം വീണ്ടും മനസ്സിലിരുന്നു് വിങ്ങി.

പിന്നീടു് പലപ്പോഴും കണ്ടു. തിളങ്ങുന്ന മിഴികളിലെ നിശ്ശബ്ദമായ അന്വേഷണം എറിയിടാൻ മാത്രം അല്പനേരം നിന്നിട്ടു്, ഉടയാത്ത മൗനവുമായി നടന്നകലുന്ന പരിപാവനത.

ഏതോ ഒരു അനിഷേധ്യനിമിഷത്തിൽ പെൺകുട്ടി, സ്വന്തം നാലുകെട്ടിലെ തടവുകാരിയായി. പൂജാരിയെ ചുറ്റിയുള്ള അവളുടെ മോഹം അപ്രാപ്യമായിരുന്ന. കിട്ടാത്തതിനെച്ചൊല്ലിയുള്ള നൊമ്പരം,

നാലുകെട്ടിലെ ഇരുളിലൊതുങ്ങി.

പൂജാരിയുടെ മനസ്സിൽ ആദ്യശിലയുടെ ശൈത്യവും കാഠിന്യവും അലിഞ്ഞൊഴുകി. അനാദിയായ ദുഃഖം. പ്രപഞ്ചത്തിന്റെ വേദന, എന്നത്തേയുംപോലെ. അതിൽനിന്നും ഊരിച്ചാടാൻ തീർത്തെടുത്ത സാലഭഞ്ജിക ഒരു വ്യർത്ഥകൃത്യത്തിന്റെ പ്രതീകമായി സാക്ഷാത്കാരമെന്നു് കരുതിയിരുന്ന ബിംബത്തെ. ഗൃഹത്തിൽ കൈത്തലമമർത്തി നോക്കിനിന്ന.

പ്രഭാപൂരം വിതറുന്ന പുഞ്ചിരി. കലശമാടി ചൈതന്യം വരുത്തിയതല്ല പൂജകൊണ്ടു് സ്വയം സംജാതമായ തേജസ്സാണു്. തപസ്യയുടെ ആ പൂർത്തീകരണത്തെ വിട്ടയാൾ നടന്ന കാലടികൾ പിന്നിട്ട വഴിത്താര അനന്തമായിരുന്ന. അന്വേഷണത്തിന്റെ, തുടരുന്ന നാളുകൾ.

ജടകുത്തിയ താടിയും മുടിയും, ചുറ്റും ചിതറിയ ഭ്രാന്തൻ കാറ്റ് പിടിച്ചു് പാറിച്ചു. അകലെയേതോ കൂറ്റൻ പർവ്വതതലപ്പിലേക്ക് തട്ടിക്കീറിയ പാദങ്ങളുമായി ഏത്തിപ്പെട്ട അയാൾ ഒരു പാറത്തുണ്ടിൽ തളർന്നിരുന്ന. നിഷ്ഠൂരമായ തപസ്സിലേക്ക് ഉണരുകയായിരുന്ന.

താഴ്വാരത്തിലേക്ക് പറന്നിറങ്ങിയ കാറ്റ് വൃക്ഷത്തലപ്പുകളോടു് സഹകാര്യം പറഞ്ഞു—

ഒരു യതി.

അതു് കേട്ടുണർന്ന പെൺകുട്ടി, നാലുകെട്ടിലെ തടവറ പൊളിച്ചോടിയെത്തിയ പെൺകുട്ടി ചോദിച്ചു—

എവിടെ?

ദാ, മലമുകളിൽ.

അവൾ യാത്ര തുടർന്ന. അവളിലെ സ്ത്രീത്വം യുവത്വത്തിന്റെ തുടിപ്പാർന്ന സ്വപ്നങ്ങളുപേക്ഷിച്ചു്, കാവിയും രുദ്രാക്ഷവുമണിഞ്ഞു് പടിയിറങ്ങിയതാണു്. അചുംബിതമായ ചുണ്ടുകൾ മന്ത്രാക്ഷരങ്ങളുടെ മാസ്മരികതയണിഞ്ഞു. അകലെയേതോ മലയോരത്തു് ഇടറിവീണ പാദച്ചിഹ്നങ്ങൾതേടി. നിഷ്കാമമായ തപസ്സിലേക്കു് വലിച്ചെറിയപ്പെട്ട സ്നേഹധനനെത്തേടി, ഒരു പ്രായശ്ചിത്തമെന്നവണ്ണം.

അവളുടെ ചുരുണ്ട മുടി കാട്ടുപെന്തകുളിൽ കുടുങ്ങി വലിഞ്ഞു. കാഠിന്യമറിയാത്ത കാൽപ്പടം പൊട്ടി, ചോരയൊഴുകി. അവൾ വേദനക്കപ്പുറമെത്തിയിരുന്ന.

നിശ്ചലനായി ധ്യാനിക്കുന്ന താപസന്റെ പാദങ്ങളിൽ അവൾ ശിരസ്നമിച്ചു. ഏതോ ഭംഗത്താൽ ഞെട്ടിയുണർന്ന ദ്രഷ്ടി വർയൻ കാൽക്കീഴിലെ രൂപത്തെ നോക്കിക്കണ്ടു. എല്ലാറ്റിനും അതീതമായ നിസ്സം

ഗതയോടെ, വിശ്വാസത്തിന്റെ പൂർണ്ണതയോടെ

കുട്ടി...

അവൾ മുഖമുയർത്തി. കണ്ണുനീരൊഴുകിനനഞ്ഞ മുഖത്തു്. അലച്ചിലിന്റെ, നൊമ്പരത്തിന്റെ രേഖകൾ.

"കഞ്ഞേ, നീ വരേണ്ടിയിരുന്നില്ല."

"ഞാൻ!"

"അതെ. നീ തിരിച്ചുപോകൂ. നിനക്കൊരു ജീവിതമുണ്ടു്."

"ഇല്ല. ഞാൻ പോകില്ല."

"നീ പോകണം."

"എന്തിനു്, മമിക്കാനോ?"

"അല്ല, മറിച്ചു് പലരേയും രക്ഷിക്കാൻ."

"എനിക്കു് മറ്റാരേയും രക്ഷിക്കാനില്ല."

"ഉണ്ടല്ലോ. നിന്റെ മനസ്സിന്റെ അഗാധതയിൽ, നീ അറിയാത്ത ആഴത്തിൽ ഒരു ലിഖിതമുണ്ടു്."

"ഇല്ല. അങ്ങനെയൊന്നില്ല."

"ഈ നിഷേധംതന്നെ ഉണ്ടെന്നതിനു് തെളിവാണു്."

"ആണെങ്കിൽ...?"

"അതാണു് നിന്റെ വിധി. മറ്റാരാനും തിരുത്തിക്കുറിക്കാൻ നിനക്കാവില്ല; നമുക്കും."

അവൾ ഞെട്ടി! യതിയുടെ മുഖത്തു് ഉറ്റുനോക്കി. യതി, പ്രപഞ്ചത്തിന്റെ കാണാത്തമേഘലകളിലേക്കു്, ശാന്തിതേടുന്ന മനസ്സിനെ തിരിച്ചുവിളിച്ചിരുന്നു. മിഴികളടച്ചു് ഇരിക്കുന്ന രൂപത്തിനു് ചുറ്റും തനിക്കറിയാത്തമായ ഒരു മെഴുക്കും കണ്ടു് അവൾ പിൻതിരിഞ്ഞു് നടന്നു.

അന്നു് ആ പെൺകുട്ടിയുടെ മനസ്സിലെന്തായിരുന്നു എന്നു് തനിക്കു് ഊഹിക്കാനാകും, തനിക്കുമാത്രം,

ഇന്നു് ജീവിതമാകെ ശബ്ദമുഖരിതമാണു്.പ്രഭാതത്തിലെ ഇളംവെയിൽപോലൊരു താളം, പ്രശാന്തതയുടെ. ഉള്ളിലെന്റെയുള്ളിൽ ഭയമുണ്ടു്. ഈ നേർമ്മപൊട്ടുന്നതെ, കണ്ണുന്ന വെയിലാകാമെന്ന സാദ്ധ്യത ആകാശത്തിന്റെ മടിത്തട്ടിൽ മയങ്ങുന്ന വെയിൽപ്പാളികൾ, യുഗങ്ങളിലെ കരുത്തോടെ പിടഞ്ഞുണരുന്ന മദ്ധ്യാഹ്നം അകലെയല്ലെന്ന തോന്നൽ.

സ്വസ്ഥതയുടെ അരികുകളിൽ, ഏതോ ശാപത്തിന്റെ പ്രതിധ്വനിയായി, കറുത്ത പ്രദോഷങ്ങളുടെ ചിറകടി.

എല്ലാമുണ്ടു്. എന്നിട്ടും കനത്ത ഏകാന്തതയിൽനിന്നൊരു കാലടിസ്വരം വകതിരിച്ചെടുക്കാൻ പണിപ്പെടുന്നു.

"നിന്നെക്കുറിച്ചു് മാത്രമാണെനിക്കു് പ്രതീക്ഷിക്കാനുള്ളതു്. മറ്റൊല്ലാം കൃത്യനിർവ്വഹണത്തിലെ യാന്ത്രികതകളാണു്."

"അരുതു്. ഈ സങ്കുചിതഭാവം. എനിക്കു് ഭയമാകുന്നു."

"ഭയം?"

"ഉം. ഞാനില്ലാത്തൊരു അവസ്ഥയിലും സ്വസ്ഥനാകാനുള്ള കരുത്തു് നേടണം."

"അതിന്റെ ആവശ്യമുണ്ടെങ്കിലല്ലേ,"

അചഞ്ചലമായ വിശ്വാസം കാണുമ്പോഴാണു് തളരുന്നതു് നിഷേധിക്കാതിരിക്കാനാവില്ലെന്നതും സത്യമാണു്.

ഒരു മേഘത്തുണ്ടു് ഉള്ളിൽ പാറിനടക്കുന്നു. ജന്മാന്തരങ്ങളിലൂടെ കടന്നെത്തിയ പാപം. ബ്രാഹ്മണന്റെ മോഹഭംഗത്തിൽ നിന്നുതിർന്ന ശാപം ഈറനണിഞ്ഞ ദുഃഖം.

ഒരു കറുത്തവാവിൻനാളിലായിരുന്നതന്റെ യാത്രയുടെ ആരംഭകുറി. അദ്ദേഹം തന്നിൽനിന്നു് അകന്നു് പൊയ്ക്കൊണ്ടിരിക്കുന്നതറിഞ്ഞപ്പോൾ ആശ്വാസമായിരുന്നു. തുടക്കത്തിൽ, ഒരു നിമിഷംതോടി തന്റെ ചുറ്റും കറങ്ങിനടന്നു.

— എനിക്കു് ഒരുനിമിഷം തന്നാൽമതി ഈ നിസ്സംഗത ഞാൻ തുടച്ചെറിയാം. നിന്നിലൊളിച്ചിരിക്കുന്ന പൊട്ടിച്ചിരി ഞാനുണർത്താം.

തന്നിലേക്കു് ഒതുങ്ങിക്കൂടാൻ ചിറകിട്ടടിച്ചിരുന്ന മനസ്സു്. സ്പന്ദനമറിയാത്ത ശിലയായിരുന്നതാനപ്പോൾ. ഏറെനേരത്തെ കാത്തുനില്പിനുശേഷം ശിലയുടെ മൈതൃം വിട്ടകലാൻ അദ്ദേഹം നിർബ്ബന്ധിതനായി താൻ സ്വതന്ത്രയാവുകയായിരുന്നു.

ഇതാണു് യാത്രാമുഖം, മുന്നിൽ വ്യക്തമായ പാതയുണ്ടു്, അകലെ അനന്തതയിൽ തെളിയുന്ന ലക്ഷ്യം.

ഇനി മടിച്ചാൽ, പിന്നെ ഒരിക്കലും വ്യക്തതകിട്ടില്ല. അവ്യക്തതയിൽ പാതകൾ പലയാവർത്തി ചിതറിക്കിടക്കും. ഒന്നു് തിരഞ്ഞെടുക്കാനുള്ള മനസാന്നിധ്യം നഷ്ടപ്പെട്ടിരിക്കും,

മിഴിയടച്ചു് ഓർമ്മിച്ചു—

ജനനനിമിഷത്തിൽ ചേതനയിൽ കോറിവീണ വിധി.

കാലുകൾ ചലിച്ചു, സ്വയമറിയാതെ.

പോകുമുൻപു് വെളുത്ത കടലാസിൽ എഴുതിവച്ചു—

ഞാൻ പോകുന്നു. നാം ഇനി കാണേണ്ടവരല്ല വിഷമിക്കുമെന്നറിയാം. പക്ഷെ, കരയരുതു്. പാതകളുടെ വ്യത്യസ്ഥതയിൽ, പാതയാൽ തുടർച്ച നഷ്ടപ്പെട്ടും, മകളുണ്ടല്ലോ കൂട്ടിനു്. അവളോടു് എന്നെക്കുറിച്ചു് പറയുമെങ്കിൽ, അതു് ചെയ്യാത്തതെറ്റിനു് പ്രായശ്ചിത്തം തേടിപ്പോയ ഒരാത്മാവിനെക്കുറിച്ചായാൽ മതി, ഇനിയും കാണുമെന്നു് കരുതരുതു്,

അകത്തു് ഉറങ്ങിക്കിടന്ന മകൾ അവളെ ഒരു നോക്കുകൂടി കാണണമെന്നു് തോന്നിയില്ല.

എന്നിട്ടും, തന്നെകാത്തു്, ഇവിടെ!

ഇടറുന്ന മുവടുകളോടെ ആ പാദത്തിൽ തളർന്നുവീണു.

"എന്നോടു് ക്ഷമിക്കൂ..."

"അരുതു്, ദേവീ. വിധ്വിധിതം കാട്ടരുതു്. നീ തിരിച്ചു് വന്നല്ലോ. എനിക്കു് അതുമതി. എഴുനേൽക്കൂ"

— എഴുനേൽക്കൂ! ഒരായുഷ്കാലങ്ങൾ തകരുന്ന ശബ്ദത്തിൽ ഒരായുഷ്കാലം.

ഞെട്ടിയുണരുമ്പോൾ, പഴയ നിസ്സബ്ദത. ഒരു ജന്മത്തിന്റെ മുഴുവൻ രീതരൂ. അപ്പോൾ കണ്ടതു്, കേട്ടതു്...

വേറും തറയിൽ അവർ കരഞ്ഞുകിടന്നു. ചുറ്റും ചിതറിയ നരച്ചമുടി. ഒലിച്ചുവീണ കണ്ണുനീർ മുഖത്തിനരികെ പടർന്നു.

അരുപതുകഴിഞ്ഞ സ്വാമിനിയമ്മ വിരൽത്തുമ്പുകൊണ്ടാ നീർക്കളം തറയിൽ പരത്തി രൂപങ്ങൾ നിർമ്മിച്ചു. ഇല്ലാത്ത, ഉണ്ടെന്നു് കരുതാൻപോന്ന രൂപങ്ങൾ; മനസ്സിന്റെ കോണിൽ ഒതുങ്ങിയിരിക്കുന്നൊരു കുട്ടിയെ അനുകരിച്ചു്. അവൾ ... ലക്ഷ്മി. തന്റെ മകൾ, ഒരേ ഒരു കുട്ടി. അവളിങ്ങനെയായിരുന്നു. തുടച്ചു് വൃത്തിയാക്കിയ തറയുടെ നനവിൽ രൂപങ്ങൾ സൃഷ്ടിച്ചു് പൊട്ടിച്ചിരിക്കും. കളി ചിരിമാത്രമേ അവൾക്കറിയൂ എന്നു് തോന്നിയിരുന്നു.

ഒടുവിലായി അദ്ദേഹം എഴുതി—

നീയാണു് അവളുടെ ദുഃഖം, അവളുടെ വിധി. എനിക്കൊന്നും ചെയ്യാനില്ലായിരുന്നു.

— പൊടുന്നനെ ഒരു ദിവസംമുതൽ തന്നോടൊപ്പം അമ്മയില്ലെന്നറിഞ്ഞ കുട്ടി. അവൾ എല്ലാം ഉള്ളിലൊതുക്കി. കളിയില്ല. ചിരിയില്ല. ശബ്ദമില്ലാത്ത ചിരി. കരയാത്ത ദുഃഖം. ഒതുങ്ങിയമട്ടു്. അച്ഛൻ കൊടുത്തതെല്ലാം നിശ്ശബ്ദമായി സ്വീകരിച്ചു. ഒന്നും ആവശ്യപ്പെട്ടു് വാങ്ങിയില്ല. കിട്ടാത്തതിനെച്ചൊല്ലി പരാതിയുമില്ല.

എല്ലാം വിട്ടിറങ്ങിപ്പോന്ന തന്റെ ഉൾക്കളം അന്നു് തികച്ചും നിസ്സംഗമായിരുന്ന പ്രിയപ്പെട്ടതെന്നു് മുൻപു് കരുതിയിരുന്നതെല്ലാം അകറ്റിനിർത്താൻ എളുപ്പം കഴിഞ്ഞു.

ഇന്നു് കണ്ടപ്പോൾ പരമേശ്വരൻ പറഞ്ഞു— അദ്ദേഹം തീരുമാനമായിരുന്നു, കൊച്ചമ്മ. കുഞ്ഞിനുവേണ്ടി ഒന്നും ചെയ്യാനില്ലായിരുന്നു. അതോടെ അദ്ദേഹം തളർന്നു.

എല്ലാം കേട്ടുനിന്നു. പൊട്ടിച്ചെറിഞ്ഞ വേരുകൾ അകലെയാണു്, പടരാനാവാത്തവിധം അകറ്റി തുടങ്ങി.

എന്നിട്ടും താനൊരു അവസാനശ്രമം നടത്തി. ഡിസ്ക്കേറിയ വാർഡിലെ, രോഗികളുടെ വിഷമതകളിൽ മുഴുകിയ ഡോക്ടറുടെ മുന്നിൽ ഒരു ഭിക്ഷാടകയെപ്പോലെ നിന്നു—

"ലക്ഷ്മി..."

"നിങ്ങൾ?" അപരിചിതത്വത്തിന്റെ സ്വരം.

"ഞാൻ ... ഞാൻ. നിന്റെ അമ്മ."

"അമ്മ!"

ഒരു നിമിഷം ആ മിഴികൾമാത്രം ഒന്നു് പിടഞ്ഞു. (അദ്ദേഹം എപ്പോഴും പുകഴ്ത്താറുള്ള തന്റെ മിഴികൾ...) അടുത്ത നിമിഷം പഴയ നിസ്സംഗത.

"ഞാനെന്റെ ജീവിതത്തോടു് ഇണങ്ങിക്കഴിഞ്ഞല്ലോ. അമ്മ പൊയ്ക്കൊള്ളൂ."

ഒന്നും ചോദിച്ചില്ല, ഒന്നും പറഞ്ഞില്ല. ഒരായുഷ്കാലമനുസരിക്കുംപോലെ തിരിച്ചു് പോന്നു. ഒന്നു് കാണാൻമാത്രമായിരുന്നു? അവൾ സുന്ദരിയാണു്. പക്ഷെ ... അച്ഛന്റെ വാചാലതമാത്രമില്ല...

"കൊച്ചമ്മാ."

അവർ പതുക്കെ ഉണർച്ചയിലേക്കുവന്നു.

"പരമേശ്വരാ."

"എന്തോ?"

"നീ എന്റെ മോളെ കണ്ടിട്ടുണ്ടോ?"

ഒരു രാഷ്ട്രം, ഒരു ജനത

അവർ ഒരുമിച്ച് പണിയെടുക്കുന്നു.



വ്യവസായത്തിൽ..

രമൺലാൽ മേത്ത ഇരുപതു വർഷംമുമ്പാണ് ഈ പെറിയ ബട്ടൻ ഫാക്ടറി ബാംഗ്ലൂരിൽ തുടങ്ങിയതു്. ഇപ്പോഴം അതു വളർന്നു വലുതായിട്ടുണ്ടു്; കൂടുതൽ ലാഭം; കൂടുതൽ സ്ത്രീ പുരുഷന്മാർക്കു് ജോലി;

കാരണം, അവർ ഒരുമിച്ചു പണിയെടുക്കുന്നു. ഗുജറാത്തിൽ നിന്നു വന്ന രമൺലാൽ കന്നഡ ഭാഷ പഠിച്ചു. അദ്ദേഹത്തിന്റെ മാനേജരും ഫോർമാനും സൂപ്പർവൈസറും ജോലിക്കാരും സ്വന്തം വീട്ടിൽ വ്യത്യസ്ത ഭാഷകളാണു് സംസാരിക്കുന്നതു്. പക്ഷെ, ഫാക്ടറിയിൽ അവർ ഒരു ഭാഷയാണു് സംസാരിക്കുന്നതു്—തൊഴിലിന്റെ ഭാഷ.

വ്യവസായത്തിൽ പ്രതിബന്ധങ്ങളില്ല.

പ്രതിബന്ധങ്ങൾപിറക്കുന്നതു് അലസന്മാരും സുകളിലാണു്. അവയെ മാറാൻ സഹായിക്കുക

"ക്ഞ്ഞു" വീട്ടിൽ വരാറുണ്ടു് കൊച്ചമ്മാ."

"ഓ! അവൾക്കുള്ള ഏകബന്ധു നീയാണല്ലോ."

"നിനക്കറിയാമോ പരമേശ്വരാ?"

കേൾവിക്കായി കാത്തുനിൽക്കുന്ന വിശ്വസ്ഥഭൃത്യൻ.

"ഇരുനാളും ഞാൻ അനേഷിക്കുകയായിരുന്നു."

"എന്തു"?"

"എന്റെ ജീവിതം."

അമ്പരന്ന മുഖം കണ്ടപ്പോൾ ചിരിക്കാൻതോന്നി, കരയാതിരിക്കാൻമാത്രം.

"അനേഷിച്ചനേഷിച്ചു" ഞാനളു" തപ്പിപ്പെട്ടത്തി."

"കൊച്ചമ്മാ!"

"ഇനി എനിക്കു" തിരയാൻ മനസ്സില്ല. ഒന്നും..."

അതെന്നല്ലാം, സ്വസ്ഥത നഷ്ടപ്പെട്ടത്തുമെന്നു" തോന്നിയതെല്ലാം അജ്ഞതയുടെ അടിത്തട്ടിൽ തള്ളുകയായിരുന്നു. അറിഞ്ഞിരുന്നാൽ, പിന്നിടാരുനാൾ കാർമ്മിക്കാൻ ഒന്നുണ്ടാവില്ലെന്നു" കരുതി. എന്നിട്ടു്?

അന്വേഷം ഇപ്പോൾ എവിടെയാവും? കൈവിട്ടുപോയ ശാന്തിതേടി അലയുന്നതെവിടെയാവും? നമുക്കാക്കും തിരിച്ചു" വരാനാവില്ലല്ലോ!

ഇവിടെ എത്തുംവരെ ഭയമായിരുന്നു, ഇരുനാൾകൊണ്ടു" രൂപപ്പെടുത്തിയെടുത്ത അപരിചിതത്വത്തിന്റെ തോടു" തകർന്നുപോയേക്കുമോയെന്നു" മി.പരമേശ്വരൻ വിശ്വസ്ഥനാണു". മമത പഴയതാണു". പഴയതിൽ അവശേഷിക്കുന്ന കണ്ണി. ദേശാടനത്തിനിടയിൽ പല സഹവത്തികൾക്കും താമസസൗകര്യത്തിനായി ഏല്പിക്കാറുണ്ടല്ലോ. താനെഴുതി—

പഴയവീടു" കാണണമെന്നൊരു മോഹം. ഞാൻ വരുന്നവിവരം മറാരും അറിയരുതു". യാത്രക്കിടയിൽ വന്നെത്തിയ ഒരു സന്യാസിനി എന്നു" കരുതിയാൽമതി.

അവൻ, അതേപടി അനുസരിച്ചു.

— ഈ മനസ്സിൽ മോഹങ്ങൾ ഏറെയില്ല.

താൻ മുന്നിലെത്തിയപ്പോൾ പരമേശ്വരൻ അമ്പരന്നുനിൽക്കുയായിരുന്നു,

"സുഖമല്ലേ പരമേശ്വരാ?"

"കൊച്ചമ്മാ... ഒരു അല്ല."

"മതി. അങ്ങനെതന്നെ ആവട്ടെ. ഇനിയെക്കായിട്ടു" ഇനി മാറാണ്ടു."

അവന്റെ അമ്പരപ്പു" മാറിയിരുന്നില്ല.

"കൊച്ചമ്മ വയസ്സറിയിക്കുന്നു."

"കൊള്ളാം. അറുപതു" വയസ്സിലു" പ്രായമാകാതെ പറയുമോ? പരമേശ്വരനും നരച്ചിരിക്കുന്നു."

—വർഷങ്ങൾ... വർഷങ്ങളെത്രയായി...!

പരമേശ്വരന്റെ മിഴികൾ നിറഞ്ഞൊഴുകി.

"എങ്ങനെ കണ്ണിനിന്നു മായാതിരുന്നു, ഇതു".

പെട്ടെന്നു", മനസ്സിന്റെ നിയന്ത്രണമെല്ലാം വിട്ടുപോയതുപോലെ, എല്ലാം നിസ്സാരമെന്നു കരുതിയതു തിരിച്ചെടുക്കാൻ കഴിഞ്ഞു. അതിന്റെ വേലയിൽ ചോദിച്ചു—

"ഞാനായിട്ടു" അളു" കെടുത്തിയതായും. അല്ലേ?"

അവൻ കൈവിട്ടുപോയ കണ്ടപ്പോൾ ചിരിക്കാൻ തോന്നി,

—ആക്കുറയില്ല, പരമേശ്വരാ. എനിക്കുമറിയില്ല. എല്ലാം മനസ്സിന്റെ കുഴപ്പമായിരുന്നോ? ഇന്നളു" ഇത്രയെത്തിയ ഞാനു" വ്യവച്ഛേദിച്ചറിയാനാവില്ലല്ലോ. ഒരു തോന്നലായിരുന്നു പ്രേരകശക്തി. കൈവിട്ടുപോയ ശാന്തിതന്നെ കാത്തിരിപ്പുണ്ടെന്നു തോന്നൽ. ഈ ഉൾപ്രേരണയുമായാണു". യാത്രയാരംഭിച്ചളു". എത്തിപ്പെട്ട ശാന്തിഭവനിൽ ഇരുനാളും തപസ്സിന്റെ ജ്വാലയിൽ ഉരുകുകയായിരുന്നു.

എന്നിട്ടു" താൻ കാംക്ഷിച്ച ശാന്തി ഏവിടെ?

ഈ എത്തിപ്പെടലിന്റെ ദിക്കോളം, ഈ ദിവസത്തെച്ചൊല്ലിയുള്ള വേവലാതിയുണ്ടായിരുന്നു.

ഒന്നും മറന്നില്ല. മറക്കാനാവില്ലെന്നും അറിഞ്ഞു.

ഗുരുജി പറഞ്ഞു—

പ്രതിഫലേച്ഛ കൂടാതെ കർമ്മം ചെയ്യാൽ മതി. അതിനപ്പുറത്തേക്കു" കടക്കരുതു". കാരണം, നാമെല്ലാം മനുഷ്യരാണു",

അതെ, എല്ലാറ്റിനുമപ്പുറത്തു താനെല്ലാം മനുഷ്യരാണു"!

—•—

മുഖാമുഖം

വി. ബി. സി നായർ

യാത്രകൾ പലപ്പോഴും പുതിയ അനുഭവങ്ങൾക്കും പുതിയ അറിവുകൾക്കും വഴിയൊരുക്കാറുണ്ട്. യാന്ത്രികമായി നീങ്ങുന്ന ദിവസങ്ങൾക്ക് പുതിയൊരു പരിവേഷം നല്കാനും ഇടയ്ക്കിടെയുള്ള യാത്രകൾ സഹായിക്കാറുണ്ട്. ഫെബ്രുവരി അത്തരത്തിലൊന്ന് സ്ഥിതിചെയ്യുന്നു പേരു് (നീലഗിരി. സാധാരണ ലോഡ്ജുകളിൽനിന്നും തികച്ചും വ്യത്യസ്തമാണിതു്. വൃദ്ധദമ്പതികൾക്കുള്ള ലോഡ്ജെന്നാണു് ഇതറിയപ്പെടുന്നതു് ഇൻഡ്യയിൽ ആദ്യമായിട്ടാണു് വൃദ്ധദമ്പതികൾക്കുള്ള ഒരു ലോഡ്ജു് സ്ഥാപിതമാകുന്നതു്. ദേവീക്ഷേത്രം അറാച്ചു് ചെയ്ത ഒരു ലോഡ്ജു് ലോകത്തിലാദ്യമാണു്. ഈ അത്ഭുതത്തിനു് ഭാവന നല്കിയതു് കേരളത്തിലെ സാഹിത്യകാരനായിരോടൊപ്പം സുപരിചിതനായ കെ. എൻ. രാമദാസു് വൈദ്യരാണു്. ദേവി റെസിഡൻസിൽ അറാച്ചു്ഡ് നീലഗിരി ലോഡ്ജിനെപ്പോലെ, വൃദ്ധദമ്പതികൾക്കുള്ള ആ സുഖവാസകേന്ദ്രത്തെപ്പോലെ മറ്റൊരു ആശ്ചര്യമാണു് രാമദാസു് വൈദ്യർ. ചിരിക്കാനും കരയാനും നമുക്കു് കഴിയും. സ്നേഹിക്കാനും വെറുക്കാനും നമ്മെ ആരും പഠിപ്പിക്കേണ്ടതില്ല, ചിരിച്ചുചിരിച്ചു കരയാനും, കരഞ്ഞുകരഞ്ഞു ചിരിക്കാനും നമുക്കുള്ള സിദ്ധി പ്രകീർത്തിക്കപ്പെട്ടിട്ടുള്ളതാണു്. സ്നേഹിച്ചുകൊണ്ടു് വെറുക്കുകയും വെറുത്തുവെറുത്തു് സ്നേഹിക്കുകയും ചെയ്യുകയെന്നതു് ചരിത്രപരമായ മനുഷ്യരുടെ കടമയെന്നപോലെ മാറിയിരിക്കുന്നു. പക്ഷേ, എന്നും സ്നേഹിക്കാനും എന്നും ചിരിക്കാനും കഴിയുന്ന ഒരു സുഹൃത്തിനെയേ ഞാൻ കണ്ടിട്ടുള്ളു അതു് രാമദാസു് വൈദ്യരാണു്. കേരളത്തിലാദ്യമായി വൈദ്യപ്യകഷണ്ടിമസരങ്ങൾ നടത്തിയ ആ ഭാവനാസമ്പന്നനെക്കുറിച്ചല്ല ഈ കുറിപ്പുകൾ.

വൃദ്ധദമ്പതികളേ ഇതിലേ ഇതിലേ ....

അവസാനവാരത്തിൽ മലബാർ ഭാഗങ്ങളിലുള്ള എന്റെ സഞ്ചാരം ജീവിതത്തിലെ അവിസ്മരണീയമായി നില്ക്കുന്ന ഒരനുഭവമായിത്തീർന്നു. ബാർ അറാച്ചു്ഡ്, ബാത്തു് അറാച്ചു്ഡ് എന്നൊക്കെ പറയാറുണ്ടു്. പക്ഷേ, ദേവി റെസിഡൻസിൽ അറാച്ചു്ഡ് എന്നു് കേൾക്കുന്നതു് നാം ജീവിതത്തിലാദ്യമായിരിക്കും. കോഴിക്കോട്ടു് റെയിൽവേസ്റ്റേഷനു തൊട്ടടുത്താണു് ഈ വൈദ്യരുടെ ഭാവന രൂപംനൽകിയ ലോഡ്ജിനെക്കുറിച്ചാണു്. വൈദ്യരെക്കുറിച്ചു് ഞാൻ വിശദമായി പിറകെ എഴുതുന്നുണ്ടു്.

1976 മെയ്മാസം 29നാണു് കോഴിക്കോട്ടു് നീലഗിരിലോഡ്ജു് ഉത്ഘാടനം ചെയ്യപ്പെട്ടതു് ആയിടക്കു് പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട പരസ്യംതന്നെ കേരളീയരുടെ മുഴുവൻശ്രദ്ധയുൾക്കൊണ്ടു. "ജീവിതാസ്വാ



കോഴിക്കോട്ടെ നീലഗിരി— ലോകത്തിലാദ്യത്തെ ദേവിറെസിഡൻസിൽ അറാച്ചു്ഡ് ലോഡ്ജു്

മനത്തിലെ "ആട്ടവും "താന"വും പൂർവ്വകാലസ്മൃതിയായി, കൊച്ചുകൊച്ചു കൗതുകങ്ങളായി തികട്ടിയെത്തുകയും, ബാല്യത്തിലേക്കു് സപ്പന്നത്തിന്റെ ചിറകുകളിൽ പറക്കുവാൻ കൊതിക്കുകയും ചെയ്യുന്ന വൃദ്ധദമ്പതികൾക്കു് ഒരു സുഖവാസകേന്ദ്രം" ഫൈവ്സ്റ്റാർ ഹോട്ടലുകളിൽ ജീവിതത്തിന്റെ വിശ്രമവേളകൾ തളച്ചിടുന്ന പലരുടേയും ശ്രദ്ധയുടെ മുഖങ്ങൾ ഈ പരസ്യവാചകങ്ങളിൽ പതിഞ്ഞതിനു. അതിനുകാരണമുണ്ടു് ഇവിടെയും പഞ്ചധാരാസംഗീതമുണ്ടു്. പക്ഷേ, ഗിരിശൃംഗങ്ങളെയുണർത്തുന്നതാണെന്നു മാത്രം. സ്വിമ്മിംഗ് പൂളുമുണ്ടു് ലക്ചറിയുടെ കോലാഹലമില്ലാത്തതാണതു്. ദേവീക്ഷേത്രത്താൽ പരിലാളിതമായ വൃദ്ധദമ്പതികൾക്കായുള്ള ഈ ലോഡ്ജിൽ കാബറേനർത്തനമുണ്ടെന്നറിയുമ്പോൾനിങ്ങൾ മുക്കുത്തുവിരൽ വച്ചുപോകും. ആ കാബറേ നർത്തകിയാരെന്നോ ആവ്യെഞ്ചിനകളയുന്ന നീലപ്പൂക്ക് ഇവിടെ പൂത്തോട്ടമുണ്ടു് പക്ഷേ, പുഷ്പങ്ങൾ നഗ്നദൃഷ്ടിക്കു് പ്രത്യക്ഷീഭവിക്കില്ല. കല്പുരിഗന്ധവാഹിയായ മന്ദമാരുതനലഞ്ഞുതിരിയുന്ന, ദീപാലങ്കാരങ്ങളും പൂജാവിധികളും മണിമുഴക്കങ്ങളും നിറഞ്ഞ വൃദ്ധദമ്പതികൾക്കുള്ള ലോഡ്ജിന്റെ ഉത്ഘാടനവേളയിൽ മലയാറ്റൂർ രാമകൃഷ്ണനയച്ച സന്ദേശമിങ്ങനെയായിരുന്നു." പ്രിയപ്പെട്ട രാമദാസ്വൈദ്യർ, ദയവായി 1996 ജൂൺ 15മുതൽ 26വരെ ഒരു നല്ലഏസിയും റിസർവ്ചെയ്യുക.വാടകക്കു ഡ്രാൻസായി രണ്ടുറുപ്പിക ഇതോടൊപ്പമയച്ചു—" വികെഎൻ-ന്റെ ആശംസ അതിനെയും കടത്തിവെട്ടുന്നതായിരുന്നു "ബഹുകേമം. ഫ്രിജിഡിയറിൽവച്ചമാതിരി. ക്ഷേത്രത്തിൽ ഭജനം ഫ്രീ. ഭക്തിയുടെ ലഹരി 86.6 ശതമാനം പ്രൂഫ്. കായകല്പചികിത്സയ്ക്കു് സമം" ആശംസാസന്ദേശങ്ങളുടെ കുന്നുകളിൽ ഒരിക്കലും വാടാത്ത പനിനീർപ്പൂക്കളുമുണ്ടു്. "വൃദ്ധദമ്പതികൾ എന്റെ കൈവശം സ്റ്റോക്കില്ല ഖേദിക്കുന്നു. എങ്കിലും ഒരുപദേശം മുറിക്കുള്ളിൽ നെരിപ്പോടും തീയും വേണം. കരിമ്പടവും കമ്പിളിപ്പുതപ്പും നിർബ

ന്ധം." "ഞാനും ഭാര്യയും ചെറുപ്പമായതിൽ ദുഃഖിക്കുന്നു"എന്നിങ്ങനെ ചിരിയുടേയും ചിന്തയുടേയും സുഗന്ധം വിതറിക്കിടക്കുന്ന ആ പനിനീർപ്പൂക്കൊട്ടകൾ.

വൃദ്ധദമ്പതികളുടെ ആവാസകേന്ദ്രമായ, ദേവി റെസിഡൻസ് അപ്പാർട്ട്മെന്റ് നീലഗിരി ലോഡ്ജ് ഞാൻ ഇക്കഴിഞ്ഞ ഫെബ്രുവരി 19-ാം തീയതി രാത്രി പതിനൊന്നു മണിക്കാണു് ആദ്യമായി കാണുന്നതു്. ലോഡ്ജിനു നടുവിലാണു് ദേവീക്ഷേത്രം സ്ഥിതിചെയ്യുന്നതു്. ക്ഷേത്രത്തിനു മുന്നിലുള്ള പൂൽത്തകിടിയിൽ മലർന്നകിടന്നു്, നീലനിലാവിനെ മുത്തിക്കുടിച്ചു് നിർവൃതിതേടിയപ്പോൾ ഇത്തരമൊന്നു് സങ്കല്പിക്കാൻതോന്നിയ രാമദാസ് ദൈവദ്യരോടു് എനിക്കു് ഒരിക്കലും തോന്നിയിട്ടില്ലാത്ത ബഹുമാനം തോന്നി. എന്നോടൊപ്പമുണ്ടായിരുന്ന ഒരു സുഹൃത്തു് അമ്പലത്തിലെ മണി ഉച്ചത്തിൽ മുഴക്കി. ആ മണിമുഴക്കത്തിൽ ആ ലോഡ്ജിനു് പുതിയൊരു പരിവേഷം ലഭിക്കുന്നതായി എനിക്കുതോന്നി. അറുപതിൽനിന്നു് ആറിലേക്കും, ആറിൽനിന്നു് അറുപതിലേക്കും എൻറെവയസ്സു് ഊഞ്ഞാലാടി.ഒരു വയോവൃദ്ധനായും ഒരു കൈക്കുഞ്ഞായും ആ പച്ചപ്പരവതാനിയിൽ ഞാൻകിടന്നുരുണ്ട വൃദ്ധദമ്പതികളേനിങ്ങളെത്ര ഭാഗ്യംചെയ്തവർ. രണ്ടുദിവസം ആ അത്ഭുതസുഖവാസകേന്ദ്രത്തിൽ ഞാൻ സചപ്പംകണ്ടുനടന്നു. പക്ഷേ വൃദ്ധദമ്പതികളെവിടെ? ഒരുപക്ഷേ എൻറെ പ്രായത്തിൻറെ താളപ്പിഴയാകുമോ? പ്രിയപ്പെട്ട ദൈവദ്യരേ,ഏതാനും മണിക്കൂറുകൾക്കുള്ളിൽത്തന്നെ വൃദ്ധദമ്പതികളാകാനുള്ള ഏതെങ്കിലും മായാലേഹ്യം ആര്യവൈദ്യവിലാസിനി വൈദ്യശാലയിൽനിന്നും എനിക്കും ഭാര്യക്കും അയച്ചുതരിക.

പ്രിയമുള്ള വായനക്കാരേ ലോകത്തിൽ മറെറവിടെയും ദേവീക്ഷേത്രമുള്ള ഒരു ലോഡ്ജ് കാണാനാവില്ല നിങ്ങളിനി കോഴിക്കോടു് സന്ദർശിക്കുമ്പോൾ ഈ വൃദ്ധദമ്പതികളുടെ സുഖവാസകേന്ദ്രത്തിൽ നാലഞ്ചുദിനമിട്ടെങ്കിലും ചിലവഴിക്കാൻ മറക്കരുതു്. ജീവിതത്തിലെ ഒരനുഭൂതിയും ഒരനുഭവവുമായിരിക്കുമതു്. നിങ്ങളുടെ പ്രായം ഒരു പ്രശ്നമല്ല. നീലഗിരി ലോഡ്ജിൻറെ കവാടം കടന്നുകഴിഞ്ഞാൽ നിങ്ങളുടെ മനസ്സു് പതിനാറിലെത്തുകയും, നിങ്ങളുടെ ശരീരം എഴുപതിലെത്തുകയും ചെയ്യും. ഇതെന്തു മായാജാലമെന്നു ചോദിച്ചാൽ, ആ ചോദ്യംതന്നെ ഞാൻ നിങ്ങളോടും ചോദിക്കും.

ബഷീറും, ഒ. വി. വിജയനും തടിക്കല്ലുവടക്കാർ!

നമ്മുടെ കലാശാലാവിദ്യാർത്ഥികളെക്കുറിച്ചു് മറിച്ചൊരു ചിന്ത ആവശ്യമാണെന്നു് ഇക്കഴിഞ്ഞയാഴ്ചയിലൊരുദിവസത്തെ അനുഭവം എന്നെ പ്രേരിപ്പിക്കുന്നു. മാർച്ചു് 16 നു വ്യാഴാഴ്ച വൈകിട്ടു് നാലുമണിക്കാണു് സംഭവം. ഞാനും ഒ. വി. വിജയനും കാക്കനാടൻറെ വീട്ടിലിരുന്നു. വെടിപറഞ്ഞു രസിക്കയായിരുന്നു. പെട്ടെന്നു് രണ്ടുകുട്ടികൾ കടന്നുവന്നു. കൊല്ലത്തെ ഒരു ആർട്ട്സ് കോളേജിലെ സാഹിത്യസമാജത്തിൻറെ പ്രധാന ഭാരവാഹികളായിരുന്ന അവർ, സമാജത്തിൻറെ സമാപനയോഗത്തിൽ പ്രസംഗിക്കാൻ ക്ഷണിക്കുകയായിരുന്നു അവർ.ഒരു ഖദർക്കയിന്ത്യൻയാത്രയുള്ളതുകൊണ്ടു് തനിക്കു് വരാൻകഴിയില്ല എന്നു് കാക്കനാടൻ തീർത്തുപറഞ്ഞു. വിജയൻ വൈകുന്നേരം മടങ്ങുകയാണെന്നറിഞ്ഞിട്ടും കാക്കനാടൻ തമാശയ്ക്കായി പറഞ്ഞു; "ഇതു് മിസ്റ്റർ ഒ. വി. വിജയൻ. നിങ്ങൾ ഇദ്ദേഹത്തെ ക്ഷണിച്ചു." വിദ്യാർത്ഥികൾ സാധാരണയിൽനിന്നും വ്യത്യസ്തമായ രൂപവും ഭാവവുമുള്ള വിജയനെ തുറിച്ചുനോക്കിനിന്നു. എന്നിട്ടു് കാക്കനാടനോടു ചോദിച്ചു; "കഥയോ ലേഖനമോ മറെറാ എഴുതുന്ന ആളാണോ?" വിജയൻ ചിരിച്ചുകൊണ്ടു പറഞ്ഞു; "തടിബിസിനസ്സാണു്." കാക്കനാടൻ കുട്ടികളോടു ചോദിച്ചു "നിങ്ങൾ ബിസിനസ്സുകാരെ പ്രസംഗിക്കാൻ ക്ഷണിക്കാറില്ലേ?" ബിരുദമെടുക്കാൻ തയ്യാറാവുന്ന, സാഹിത്യസമാജിന്റെ പ്രധാന ഭാരവാഹികളായ വിദ്യാർത്ഥികൾ തരപ്പിച്ചുപറഞ്ഞു "ഇല്ല." സരസത്തകഴിച്ചിട്ടു് കുട്ടികൾ മടങ്ങി. ഞങ്ങൾ ലോകത്തിലേറെറവും നല്ല ഫലിതത്തിനു് തിരികൊളുത്തിക്കൊണ്ടു് ആത്മലച്ചു ചിരിച്ചു. ആ ചിരിയുടെ അലകളടങ്ങുന്നതിനുമുമ്പു് അവർ വീണ്ടും വന്നു. ഇത്തവണ അവരുടെ ഇര ഞാനായിരുന്നു. "ഞങ്ങൾ നേരേ മലയാളനാടു് ഓഫീസിലേക്കു് പോകാനായി ഇറങ്ങിയതാണു്. അയൽവീട്ടിലെ ഒരാളാണു് മലയാളനാടിലെ വി. ബി. സി. നായർ താങ്കളാണെന്നു് പറഞ്ഞുതന്നതു്. താങ്കൾ തിരിച്ചുയും വരണം, ഞങ്ങളെ ഉപേക്ഷിക്കരുതു്." ഞാൻ അവരോടിങ്ങനെ അറിയിച്ചു "ഞാൻ അന്നു് സ്ഥലത്തുണ്ടാവില്ല. വൈക്കം മുഹമ്മദ് ബഷീറിൻറെ മകളുടെ കല്യാണമാണു്. നിങ്ങൾ മറെറാരെയെങ്കിലും കണ്ടുപിടിക്കു. നിഷ്കളങ്കമായി ചിരിച്ചുകൊണ്ടുനിന്ന വിജയൻ അജ്ഞതനടിച്ചുകൊണ്ടു് എന്നോടു ചോദിച്ചു, "വി. ബി. സി. ആരാണീ ബഷീർ." ഞാൻ മറുപടി നൽകി "അദ്ദേഹത്തിനും തടിബിസ്സിനസ്സുതന്നെ." കോളേജ് വിദ്യാർത്ഥികൾ മടങ്ങാനുള്ളഭാവമായി, വിജയൻ വിട്ടില്ല "നിങ്ങളുടെ സാഹിത്യസമാജം വാർഷികം കോഴിക്കോട്ടവച്ചു നടത്തിക്കുടേ? ഒരു പിക്നിക്കുപോലെ അങ്ങോട്ടു പോയാൽമതിയല്ലോ." തങ്ങൾപറഞ്ഞതിലെന്തോ പന്തികേടുണ്ടെന്നു മനസ്സിലാക്കി യാത്രപോലും ചോദിക്കാതെ അവർ സ്ഥലംവിട്ടു. വൈക്കം മുഹമ്മദ് ബഷീറും ഒ. വി. വിജയനും ആരാണെന്നറിയില്ലാത്ത വിദ്യാർത്ഥികൾ മലയാളഭാഷയിൽ ബിരുദങ്ങളെടുക്കുക! പ്രിയപ്പെട്ട വായനക്കാരെ നിങ്ങൾക്കുതു് ചിന്തിക്കാനാവുമോ? പാഠപുസ്തകങ്ങളിലെ തെറെറാശരിയും കാണാപ്പാഠംപഠിച്ചു് അതേപടി ചോദ്യമുനയൊടിച്ചു് ക്ലാസ്സുകളും റാങ്കുകളുംവാങ്ങി മുന്നോട്ടുപോകുന്ന നമ്മുടെ തലമുറ...എവിടെയാണു് തകരാറു് എന്താണിതിനൊരു പരിഹാരം? ▷<

കൈപ്പറ്റി

(1) നാടിനുചേർന്ന സാങ്കേതികവിദ്യ (ലേഖനങ്ങൾ) വില ക 10-00 (2) ശബ്ദം (ലേഖനങ്ങൾ) പി.ആർ. മാധവപ്പണിക്കർ വില ക 2-50 (3) ജനനനിയന്ത്രണം (ലേഖനങ്ങൾ)ഡോക്ടർ എൽ. ജയലക്ഷ്മി വില ക 4-00 (4) കഥമാവു് (ലേഖനങ്ങൾ) കെ. കെ. നാരായണൻ വില ക 6-00 കേരള ശാസ്ത്രസാഹിത്യപരിഷത്തു് പ്രസിദ്ധീകരിച്ചവ. <>

സിനിമ

മലയാളസിനിമയുടെ യാത്ര എങ്ങോട്ടാണെന്നു് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ആഴ്ചതോറും മൂന്നും നാലും ചിത്രങ്ങൾ പ്രദർശനത്തിനെത്തുന്നു. രണ്ടാഴ്ച പൂർത്തിയാക്കുന്ന ചിത്രങ്ങൾ പത്തിൽ കഷ്ടിച്ചു് ഒന്നോ രണ്ടോ ഉണ്ടാവും. സ്ഥിതി ഇങ്ങനെയിരിക്കയാണെങ്കിലും അണിയറയിൽ ഒരുങ്ങുന്ന ചിത്രങ്ങളുടെ എണ്ണത്തിൽ ഒരു കുറവും കാണുന്നില്ല. മുമ്പൊക്കെ ഒരു മലയാളചിത്രം റിലീസാകുന്നദിവസം ഒരുത്സവത്തിൻറെ പ്രതീതിയായിരുന്നു. കാണാനെത്തുന്ന

ആത്മാവിൻറെ നഗ്നതയും മാംസത്തിൻറെ നഗ്നതയും

— എം

വർക്കു് എന്തൊരാവേശമായിരുന്നു. ക്രമേണ ആ ആവേശം അസ്തമിച്ചുകൊണ്ടിരിക്കുന്നു. ഇതൊരു പുതിയ പ്രഭാതത്തിൻറെ വരവിനെ സൂചിപ്പിക്കുകയാണോ?

ആണെന്നു് ന്യായമായും സംശയിക്കാം, കാരണം രാജരാജേശ്വരി പ്രൊഡക്ഷൻസു് നിർമ്മിച്ചു ജയിക്കാനായു് ജനിച്ചവൻ എന്ന സ്റ്റണ്ടു്ചിത്രം ദയനീയമായി പരാജയപ്പെട്ടു. പത്തുദിവസം പ്രദർശനം പൂർത്തിയാക്കിയെങ്കിലും ആ പത്തുദിവസങ്ങളിലും തിയേറ്ററുകളിലെ കസാലകൾ മിക്കവാറും ഒഴിഞ്ഞുകിടക്കുകയായിരുന്നു. മലയാളത്തിലെ ആദ്യത്തെ "ലാവിഷ് പ്രൊഡക്ഷൻ" — നിർമ്മാതാവു് എതോ ഒരഭിമുഖസംഭാഷണത്തിൽ പറഞ്ഞതായി ഓർക്കുന്നു. ഞാൻ ചിത്രം ക

സ്ത്രീ എപ്പോഴും ദുഃഖമാണ്, വിഷാദമാണ്. ആ അമ്മയുടെ നെഞ്ചിലെ ചൂടുപറ്റിയാണ് പ്രപഞ്ചം ഉറങ്ങുന്നത് പ്രപഞ്ചത്തിന്റെ നാദവും താളവും അവളാണ്. അവളുടെ മിഴിയിണകളിലെ പ്രകാശമാണ് "സൃഷ്ടിയുടെ രഹസ്യം, അവൾ അമ്മയാണ്, കാമുകിയാണ്, ഭാര്യയാണ്. മകളാണ്.
അവളുടെ കഥയാണിവിടെ പറയുന്നത്.

ഈസ്റ്റർ പ്രമാണിച്ച് കേരളത്തിലെ പ്രമുഖ കേന്ദ്രങ്ങളിൽ

മാർച്ച് 25 ശനിയാഴ്ച മുതൽ

കഥ, സംഭാഷണം, ഗാനങ്ങൾ:
കാനം

സംഗീതം:
അർജ്ജുനൻ

വിതരണം:—
ഏയ്ഞ്ചൽഫിലിംസ് എറണാകുളം, കൊച്ചിൻ–682018.

ണ്ടില്ല പതിനാലു് ലക്ഷം മുടക്കിയെന്നാണു് പറയുന്നതു്. അതായിരിക്കുമോ ലാഭം? എന്ന വാക്കിന്റെയർത്ഥം. എന്തായാലും പതിനാലുലക്ഷക്കാരനെ, എത്തുകാട്ടിയും കാണികളെ ദ്രോഹിക്കാമെന്നു കരുതുന്ന ക്ഷുദ്രനസ്സുള്ള നിർമ്മാതാവിനെ കാണികൾ വെള്ളം കുടിപ്പിച്ചു കണ്ണീരു്. കാണികൾ കഴുതകൾ തന്നെയെന്നു് ആവർത്തിച്ചു പറയുകയും ആഭാസചിത്രങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന നിർമ്മാതാക്കളെ തുടരെ കണ്ണീരുകുടിപ്പിക്കുവാൻ കാഴ്ചക്കാർ തയ്യാറാകുമെങ്കിൽ എന്നാശിച്ചുപോകുന്നു.

∧

അവളുടെ രാവുകൾ എന്ന ചിത്രം എന്തുകൊണ്ടോ കാഴ്ചക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്ന സീമയെന്ന നടിയുടെ നഗ്നമായ തുടകൾ പോസ്റ്ററുകളിൽ നിറഞ്ഞുനില്ക്കുന്നതു് ഒരു കാരണമാകാം. ഒരു മാംസവിൽപ്പനക്കാരിയുടെ കഥയായതുകൊണ്ടാകാം എന്തായാലും അവളുടെ രാവുകൾ കാണാനാണു് വയോവൃദ്ധന്മാർപ്പെടെയുള്ള കാണികൾ പാഞ്ഞുപോകുന്നതു് വേശ്യകളുടെ ജീവിതചിത്രീകരണങ്ങൾ വളരെയധികം വെള്ളിത്തിരയിൽ വന്നിട്ടുണ്ടു്. പക്ഷേ ഒരുന്മാദത്തോടെ അവളുടെ രാവുകൾ കാണാൻ ജനം തയ്യാറാവുന്നതെന്തുകൊണ്ടു്. മദാലസയായ സീമയുടെ നഗ്നമേനിയുടെ മുഴുപ്പു് കാണാൻ എന്നുമാത്രമേ ഉത്തരമുള്ളു. പി എ ബക്കറിന്റെ "ചുവന്നവിത്തുകൾ" എന്ന ചിത്രവും ഒരു അഭിസാരികയുടെ തുടിക്കുന്ന ജീവിതചിത്രീകരണമാണു്. മലയാളത്തിൽ ഇത്ര കലാപരമായി ഭാവനാസമ്പന്നമായി ഒരു മാംസവില്പനക്കാരിയുടെ കഥപറയാൻ മറ്റൊരു ചലച്ചിത്രകാരനും കഴിഞ്ഞിട്ടില്ല. ചുവന്നവിത്തുകൾക്കു് അവളുടെ രാവുകൾക്കു് കിട്ടിയ സ്വീകരണം കിട്ടിയില്ല. കാരണമുണ്ടു്. അവളുടെ രാവുകൾ ഒരു നടിയുടെ നഗ്നമേനികാട്ടി പ്രേക്ഷകനെ മോഹിപ്പിക്കുകയാണു് വഞ്ചിക്കുകയാണു്. പി. എ. ബക്കറിന്റെ "ചുവന്നവിത്തുകൾ" ഒരു അഭിസാരികയുടെ നഗ്നമായ, മൂർച്ചയുള്ള കാട്ടിത്തരികയാണു്. ശശിയുടേതു് കുറ്റവും, ബക്കറിന്റേതു കലാ

∧

"കാഞ്ചനസീത"യ്ക്കുശേഷം ജനറൽ ചിത്രമേഴ്സ്. നിർമ്മിച്ച ചിത്രമാണു് തമ്പു്. പരീക്ഷണം എന്ന വാക്കു് ഇന്നു് "ജയിക്കാനായി" ജനിച്ചവൻ" എന്ന തട്ടുപൊളിപ്പൻ ചിത്രമെടുക്കുന്നവർവരെ ഉപയോഗിക്കുന്ന പദമാണു്. ചലച്ചിത്രത്തെ ശ്രദ്ധമായ കലയായി, ശക്തിയുള്ള ഏക ബഹുജനമാദ്ധ്യമമായി കണക്കാക്കുന്ന അരവിന്ദൻ രൂപപ്പെടുത്തിയ തമ്പു് നാളിതുവരെയുള്ള നമ്മുടെ ചലച്ചിത്രധാരണകളെ തിരുത്തിക്കുറിക്കുമെന്നു തീർത്തുപറയാം. സംവിധായകന്റെ കലയാണു് സിനിമയെന്നു് കുറേക്കാലമായി പുതുമയുള്ള ചിത്രങ്ങൾ നിർമ്മിച്ചു് പലരും പറയാറുണ്ടു്. പക്ഷേ ഉത്തരായണത്തിനും കാഞ്ചനസീതയ്ക്കുപോലും തീർത്തും അങ്ങിനെ അവകാശപ്പെടാനാവുമോ എന്ന സംശയമാണു്. മലയാളത്തിൽ ആദ്യമായി സംവിധായകന്റെ കലയാണു്, സിനിമ എന്നു തീർത്തുപറയാവുന്ന ഒരു ചിത്രമുണ്ടായിരിക്കുന്നു അതാണു് തമ്പു്. ആദിമദ്ധ്യാന്തമുള്ള ഒരു കഥയതിലില്ല. കൊച്ചുകൊച്ചു ദുഃഖങ്ങളുടേയും, കൊച്ചുകൊച്ചു സന്തോഷങ്ങളുടേയും കഥ തമ്പിന്റെ കഥയും തീക്കഥയും സംഭാഷണവും അരവിന്ദന്റേതാണു് സംഭാഷണം മുൻകൂട്ടി എഴുതിയതല്ല എന്നതാണു് വല്ലിയൊരു പ്രത്യേകത. ഷൂട്ടിംഗ് കാണാനെത്തിയതിൽപലരും ഇതിലെ അഭിനേതാക്കളാണു്. അഭിനേതാക്കളില്ലാത്ത ലോകത്തിലെ ആദ്യത്തെ ചിത്രം എന്നു വേണമെങ്കിൽ പറയാം. ഇതിൽ പ്രത്യക്ഷപ്പെടുന്നവർ ആരുംതന്നെ ഒരു നാടകസ്റ്റേജിൽപോലും മുഖം കാണിച്ചിട്ടുള്ളവരല്ല. കാവാലം നാരായണപ്പണിക്കർ, എം ജി. രാധാകൃഷ്ണൻ, ഷാജി, ദേവദാസു് തുടങ്ങിയവരാണു് അരവിന്ദന്റെ പിന്നിൽ. കാഞ്ചനസീത ഇന്ത്യൻസിനിമയിലെ എല്ലാ പാരമ്പര്യങ്ങളേയും സങ്കല്പങ്ങളേയും വിശ്വാസങ്ങളേയും കാറ്റിൽപ്പറത്തി ഒരു നടുക്കം സൃഷ്ടിച്ചുവെങ്കിൽ, തമ്പു് ലോകസിനിമയിൽത്തന്നെ ഒരു പുതിയ ശബ്ദം കേൾപ്പിക്കുമെന്നു് വിശ്വസിക്കുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

—o—